പുസ്തകം ൩.    ൧൧൦൦    ലക്കം ൧൧

# വിദൂഷകൻ




12

## വിഷയവിവരം


൧. പ്രസാധകക്കുറിപ്പുകൾ
൨. അന്തുമക്കാരന്റെ അർച്ചനഗാനം
൩. മാതാവെ കണ്ടിട്ടു
൪. ലക്ഷ്മണാന്തരം.
[കഥകളിനാടകം.]
൫. ഗാന്ധിഗാനം
൬. മാരന്തടെമഞ്ജരി
൭. കൊച്ചുറിനോട്ട്
[കിളിപ്പാട്ട്]
൮. ആശാന്റെആശാദാസം
൯. സിംഗപ്പൂർ
൧൦. അവുപാകോണത്തെകലാവിദ്യ
൧൧. ഉരായ ദൂര.
൧൨. മണിമരുത.
൧൩. ബഹുരസം.

## പ്രത്യേകവില്പന

"അദ്ധ്യാപകന്നു വിദ്വാനായ സഖി; വിദ്യാർത്ഥികൾക്കു പണ്ഡിതനായ ഗുരു; കവിക്കും ലേഖകന്നും ഉപകരണപൂർണ്ണമായ സാഹിത്യപേടകം, അക്ഷരാഭ്യാസമുള്ള മലയാളികൾക്കാകമാനം വിശേഷവിധിയായൊരു വിജ്ഞാനമഹാപാഠശാല"

എന്നിങ്ങനെ വിദ്വജ്ജനങ്ങളാൽ സംവദിക്കപ്പെട്ടിരിക്കുന്നതും, സകല സംസ്കൃതവാക്കുകളും അകാരാദിമുറയ്ക്കു ചേർത്തു അവയെല്ലാംപർയ്യായമലയാള അർത്ഥവിവരണവും പര്യായപദങ്ങളുംകൊണ്ടു വിശിഷ്ടരീതിയിൽ ക്രമപ്പെടുത്തപ്പെട്ടതും പതിനഞ്ചു രൂപാ വിലകൊടുക്കേണ്ടതായ ഒരു ബൃഹദ്ഗ്രന്ഥശബ്ദകോശത്തിന്റെ ഉപയോഗം തികച്ചും സാധിച്ചുതരുന്നതും ഒതുക്കവും വെടിപ്പുംകൊണ്ടു എപ്പോഴും കൂടെ കൊണ്ടുനടക്കാവുന്നതും,

ഒന്നര ബ്രി. ക. വിലയ്ക്കു ഇന്നലെവരെ എണ്ണായിരംപരം പ്രതികൾ വിററിരിക്കുന്നതുമായ

## ശബ്ദമുക്താവലി

മലയാളകീശാന്റിഘണ്ടു

ബാക്കിയുള്ള ഏതാനും പ്രതികൾ ഇതാ ഇന്നുമുതൽ ഒറ്റപ്രതിക്കു

ഒരു ബ്രി. ക. മാത്രം.

ഇൻഡ്യയ്ക്കു പുറമെ വീ. പി. ഏർപ്പാടില്ലാത്തതിനാൽ വില മുൻകൂറയയ്ക്കണം.

മാനേജർ,
(സർ) രവീന്ദ്രനാഥടാഗോർസ്മാരകഗ്രന്ഥശാല,
കാർത്തികപ്പള്ളി; പോസ്റ്റ് ഹരിപ്പാട്.
തിരുവിതാംകൂർ.

---

ഡാക്ടർ എം. എൻ. പിള്ളയുടെ

## ബി. & എസ്സ് സൊല്യൂഷൻ.

നിങ്ങൾക്കു ശരീരത്തിനു ശക്തിയും ബുദ്ധിക്കു ഉന്മേഷവും പ്രവർത്തിക്കു തന്റേടവും ശരീരത്തിനും തലച്ചോറിനും ആരോഗ്യവും പ്രത്യേകിച്ചു വിദ്യാർത്ഥികൾക്കു ഓർമ്മശക്തിയും ആവശ്യമുണ്ടെങ്കിൽ

ബി. ആന്റ്. എസ്സ്. സൊല്യൂഷൻ സേവിക്കുക.

ചെറുപ്പക്കാർക്കുണ്ടാകാറുള്ള ഇന്ദ്രിയസ്ഖലനത്തിനു ഇതു ഒരു കൈകണ്ട ഔഷധമാണ്.

ഒരുമാസത്തേക്കുള്ള കുപ്പി ൧-ന രൂപാ ൨.

ചെറിയ കുപ്പിക്കു രൂപാ ൧.

മസൂരിയെ തടയുന്നതിനുള്ള സിദ്ധൌഷധം രൂ. ൧.

മസൂരിരോഗത്തിനുള്ള സിദ്ധൌഷധം രൂ ൧

ഡാക്ടർ എം. എൻ. പിള്ള,
എൽ. എം. എസ. (ഹോമിയോ)
തിരുവനന്തപുരം.

## ഏതുരോഗവും

ഭേദമാക്കാം, മരുന്നുകൂടാതെ

ക്ഷയം, പ്രമേഹം, കുഷ്ഠം മുതലായ പല ദീർഘവ്യാധികൾ നശിപ്പിച്ചു സുഖമാക്കിയ ശ്രീമാൻ കെ. രാമവാര്യർ അവർകൾ B. A. B. L. (പോലീസ് ഇൻസ്പെക്ടർ) ലളിതമായ ഭാഷയിൽ എഴുതിയിട്ടുള്ള "പ്രകൃതിചികിത്സാസംഗ്രഹം" വായിക്കുക; മഹാരോഗികൾക്കുകൂടി പൂർണ്ണമായ ആരോഗ്യം സമ്പാദിക്കാം. ഡാക്ടറന്മാരുടെ പിറകെ നടന്നലയേണ്ട; പണവും ചെലവാക്കേണ്ട. ക്യൂനി. ഡാക്ടർ ഈ പണ്ഡിതന്മാരുടെ സിദ്ധാന്തങ്ങളും സ്വാനുഭവസഹിതം വിവരിച്ചിരിക്കുന്ന പ്രസ്തുതഗ്രന്ഥത്തിന്

വില ൧൨ അണ.

വിലപട്ടത്തു കൃഷ്ണൻ നമ്പ്യാർ.
തിരൂർ

---

൧൦൦൧-ദിവസം പകൽ പറഞ്ഞ

## പാരസീകകഥകൾ

ആപാദചൂഡം അതിവിനോദകരമായ

ഒരുപുതിയകഥാരത്നമാല.

വിലമതിക്കാൻ പാടില്ലാത്ത വിജ്ഞേതരങ്ങളും ശൃംഗാരാത്ഭുതഭ്രമിയിഷ്ടങ്ങളായ ഓരോ വിനോദ കഥകളും വായിക്കുമ്പോൾ അടുത്ത കഥയിൽ ആഗ്രഹം ജനിക്കാത്ത മനുഷ്യർ ഉണ്ടാവുകയില്ല; സർവോപരി എല്ലാരസങ്ങളും നിറഞ്ഞ ഇതിലെ ഓരോ കഥകളുടേയും കല്പനാവൈചിത്ര്യം അത്യന്തം ആശ്ചര്യകരമാണ്. കഥാഘടനയിൽ പരമരസികന്മാരായ പാരസീകവിദ്വന്മണികളുടെ അന്യാദൃശമായ മനോധർമ്മം ഇതിനു മുമ്പു മലയാളികൾക്കു അനുഭവിക്കാൻ സംഗതിയാകാഞ്ഞതു നിർഭാഗ്യത്തിലും മഹാ നിർഭാഗ്യമായിപ്പോയെന്നു യാതൊരു സാഹിത്യരസികനും തലകുലുക്കിസമ്മതിക്കും. കഥ വായിക്കുന്നതു അറിവും രസവും ഉണ്ടാകുന്നതിനാണെന്നു സമ്മതിക്കുന്നവർ ആരും ഈ പുസ്തകം വായിക്കാൻ തുടങ്ങിയാൽ അഞ്ഞൂറുപേജുള്ള മുഴുവൻ പുസ്തകവും വായിക്കാതെനിലത്തുവയ്ക്കുകയില്ല. പ്രശംസനാവൈചിത്ര്യങ്ങളും നൈസർഗ്ഗികമായ സംഭാഷണമാധുരികളും മററുംകൊണ്ടു ലോകോത്തരമാഹാത്മ്യത്തോടുകൂടിയ

ഈ പുസ്തകം ഒന്നുക്കു വില രൂ. ൧ അണ ൧൨.

എസ്. റി. റൈട്ടർ ആൻഡ് സൺസ്,
വി. വി. പ്രസ്സ്—കൊല്ലം.

—o—

# വിദൂഷകൻ.

# THE MALABAR PUNCH.

പുസ്തകം ൩ } ൧൧൦൦. { ലക്കം ൧൧

## പ്രസാധകക്കുറിപ്പുകൾ

### "സവർണ്ണജാഥാ"

മഹാമനസ്കതയ്ക്കും പരോപകാരതല്പരതയ്ക്കും നായർസമുദായത്തെപ്പോലെ കീർത്തിപ്പെട്ട ഒരു സമുദായം ഈ ഈരേഴു പതിന്നാലുലോകങ്ങളിലുമില്ലെന്നു തീർച്ചതന്നെ. അധഃകൃതോന്നമനത്തിനും ദീനജനോദ്ധാരണത്തിനും ഈ സമുദായത്തിലെ പ്രമാണികളോളം അത്യുത്സാഹികളും അശ്രാന്തപരിശ്രമികളുമായി അവതാരപുരുഷന്മാരെപ്പോലെ നിഷ്കളങ്കമായും നിസ്വാർത്ഥമായും വേലചെയ്യുന്നവരായി ഈ ഭൂലോകത്തിലാരുണ്ടു്? കേവലം സഞ്ചാരസ്വാതന്ത്ര്യത്തിനും ക്ഷേത്രപ്രവേശനത്തിനും മാത്രമല്ല, മിശ്രഭോജനത്തിനും മിശ്രവിവാഹത്തിനും മിശ്രവഴിക്കുള്ള ജാതിസംഹാരത്തിനും മാത്രവുമല്ല, സർവ്വത്ര സമത്വവും സ്വാതന്ത്ര്യവും സാഹോദര്യവും സ്ഥാപിക്കുവാൻ തിരുവിതാംകൂറിൽ ഇന്നു മുന്നണിയിൽനിന്നു പടവെട്ടുന്ന യുദ്ധവീരന്മാരിൽ അഗ്രഗണ്യന്മാർ നായർ നായകന്മാരത്രെ. ഈ ധീരവീരപരാക്രമത്രിവിക്രമന്മാർ വിചാരിച്ചാൽ അടച്ചകണ്ണു തുറക്കുംമുമ്പു തിരുവിതാംകൂറൊട്ടുക്കു ഒരു ഭൂകമ്പമുണ്ടാക്കുന്നതിനുപോലും യാതൊരു പ്രയാസവുമില്ല. ഒരു ഭൂകമ്പത്തിലും കവിഞ്ഞ മഹാകമ്പമുണ്ടാക്കി നാടൊട്ടുക്കു ഇളക്കിമറിച്ച സവർണ്ണജാഥാപ്രക്ഷോഭണം തന്നെ എന്താണു വിളിച്ചുപറയുന്നതു്? ഈ രാജ്യത്തിന്റെ മുക്കിലും മൂലയിലുംനിന്നുപോലും എത്ര സഹസ്രം വീരപുരുഷന്മാരെ വേണമെങ്കിലും കപ്പിണികപ്പിണിയായി ഒരു നിമിഷത്തിനുള്ളിൽ തലസ്ഥാനത്തേക്കു 'മാർച്ചു' ചെയ്യിക്കുവാൻതക്ക അനന്യസാമാന്യമായ ആജ്ഞാശക്തിയും അസാധാരണമായ കർമ്മകുശലതയുമുള്ള മഹാരഥന്മാർ ഈ മഹാസമുദായത്തിലല്ലാതെ മറ്റെവിടെയുണ്ടു്? പക്ഷേ, സ്വാതന്ത്ര്യസിദ്ധമായ നിയമബഹുമാനംകൊണ്ടായാലും യഥാർത്ഥമായ മഹാരാജഭക്തികൊണ്ടായാലും കാലദേശാവസ്ഥകളെ ചിന്തിച്ചിട്ടായാലും എന്തുകൊണ്ടായാലും ശരി, രാജധാനി പിടിച്ചടക്കുവാനോ ഗവർമ്മെന്റിനെ അടിപ്പെടുത്തുവാനോ മറ്റോ പഴയ വേലുത്തമ്പിപ്രമുഖന്മാരെപ്പോലെ നമ്മുടെ സവർണ്ണജാഥാപട്ടാളക്കാർ ഉദ്യമിക്കാഞ്ഞതു ഇരുപക്ഷക്കാരുടെയും ബുദ്ധിസാമർത്ഥ്യത്താലും ഭാഗ്യവിശേഷത്താലുമാണെന്നാണു വിചാരിക്കേണ്ടതു്. എന്നിരുന്നാലും, സാക്ഷാൽ സർവീസ്സു സൊസൈററിയുടെ ലഫ്ടെനന്റു ഗവർണ്ണരും സർവ്വസമ്മതപ്രകാരം സർവ്വസൈന്യാധിപനായി പെരുന്തൃക്കോവിലപ്പന്റെ തിരുമുമ്പിൽ വച്ചഭിഷേകം ചെയ്യപ്പെട്ട ജാഥാക്കമാന്റിങ്ങ് ആഫീസ്സരുമായ പ്രസിദ്ധ സമുദായസേവകശ്രീ കമ്മാൻഡർ മന്നത്താൻ അവർകളിലും ആ പടത്തലവന്റെ സൈന്യസഹസ്രങ്ങളിലും ഗുപ്തമായിരുന്ന ആ 'അതിഭുജവിക്രമധിക്കൃതശക്രപരാക്രമം' മഹാകവിവർണ്ണനീയവും തങ്കലിപിലേഖനീയവുമാണെന്നുള്ളതിൽ സന്ദേഹിപ്പാനെന്തുള്ളു? തിരുവിതാംകൂറിലെ സമസ്തതാലൂക്കുകളിലും വസ്തുവും കരമൊടുക്കുമുള്ള മഹാകുബേരന്മാർ തുടങ്ങി ഇങ്ങേ അ



രാജരാജേശ്വരി വഞ്ചിസംവർദ്ധിനി തിരുവിതാംകൂർ മഹാറാണിറീജന്റ് തിരുമനസ്സിലെ തിരുമുമ്പാകെച്ചെന്നു മുഖം കാണിക്കുവാനും തിരുമുഖത്തുനിന്നും സഞ്ചാരസ്വാതന്ത്ര്യാനുവാദകല്പന കിട്ടുമെങ്കിൽ വാങ്ങുവാനും മററുമായി സവർണ്ണജാതാപ്പട്ടാളക്കാർ സർവ്വസൈന്യാധിപനാൽ തലസ്ഥാനത്തേക്കു്

ആനയിക്കപ്പെടുന്നതു്.

ററം ഇടിയന്മാർ, റിക്ഷാവാലന്മാർ മുതലായവരിൽപ്പെട്ട കൂലിവേലന്മാർ വരെയുള്ള സകല സാമൂഹ്യവിഭാഗങ്ങളേയും എത്രയോ ശ്രേഷ്ഠതയിലും ഔചിത്യത്തിലും പ്രതിനിധീകരിച്ചുകൊണ്ടുള്ള ഒരു 'പീതാംബരപ്പട്ടാള'ത്തിന്റെ രൂപീകരണത്തിന് ഇന്ന ചങ്ങനാശ്ശേരി മന്ദപ്രവൃത്തികളെക്കൊണ്ടല്ലാതെ മറെറാരു ഭൃത്യരെക്കൊണ്ടും സാധ്യമായിരുന്നില്ലെന്നതന്നെ സർവരും തലകുലുക്കി സമ്മതിക്കുന്നു. അതിഭയങ്കരങ്ങളായ ആറുകളും തോടുകളും പാലങ്ങളും കാവല്യകളും കടന്നുവന്ന 'ജാഥാ' എത്തിച്ചേർന്ന സ്ഥലങ്ങളിലെല്ലാം നടന്ന അത്യത്ഭുതകരങ്ങളായ പ്രസംഗങ്ങളും സഭകളും സല്ക്കാരങ്ങളും നിശ്ചയങ്ങളും മററും അനിതരസാധാരണവും കൊട്ടും കൊരവയും വാദ്യവും വെടിയും താലപ്പൊലിയും കെട്ടുകാഴ്ചയും മററും അഭൂതപൂർവ്വമായിരുന്നുവെന്ന വർത്തമാനപ്പത്രങ്ങൾ ഘോഷിച്ചിരിക്കുന്നു. ജാഥാംഗങ്ങൾക്ക മാർഗ്ഗമദ്ധ്യേ ലഭിച്ചുകൊണ്ടിരുന്ന ഭോജ്യപേയലേഹ്യാദി വിഭവങ്ങൾ വർണ്ണനാവൈഭവമുള്ള ലേഖകരസികന്മാരെക്കൂടി തോല്പിക്കത്തക്കവണ്ണം ആഹ്ലാദപ്രദവും അമൃതതുല്യവുമായിരുന്നുവെന്ന പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. കോമലേഴത്ത "ഷോവ"ന്മാരുടെ ചിരട്ടയിൽക്കഞ്ഞി സല്ക്കാരംമുതൽ ശ്രീനാരായണപരമഹംസരുടെ മൃഷ്ടാന്നദാനസല്ക്കാരംവരെയുള്ള മഹാ സദ്യകളും മിശ്രഭോജനങ്ങളും ലഘുഭക്ഷണങ്ങളുമെല്ലാമെല്ലാം അമ്പലപ്പുഴ പാല്പായസംപോലെ ആസ്വാദ്യകരമായിരുന്നു അനുഭവിപ്പാൻ ഭാഗ്യം ചെയ്ത ജാഥാംഗങ്ങളുടെ കർമ്മശക്തിയേയോ ജാതകവിശേഷത്തേയോ അധികം വാഴ്ത്തേണ്ടതെന്നറിയുന്നില്ല. ഈ മഹാസംരംഭത്തിലേക്കായി ഇരുപത്തൊന്നായിരത്തിൽ ചില്വാനം പണം ചെലവായിട്ടുള്ളതായി കേൾക്കുന്നുണ്ടെങ്കിലും കിഴികിഴിയായി ഒരൊററപ്പാക്കെററിലേക്ക വന്നുചേർന്നിട്ടുള്ളതായി പറയപ്പെടുന്ന അഞ്ഞൂറിൽപരം ഉറുപ്പികകൂടി കണക്കാക്കപ്പെടാമെങ്കിൽ ജാഥാഏർപ്പാട് ഒരു മഹാനഷ്ടമായിട്ടുകലാശിച്ചിട്ടുള്ളതെന്ന സമാധാനിക്കാവുന്നതാകുന്നു മാത്രമല്ല, ഇക്കൂട്ടത്തിൽ തന്നെ, ഈ താളമേളപ്രസംഗഘോഷാരവങ്ങൾക്കിടയിൽക്കൂടി മഹാ യോഗ്യന്മാരും മഹാ വിദ്വാന്മാരുമായ നായകവീരന്മാരിൽ പലർക്കും വലുതായ 'ശബ്ദാഡംബര'മൊന്നും കൂടാതെ തന്നെ അവരവരുടെ തെരഞ്ഞെടുപ്പുവിജ്ഞാപനച്ചെണ്ട കൊട്ടി മുഴക്കുവാൻ കൂടി വേണ്ട സൌകര്യസന്ദർഭങ്ങൾ ലഭിച്ചിരുന്നതോർക്കുമ്പോൾ ഈ ഏർപ്പാട് ഒരു വിധത്തിലും നഷ്ടമായിട്ടില്ലെന്ന ഒരിക്കൽ കൂടി പറയേണ്ടിയിരിക്കുന്നു. ഇതു കൂടാതെ "ഉദ്ദേശസാദ്ധ്യ"ത്തിന്ന മുമ്പ് സ്വദേശങ്ങളിലേക്ക മടങ്ങുന്നതല്ലെന്ന തീവ്രവ്രതത്തോടും മഹാ വൈരാഗ്യത്തോടും കൂടി തലസ്ഥാനത്തു പാളയമടിക്കാൻതന്നെ നിശ്ചയംചെയ്ത ജാഥാംഗങ്ങളിൽ പലർക്കും പൊലീസിൽ ചേരാനോ പട്ടാളത്തിൽ അടക്കാനോ അടുക്കളയും കാപ്പിപ്പാത്രവുമായി സഖ്യം ചെയ്യാനും മററും കൂടി ഇതുമൂലം യാത്രച്ചെലവു കൂടാതെ ലഭ്യമായ ഈ സുവർണ്ണാവസരം അവിസ്മരണീയമായ ഒരു മഹാലാഭത്തിനും കൂടി മാർഗ്ഗദർശിയായിരുന്നുവെന്ന സന്തോഷിക്കാവുന്നതാകുന്നു. ഏതായാലും പല വിധത്തിലും ഗൌരവമേറിയ പ്രസ്തുത പ്രക്ഷോഭണം അധഃകൃതവർഗ്ഗക്കാർക്ക പരിപൂർണ്ണ സഞ്ചാരസ്വാതന്ത്ര്യമില്ലെന്ന നിലയിലുള്ള സവർണ്ണസമ്മതപ്രഖ്യാപനത്തോടു കൂടി, "കണക്കൊഴുക്ക"മില്ലാത്ത ചില അശ്ലീലവ്യത്യാസങ്ങളും അപേശലവർത്തമാനങ്ങളും കൂടി പ്രചരിക്കുവാനിടയായിട്ടുണ്ടെങ്കിലും "ഏക ജാതി, ഏക മതം, ഏകദൈവം ഏകോദരം മനുഷ്യന്" എന്നുള്ള ശ്രീനാരായണഗുരുസ്വാമി അവർകളുടെ പ്രസിദ്ധസന്ദേശത്തിന്റെ പ്രസിദ്ധീകരണത്തിനും കൂടി വകയുണ്ടാക്കിയിട്ടുണ്ടെന്ന ധാരാളം സമാശ്വസിക്കാവുന്നതാകുന്നു.

ഈ അവസരത്തിൽ "ജാഥാ"ക്കമാന്റിങ്ങ് ആപ്പീസരായി അത്യന്താഭിനന്ദനീയവും അതിപ്രശംസനീയവുമായ വിധത്തിൽ പണിയെടുത്ത സർവ്വസൈന്യാധിപശ്രീ കമ്മാൻഡർ മന്ദത്തൻ അവർകൾക്ക ഇനി മേലും വിവിധവർണ്ണ സമ്പൂർണ്ണങ്ങളായ അസംഖ്യമസംഖ്യം "ജാഥാ"കളുടെ "കമാന്റിങ്ങാപ്പീസ"ദ്യോഗത്തിന്ന ഭാഗ്യമുണ്ടാവട്ടേ എന്ന ഞങ്ങൾ ഹൃദയപൂർവ്വമായി പ്രാർത്ഥിക്കുകയും ഇതിലും വലിയ സ്ഥാനമാനങ്ങൾക്കായി ഈ യുദ്ധവീരൻ ബ്രിട്ടീഷ് പട്ടാളമേധാവികളുടെ ദൃഷ്ടിഗോചരനാവാൻ വേണ്ടി അങ്ങോട്ട് പ്രബലമായി ശിപാർശചെയ്യുകയും ചെയ്തുകൊള്ളുന്നു.

വിശിഷ്യ, മഹാറാണി തിരുമനസ്സുകൊണ്ട് ജാഥാഡെപ്യൂട്ടേഷൻകാർക്ക കല്പിച്ചു കൊടുത്ത മറുപടി അനുകൂലമായും പ്രതികൂലമായും വ്യാഖ്യാനിക്കപ്പെടുന്നുണ്ടെങ്കിലും ആ വിഷയത്തിൽ തൃപ്തികക്ഷിയും അതൃപ്തികക്ഷിയുമുണ്ടായിട്ടുണ്ടെങ്കിലും ഇനിയുമിനിയും തലസ്ഥാനത്തേക്ക "ജാഥാ"കളൊന്നും വന്നുചേരാതിരിക്കത്തക്കവണ്ണം തിരുവുള്ളക്കേടൊന്നും കൂടാതൊരു തിരുവുള്ളമുണ്ടാകുമെന്നായിരുന്നു മഹാജനങ്ങൾ അത്യാശയോടു കൂടി പ്രതീക്ഷിച്ചിരുന്നതെങ്കിലും നിയമനിർമ്മാണസഭാതീരുമാനത്തോടു കൂടിയെങ്കിലും ഇക്കാര്യത്തിൽ തിരുവുള്ളത്തോടുകൂടിയ തിരുവുള്ളമുണ്ടാകുമെന്നതന്നെ സകലരും വിശ്വസിക്കുകയും അതിനായി പ്രാർത്ഥിക്കുകയും കൂടി ചെയ്തുകൊള്ളുന്നു.

*　*

അഡിഷനൽ ഹെഡ്സെക്കർവക്കീൽ രാജശ്രീ സുബ്ബയ്യരവർകൾ ഉദ്യോഗത്തിൽനിന്നും രീരെ ഭാണ്ഡംമുറുക്കുവാൻ ഭാവിക്കുന്നതായി ഒരു കിംവദന്തിയുണ്ടായിരിക്കുന്നതു് ഒട്ടും അടിസ്ഥാനരഹിതമായി പരിണമിച്ചിട്ടില്ലെങ്കിൽ, ഭർത്തൃവിയോഗത്താൽ വ്യസനിക്കുന്ന ഭാര്യയെക്കാളും ഇപ്പോൾ വ്യസനിക്കുന്നുണ്ടായിരിക്കുന്ന ഗവമ്മേൻറിനോടുകൂടി ഞങ്ങളും നിർവ്യാജമായി സഹതപിച്ചുകൊള്ളുന്നു. ഈ അവസരത്തിൽ ഒരൊററക്കാര്യം 'കാര്യ'മായിത്തന്നെ ഗവമ്മേൻറിനോടു ഞങ്ങൾക്കപേക്ഷിക്കുവാനുള്ളതു മറെറാന്നുമല്ല. മി. സുബ്ബയ്യരുടെ അപ്രതിഹതമായ ജിഹ്വാവ്യാപാരവിദഗ്ദ്ധതാസ്മാരകമായി അദ്ദേഹത്തിന്റെ കൌൺസിൽ പ്രസംഗങ്ങൾ മുഴുവനും, അദ്ദേഹത്തിനെക്കൊണ്ടു് ഒന്നുകൂടിപ്രസംഗിപ്പിച്ചിട്ടായാലുംവേണ്ടില്ല, ഗ്രാമഫോൺ റിക്കാർട്ടുകളാക്കി ഭാവിതലമുറകൾക്കുംകൂടി ഉപകാരപ്രദമായിരിക്കത്തക്കവണ്ണം ഹജൂരാപ്പീസിൽ ബഹുഭദ്രമായി സൂക്ഷിക്കുവാൻ 'പുരാതനവസ്തുസംരക്ഷണ' ഡിപ്പാർട്ടുമെൻറുവഴിയായിട്ടെങ്കിലും ഉടനടി വേണ്ടഏർപ്പാടു ചെയ്യേണമേ ചെയ്യേണമേ എന്നുമാത്രമാകുന്നു. തിരു: ഗവമ്മേൻറിനുവേണ്ടി ശമ്പളത്തിലും മനസ്സാക്ഷിയിലും തലച്ചോറിലും ബ്രഹ്മസ്വത്തിലും കവിഞ്ഞ 'ആനപ്പണി' പണിഞ്ഞിട്ടുള്ള ഈ മഹാനുഭാവനു ഈ സന്ദർഭത്തിൽ സർവ്വമംഗളങ്ങളും ആശംസിക്കുന്നതോടുകൂടി അടുത്തതവണത്തെ ചെങ്കോട്ട പ്രാതിനിധ്യവും കരയാളുസഖ്യവുംകൂടി സപാകൂത്യമായി ഞങ്ങൾ ആശംസിച്ചുകൊള്ളുന്നു.

* * *

യോഗ്യതകൊണ്ടും ബിരുദകൊണ്ടും സാമർത്ഥ്യംകൊണ്ടും പ്രഥമഗണനീയനായ ഡാക്ടർ കെ. പി. രാമൻപിള്ളയെ ജനറലാശുപത്രിയിൽ പ്രധാന ഡാക്ടറായി നിയമിച്ചുകാണ്മാൻ അഭിലഷിക്കുന്ന ഒരു ഊക്കൻ മെമ്മോറിയൽ ഗവമ്മേൻറിനു ലഭിച്ചിരിക്കുന്നുവത്രെ. തിരുവനന്തപുരത്തുകാർമാത്രമല്ല ഇനി തിരുവിതാംകൂറുകാരൊട്ടുക്കു ഒന്നിച്ചുകൂടി എത്രയെത്ര മെമ്മോറിയലുകൾ അയച്ചാലും, ഒരുവേള ദൈവംതന്നെ നേരിട്ടുവന്നു വിവരം ബോധിപ്പിച്ചാലുംകൂടി തിരുവിതാംകൂറിലെ 'കേളുനോ പാലമോ' കുലുങ്ങുന്നകൂട്ടത്തിലല്ലെന്നു പണ്ടുപണ്ടേതന്നെ പ്രസിദ്ധമാണല്ലോ. ഒരു നിവൃത്തിയുണ്ടെങ്കിൽ പൊതുജനഹിതത്തിനു വിരോധമായി പ്രവർത്തിക്കണമെന്നുള്ള മുദ്രാവാക്യമാണു ഗവമ്മേൻറിനുള്ളതെങ്കിൽ ആസുരക്കേടു ഒരു "ഓപ്പറേഷൻ"വഴിയായിട്ടെങ്കിലുംഭേദപ്പെടുത്തേണ്ടകാലം ഏററവുമതിക്രമിച്ചിരിക്കുന്നതായിത്തന്നെ തോന്നിപ്പോകുന്നു. ഗവമ്മേൻറു സൂക്ഷിച്ചിരുന്നോട്ടേ!

# അസൂയക്കാരന്റെ

## അരങ്ങേററം.

[അസൂയക്കാരൻ.]

പണ്ടൊക്കെ 'അസൂയക്കാരൻ' 'അസൂയക്കാരൻ' എന്നു നാടൊട്ടുക്കു വലിയ പ്രസിദ്ധിയായിരുന്നു. തണ്ടക്കാരൻമുതൽ സർവാധികാര്യക്കാരൻവരെ നമ്മെ വലിയ കാര്യമായിരുന്നു, മാത്രമല്ല, കുടിലുതൊട്ടു കൊട്ടാരംവരെ വളരെവളരെ ഭയഭക്തി ബഹുമാനങ്ങളുമായിരുന്നു. അക്കാലത്തു് 'ദോഷപ്രഖ്യാപനവൈമുഖ്യ'ത്തിനു കീർത്തികേട്ടിരുന്ന പരേതനായ കേരളകാളിദാസമഹാമഹിമശ്രീ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലേപ്പററി സർവ്വത്ര സർവരും വാഴ്ത്തിക്കൊണ്ടിരുന്നതുപോലെ 'ദൂഷ്യപ്രഖ്യാപനവൈമുഖ്യ'ത്തിനു ലോകപ്രസിദ്ധനായിത്തീർന്നിരുന്ന 'അസൂയക്കാരൻ' തിരുമനസ്സിലെപ്പററിയും സർവരും സർവ്വത്ര കൊട്ടിഘോഷിച്ചുകൊണ്ടിരുന്നു. വലിയ കോയിത്തമ്പുരാന്റെ തിരുനാമധേയസ്മാരകമായി 'കേരളവർമ്മ' എന്നൊരു മാസിക പുറപ്പെടുവിക്കുവാൻ കേരളവർമ്മ ഭക്തന്മാർ അശ്രാന്തപരിശ്രമംചെയ്തപ്പോൾ 'അസൂയക്കാരൻ' തിരുമനസ്സിലെ മനോധർമ്മപ്രശംസാർത്ഥമായി 'അസൂയക്കാരൻ' എന്നൊരു വർത്തമാനപ്പത്രം അടിച്ചുവിടുവാൻകൂടി അസൂയക്കാരസേവകന്മാർ വട്ടംകൂട്ടാതിരുന്നില്ല. എന്തിനേറെപ്പറയുന്നു? "അക്കാലമൊക്കെയും പോയ്പോയിനമ്മുടെ...... ......"എങ്കിലും സാക്ഷാൽ അസൂയയും അസൂയക്കാരനും ഇന്നും ഇന്നാലെയും മററും ഉണ്ടായിട്ടുള്ളതല്ലെന്നും നാളെയുംമറെറന്നാളുംകൊണ്ടൊന്നും നാമാവശേഷമാവുന്നതല്ലെന്നും എല്ലാവരും ഓർത്തിരുന്നാട്ടെ. നമ്മുടെ തറവാടു അതിപുരാതനവും പുരാണപ്രസിദ്ധവുമാണെന്നുള്ള കഥയൊന്നും ഇന്നലെപ്പെയ്ത മഴയ്ക്കിന്നു കുരുത്ത തകരത്താന്മാർക്കു് ആർക്കുമറിഞ്ഞുകൂടെന്നു തോന്നുന്നു. കാരണവസ്ഥാനത്തു കുലാനുസരണമായി വേണ്ട പഠിപ്പും പരിഷ്കാരവും ചൊടിപ്പും ചുണയുമുള്ള ആണുങ്ങളാണു പരമ്പരയായി ഈ തറവാട്ടിൽ ഉണ്ടാവാറുള്ളതെന്നും അവരുടെ പാക്കെററിലാണു് സർവ്വാഭരണങ്ങളുടേയും താക്കോലു കിടക്കുന്നതെന്നുമുള്ള വസ്തുതയെല്ലാം ഇപ്പൊഴത്തെ കുരുത്തംകെട്ട 'പിള്ളേ'രുണ്ടോ അറിഞ്ഞിരിക്കുന്നു? പണ്ടു പണ്ടു് പണ്ടേക്കുംപണ്ടു്, ബ്രഹ്മാവു ബഹുസുന്ദരനായിട്ടു ഒത്തൊരുങ്ങി മുഖവുംമിനുക്കി ക്രാപ്പുംചെയ്തു പഞ്ചാനനങ്ങളോടുംകൂടി വരുന്ന വരവുകണ്ടു സഹിക്കാൻ മേലാതെ അഞ്ചിലൊന്നു നുള്ളിക്കളയുവാൻ സാക്ഷാൽ പരമശിവനെ പ്രേരിപ്പിക്കുവാൻപോലും ബ



## തിരു: ഗവർമ്മേൻറും സവർണ്ണജാതായും.

സവർണ്ണജാതായല്ല, സർവ്വവർണ്ണസമ്പൂർണ്ണമായ മഹത്തായൊരു, ഗൌണ്ഡർജാതാ തന്നെ മഹാസമുദ്രങ്ങളും മഹാമേരുക്കളും കടന്നു വന്നു തിരുവിതാംകൂറു നിറഞ്ഞുനിന്നാലും ലവലേശം കൂട്ടാക്കാതെ അതാക സകലവിക്ഷോഭനസർപ്പങ്ങളോടും അക്ഷോഭ്യമായി പൊരുതുനിൽക്കുവാൻ സന്ദർഭാനുസരണമായ ഭാഷയും വേഷവും കൂടാതെ വേണ്ടപ്പെട്ട അൻപും അമ്പും കൂടി കൈവശമുള്ള അധികാരകേന്ദ്ര: സവർണ്ണജാതായുടെ നേർക്ക് പ്രകടിപ്പിച്ച ഗാവർമ്മേൻറിക മനോഭാവത്തിൽ അത്ഭുതപ്പെട്ടവരെവരുള്ളു ?!!

ഹസാമർത്ഥ്യവും മററുപാണ്ഡിത്യവും പ്രകടിപ്പിച്ച അന്നത്തെ 'അസൂയക്കാരൻ' തിരുമനസ്സിലെ കഥ വിചാരിച്ചാൽ അവിടത്തെ പ്രിയഭാഗിനേയരെക്കൊണ്ടു ഈ ഇരുപത്തേഴു പതിന്നാലുലോകങ്ങളിലുമെന്താണിന്നു സാധിക്കാൻ പാടില്ലാത്തതു്? അതുകഴികെ വളരെക്കാലം കഴിഞ്ഞിട്ടാണെങ്കിലും ഈ കുഡുംബത്തിലെതന്നെ മറെറാരു കാരണവർ കാണിച്ച കട്ടക്കെയും അതുപോലെതന്നെ വിശിഷ്ടവും പ്രശംസനീയവുമായിരുന്നു. പാൽക്കടലിൽ പള്ളികൊള്ളുന്ന സാക്ഷാൽ മഹാവിഷ്ണുവിന്റെ അവതാരമാണെന്നുള്ള ഡംഭോടും അഹംഭാവത്തോടുംകൂടി രാജാവായി തന്നെ അഭിഷേകംചെയ്യണമെന്നുള്ള അത്യാഗ്രഹത്തോടെ പണ്ടു ശ്രീരാമൻ കിരീടംവയ്ക്കാൻ തലയും കുനിച്ചു നിന്നുകൊടുക്കാൻഭാവിച്ചപ്പോൾ ഒരൊററ 'തിരുമുക' കൊണ്ടു അക്കാര്യമെല്ലാം അടിച്ചുമടക്കി അയാളെ പതിന്നാലുകൊല്ലത്തേക്കു നാട്ടുകടത്തിവിട്ടതും ഈ അസൂയക്കാരൻ തിരുമനസ്സിലെ തറവാട്ടിലെ ഒരു പഴയ കാരണവരുടെ ചുണകൊണ്ടുതന്നെയായിരുന്നു. ഇങ്ങനെയിങ്ങനെ ഈ തറവാട്ടിലെ പ്രസിദ്ധകാരണവന്മാരുടെ പരാക്രമങ്ങളും പൌരുഷങ്ങളും പറയാൻതുടങ്ങിയാൽ പ്രളയകാലംവരെ പറഞ്ഞാലും അവസാനിക്കുന്നതല്ല. ഗുരുകാരണവന്മാരുടെ അനുഗ്രഹംകൊണ്ടും തറവാട്ടിലേക്കു ദൈവികമായി ലഭിച്ചിട്ടുള്ള പ്രത്യേക വൈശിഷ്ട്യംകൊണ്ടും സ്വതസ്സിദ്ധമായി നമുക്കു വന്നുചേർന്നിട്ടുള്ള ബുദ്ധിവൈഭവംകൊണ്ടും തറവാട്ടിന്റെ മാനവും സ്ഥിതിയും നിലയും വിലയും മററും വേണ്ടവണ്ണം പരിപാലിക്കുവാൻ ഇപ്പോഴത്തെ തറവാട്ടുമൂപ്പനും വലിയ കാരണവരുമായ ഈ "അസൂയക്കാരൻ തിരുമനസ്സുകൊണ്ടും" എന്ന പ്രസിദ്ധനായ നാമും ആവുന്നകാലത്തൊക്കെ ഒരു കൈനോക്കാതെ വിട്ടിട്ടില്ല. പക്ഷേ, പണ്ടത്തെ ധീരവീരന്മാരും പരാക്രമശാലികളുമായിരുന്ന പഴയ കാരണവന്മാരുടെ പരാക്രമങ്ങളുടെകൂട്ടത്തിൽ അവയെപ്പററി വല്ലതും പ്രസ്താവിക്കുന്നതു് പട്ടുനൂലിനോടു വാഴനാരു കൂട്ടിക്കെട്ടുമ്പോലെ മാത്രമാണെന്നു നമുക്കറിവില്ലായ്കയല്ല. ഏതാനുംകൊല്ലങ്ങൾക്കുമുമ്പു് "തത്വബോധിനി" മാസികയുടെ പത്രാധിപരായിരുന്ന (നമ്മുടെ തയ്ക്കാട്ടെ "സഹസ്ര"ത്തിന്റെ പെരിയണ്ണൻ) മി. പി. ജി. രാമയ്യരുടെ നിർബന്ധപ്രകാരം നമ്മുടെ ചില ദിനസരിക്കുറിപ്പുകളെല്ലാം അയാൾക്കു കൊടുത്തിരുന്നു. തത്വബോധിനി ചത്തുപോയതിൽപിറകു് മി. രാമയ്യർതന്നെ അതു "ഭാഷാപോഷിണി"യിൽ പ്രസിദ്ധപ്പെടുത്തിയിരുന്നതായി കേട്ടു. അതായിരുന്നു നമ്മുടെ കടശീക്കൈ. അതിൽപിന്നീടിതുവരെ പേന തൊട്ടിട്ടില്ല. കാലമെല്ലാം മാറിയിണം. നമുക്കാണെങ്കിൽ വയസ്സുകാലവുമായി. ഏങ്കിലും മഹാജനങ്ങളുടെ വെറുപ്പും വിരോധവും സമ്പാദിക്കുന്നതിൽ കൂട്ടതലായിട്ടൊരു രസമോ വിനോദമോ സന്തോഷമോ ഒന്നും നമുക്കൊന്നും ഇന്നുമില്ല. പൊതുജനങ്ങൾക്കു നമ്മുടെനേർക്കു എത്രോളം കോപവും വൈരസ്യവും ഈർഷ്യയും മററും ഉണ്ടാവുമോ അത്രോളം ആനന്ദവും ആഹ്ലാദവും മററും മററുമാണു നമുക്കുണ്ടാവുന്നതു്. അതുകൊണ്ടു അതനുവണ്ട വഴിയൊക്കെ ഈ വയസ്സുകാലത്തും കുറേശ്ശേ നോക്കിവരുന്നുണ്ടു്. സംഗതിമുഴുക്കെ പ്രസിദ്ധമാവാറില്ലെന്നേയുള്ളു. വേണമെങ്കിൽ ആരെങ്കിലും പ്രസിദ്ധപ്പെടുത്തിക്കൊള്ളുന്നതിലും നമുക്കു വിരോധമില്ല. പക്ഷേ, ചെറുപ്പകാലത്തെ ചാതുര്യവും മാധുര്യവും ഓജസ്സും തേജസ്സും തലയും മുലയുമൊക്കെ വയസ്സുകാലത്തു വികൃതവും ഗോഷ്ടിമയവുമായി വേഷം മാറാറുള്ളതുപോലെതന്നെ നമ്മുടെ എഴുത്തിലോ കവിതയിലോ മററോ കാണാവുന്ന ദോഷപ്പകർച്ചകളുംകൂടി ഗണിക്കപ്പെടേണമെന്നു മാത്രമേ നമുക്കു താല്പര്യമുള്ളു. നമ്മുടെ പഴയ കവിതകളോ എഴുത്തുകളോ ലേഖനങ്ങളോ മറേറാ എടുത്തുവിളമ്പിയാൽ ഇപ്പോഴത്തെ യോഗ്യന്മാരുടെ മനസ്ഥിതിക്കും ഗൌരവത്തിനും അന്തസ്സിനും അവസ്ഥയ്ക്കും മററും അനുയോജ്യമല്ലാതായിപ്പോയേക്കാമെന്നുള്ളതിനാൽ ഈയിടെ കുത്തിക്കുറിച്ച ചില കവിതക്കഷണങ്ങൾതന്നെ ഹാജരാക്കിക്കളയാം. ഇതുവഴി മഹാജനങ്ങൾക്കു ഈ അസൂയക്കാരൻ തിരുമനസ്സിലെനേർക്കു വല്ല വെറുപ്പോ വിരോധമോ, വൈരാഗ്യമോ, നിന്ദയോ, രസക്കേടോ, മുഷിച്ചിലോ മറേറാമററോ ഉണ്ടാവാനിടയാവുമെങ്കിൽ ഈയുള്ളോനു കവിഞ്ഞ കൃതാർത്ഥതയും നിറഞ്ഞ ചരിതാർത്ഥതയുംകൂടി വകയുണ്ടായേയ്ക്കും.

## "ജാതായെകണ്ടിട്ടു്"

("ഓമനത്തിങ്കൾ കിടാവോ" എന്നപോലെ)

ഹ ജ്ഞാതാവരുന്നേ വരുന്നോ- വന്നു
ജാതാനിരന്നു വരുന്നേ
ഏതാനും നാളുകളായി- തീണ്ടൽ
പാതാളം പായുമാറായി
ഇന്നാത്തെന്നായരിൽ മുൻപൻ- തന്നെ
മന്ദത്തെയങ്ങുന്നു വൻപൻ
മന്ദതയില്ലൊരു ലേശം- അങ്ങു
ചെന്നാലറിയാം കലാശം
പിള്ളകളെന്തിനാണേറേ- ഏ-കേ
പിള്ളയൊന്നുണ്ടത്തു വേറേ

*പള്ളിയും കൈവിട്ടു പോന്നീ- ഒരാക്ക
പ്പുള്ളിയിതിന്നു കാലൂന്നി
വ കാട്ടിക്കുടെറുമൂട്ടുത്തു- ചിലർ
വട്ടക്കൊടിയുമെടുത്തു
കൊട്ടിപ്പുലേ പാട്ടുപാടി- ക്കൊണ്ടു
മുട്ടിത്തിരിഞ്ഞങ്ങുകൂടി
റ ണ്ണു മില്ലാതിങ്ങു കേറി-വന്നാൽ
വണ്ണ ജാതായല്ലമാറി
തിണ്ണമിതങ്ങുള്ളിലേറി- യവർ
വണ്ണമോ മഞ്ഞയായ് മാറി
ഗോസായിമാരോ ഹാ കഷ്ടം!- ഇതിൽ
പാസായിട്ടുണ്ടൊരുകൂട്ടം
സീതാറാം സീതാറാമെന്നു-ചില
പൈത്ത്യാറന്മാർ പറയുന്നു
വ ദേ വകളൊത്തൊരുമിച്ചു-പത്മാ
ദേവിയെക്കാണാൻ തിരിച്ചു
പാവനപാദം നമിച്ചു-ദീന
ഭാവമൊഴിക്കാനുറച്ചു.
സ്വാർത്ഥ സ്വഭാവം കളഞ്ഞു-നാമാ
സാർത്ഥമാക്കാനും തുനിഞ്ഞു.
തീർത്ഥപ്രയാണം കനിഞ്ഞു-ചെയ്യും
തീർത്ഥപാദന്മാർ നിറഞ്ഞു.
അന്യോപകാരാഖ്യകർമ്മം-കൊണ്ടു
ധന്യമാക്കുന്നിവർജന്മം.
മന്നിലിതിന്നുസമാനം- ഗുണ
മന്യമില്ലെന്നതു നൂനം
ര ച ന്തമായുട്ടുപരമ്പ-പോണ
തെന്തൊരു കൊച്ചുകുറുമ്പ
എന്തോ നമുക്കറിവില്ലേ-മാമം×
ചന്തയ്ക്കു പോണവരല്ലേ
ചട്ടിമോറുതക്കാരെക്കണ്ടേ-മഞ്ഞ
ച്ചട്ടയിട്ടോർ ചിലരുണ്ടേ
വട്ടിവയറരുംപണ്ടേ-തല
മൊട്ടയടിച്ചോരുമൊണ്ടേ
കാളകൊള്ളാനിവരൊത്തു-പഴ
മ്പാളപ്പൊതിയുമെടുത്തു
കോളുനോക്കുന്നതും കണ്ടോ- ഉണ്ണി
ക്കാളീ! നീ കണ്ടു വിരണ്ടോ?

ജാതായെപ്പററി ഇനിയും ദീർഘദീർഘമായി എഴുതിയിട്ടുള്ളതെല്ലാംകൂടി ഒരു പുസ്തകമാക്കി നമ്മുടെ "യോഗക്ഷേമം" കമ്പനിക്കാക്ക് 'ഇഷ്ടദാനം' കൊടുക്കുവാൻ നിശ്ചയിച്ചിരിക്കുകയാൽ ഇതിൽ കൂടുതലായിട്ടൊന്നും ഇപ്പോൾ തയ്യാറില്ല.

ഇനിയും വൈകുണ്ഠത്തിലെ ഒരു വലിയ, അല്ല, ചെറിയ, അല്ലല്ല, വലിയചെറിയ അഥവാ ചെറിയ വലിയ പരമയോഗ്യനായ ഉദ്യോഗസ്ഥനു ഈയിടെ അനുഭവപ്പെടാനിടയായ ഭിന്നമനോഭാവങ്ങളെ ഒരു ഭൂതക്കണ്ണാടിയിൽക്കൂടി നിരീക്ഷണം ചെയ്തതിലുണ്ടായ "അസൂയാസംരംഭവിജൃംഭണ" ഫലമായി "അസൂയക്കാരൻ" തിരുമനസ്സിലെ ഹൃദയാന്തർഭാഗത്തുനിന്നു പൊട്ടിപ്പുറപ്പെട്ട കഥകളി നാടകമാണു അടുത്ത വിഷയം.

## ലക്ഷ്മണാനന്തരം

(കഥകളിനാടകം)

പൂർവ്യരാഗം-അവതാളം.

[ശ്ലോകം]

ഘനാഘനാഘലക്ഷ്മണോദ്ധാപനിതഗർവ്വസംബംഗോള്ളൂർ
ക്ഷമാതലമലംഗതോ സപദി രാമരാമായിതാ
രടൽ പടഹ ചഞ്ചലാനിഭചലൽപ്രമോഷസ്ഥലാ
വിലോക്യ സമവർത്തിനം സരഭസം ബഭാഷേരുഷാ
ഗോഗപാ- ആ- ആ- ആ- ഗപാ- ആ- ആ- ആ-
രീ രീ രീ രീ രീ രീ രീ രീ-രീ രീ രീ രീ രീ രീ രീ രീ-

[പദം]

ഹന്തനമ്മുടെ വൈഭവം ഹൃദി ചിന്തിയാതെയിതേവരേ
എന്തുചെയ്തുവരുന്തിയൊന്നിനി നോക്കുവാൻ വഴി
യാക്കിമേ
ലക്ഷ്മണന്നുടെ പക്ഷപാതികൾ പാഠമൊന്നു പഠി
ക്കണം
ദക്ഷരെങ്കിലുമിക്ഷണം പണിയേണമെന്റെ പ
ദാംബുജേ
നാണവും ശിവതാണവും പരമാണു യുഗ്മതാണമേ
താണനമ്മെവണങ്ങുമെങ്കിലതാണു നല്ലതു ജാണിനും
നാട്ടിലുള്ളവരാകെ നമ്മുടെ പാട്ടിലാണു യശോധ്വജം
നാട്ടിയേർപ്പുറനാട്ടിലും നഹി വാട്ടമിന്നിതിനില്ലഹോ

(ദണ്ഡകം)

ശാഠ്യംതകർത്തു പലരോട്ടം കയർത്തു പരിചോടും
വിയർത്തുവശം കെട്ടങ്ങി മിഴിയിണ കലങ്ങി- വിവശതയിൽ
മുങ്ങി- ചിലദിവസമൊരു നിമിഷസമമമരുമളവു ശി
രോലിഖിതമതിനാൽ മുറതുടങ്ങി.

നാടകം-ഒപ്പാര്

എന്തിഹ ഞാൻ ചെയ്തതയ്യോ?
ഹന്ത വിധിയീവിധമോ?
വെന്തുരുകീടുന്നതിയാ- യന്തരംഗമാർത്തിയാലെ
അന്തരായം വരായെന്നു- മന്തരാന്തരാ ഞാനോർത്തേൻ
ചിന്തിതം മറിഞ്ഞുവല്ലോ- തൊന്തരവും വന്നുകൂടി
.......................................................

* പള്ളിക്കൂടത്തിനു 'പള്ളി' എന്നും തെക്കൻദിക്കുകളിൽ പറഞ്ഞുവരുന്നുണ്ട്.
× മാമാചന്ത-ഒരു പ്രസിദ്ധ ചന്ത

## * ഗാന്ധിഗാനം

(ടീ. ലക്ഷ്മണൻപിള്ള ബീ. ഏ. എം. എൽ. സി.)

ഭൂരികല്യാണി ആദിതാളം.

"അമ്പരത്തിലാടകിൻറ വെണ്ണിലാവെ"എന്ന മട്ട്

ഹിന്ദുദേശമേററമുറൈ ഗാന്ധിജിയെ–ഈശൻ
ചിന്തയിൽ വന്തിരുത്തതു ഗാന്ധിജിയെ.
എന്നാതപം ചെയ്യതുവോ ഗാന്ധിജിയെ. ഇൻഡ്യാ
അന്നൈഉന്മൈപെറുതക്കായ് ഗാന്ധിജിയെ.
നാട്ടുക്കെല്ലാം നല്ലഗതി ഗാന്ധിജിയെ–നിൻറു.
കാട്ടുംപിറരാജഋഷി ഗാന്ധിജിയെ.
ആയിരമാമാനവതങ്കം ഗാന്ധിജിയെ–നമ്മെ.
ആദരിക്കും വീരശിങ്കം ഗാന്ധിജിയെ
നാട്ടാൻമയികപ്പലിക്ക ഗാന്ധിജിയെ–തിശൈ.



അഞ്ചൽദൈവവും അനുകരണീയമായ ആശ്രിതവാത്സല്യവും.

ക്ഷേത്രനിർമ്മാണം, നിർമ്മാണസഹായം, പ്രതിഷ്ഠ, പൂജ, വഴിപാട്, [കരികഭോനം മുതലായ വിവിധഭക്തിസംവദ്ധകകൃത്യശതങ്ങളാൽ കഠിനതപസ്സു ചെയ്തുകൊണ്ടിരുന്ന ഭക്തവത്സലനിൽ സന്തുഷ്ടിയുണ്ടായി തൽക്ഷണത്തിൽ പ്രത്യക്ഷപ്പെട്ട 'അഞ്ചൽദൈവം' അഭീഷ്ടകാര്യസംഘടനത്തിന്റെ 'അവിഘ്നമസ്തു' അരുളി ആശ്രിതശിരോമണിയായ "പൊന്നു"ദാസനെ അനുഗ്രഹിക്കുന്നതു്.

കാട്ടിവിളങ്ങിയറിവിൻമീൻ ഗാന്ധിജിയെ
പൊയ്യകററപുണ്ണിയനേ ഗാന്ധിജിയെ-മരം.
കയ്യകററഗുണ്ണിയനേ ഗാന്ധിജിയെ
കോടികണക്കാനജനം ഗാന്ധിജിയെ- നിത്യം
കുമ്പിട്ടുമെമ്മവാഴ്ത്തുകിൻററർ ഗാന്ധിജിയെ
മായപ്പൊടിപോടവില്ലെ ഗാന്ധിജിയെ-നീർതാൻ-
മന്ത്രമൊൻറും ചെയ്യുന്നില്ലേ ഗാന്ധിജിയെ
കായബലംവീരമല്ല ഗാന്ധിജിയെ--ഉമതർ-
കട്ടഴകിൻ പകിട്ടല്ല ഗാന്ധിജിയെ.
നാവിൻപെരുവൻമയല്ല ഗാന്ധിജിയെ-ഭതട്ടം
നവകോടിസമ്പന്നമല്ല ഗാന്ധിജിയെ-
തായ്പോർകരുണകൊണ്ടു ഗാന്ധിജിയെ- ഉമത്തു്
ശാൻറാഴ്ന്തശാന്തം കൊണ്ടീർ ഗാന്ധിജിയെ
നൊന്തവക്കായ്താനുംനൊന്തീർ- ഗാ- ഇൻഡ്യർ
നോവുവുത്തർക്കാക വന്തീർ ഗാന്ധിജിയെ
ഏഴഎളിയവർ പക്ഷം ഗാന്ധിജിയെ-നിൻറു-
ഹിതമെളിന്തുതാങ്കിനിന്തീർ ഗാന്ധിജിയെ-
ഇന്തിയർഈഡേററമുറൈ ഗാന്ധിജിയെ-നീർതാൻ
ഏററവഴിശാററി നിൻറീർ ഗാന്ധിജിയെ.
ഹിംസൈപെറക്കൈക്കൊടായ്മൽ- ഗാ- പിരർ.
ഹിംസയെല്ലാം താങ്കചൊന്നീർ ഗാന്ധിജിയെ-
അൻപിൻവഴി ആയമെൻറീർ ഗാ-അൻപിൻ
അല്ലാതതപായമെൻറീർ ഗാന്ധിജിയെ
സത്യവഴിധർമ്മവഴി ഗാന്ധിജിയെ- അരുളു-
താങ്കുംവഴിഎൻവരത്തീർ ഗാന്ധിജിയെ
നീതിനെറിതവരാമർ ഗാന്ധിജിയെ-സുഖം
നേടുവതേധർമ്മയെൻറീർ ഗാന്ധിജിയെ.
ഉത്തമഉണവുണ്ടുവാഴം ഗാന്ധിജിയെ-ഉന്നും
തൂയനെറികാട്ടി നിൻറീർ ഗാന്ധിജിയെ
നെയ്തുടുക്കവേണ്ടുമെൻറീർ ഗാന്ധിജിയെ-ഇന്ത-
നെറിയെടുത്തു മുന്നാർചൊന്നാർ ഗാന്ധിജിയെ
ആകശക്തി പുല്ലതെൻറീർ ഗാന്ധിജിയെ-ഉള്ളാം
ആത്മശക്തി നല്ലതെൻറീർ ഗാന്ധിജിയെ-
വായ്മയെവല്ലമയൻറു ഗാന്ധിജിയെ-ഉമത്തു്-
ഇൻമയുള്ള വാഴ്വുചൊല്ലും ഗാന്ധിജിയെ-
തന്മയൊരു ശാന്തമൂർത്തി ഗാന്ധിജിയെ-ഉമത്തു്-
കരുമയുടനോങ്കുംകീർത്തി ഗാന്ധിജിയെ-
ഉത്തമമാനിടർ നീരു ഗാന്ധിജിയെ- ഇൻഡ്യാ-
ഉലകമെ എന്നാളും തൊഴും ഗാന്ധിജിയെ-
ഇന്തിയാവെ ഏത്തിവിട ഗാന്ധിജിയെ-ആത്മ-
ഏണിയാകവിളങ്കിനീർ ഗാന്ധിജിയെ.

---

* മഹാത്മാഗാന്ധിയുടെ നിരാഹാരവ്രതാന്ത്യദിനത്തെ അനുസ്മരിച്ചു എഴുതിയതു്.

# മാരാരുടെ "മഞ്ജരി"

(എസ്. ബി.)

കവിതിലകൻ മാരാരെപ്പററി കേട്ടിട്ടില്ലാത്തവർ ചുരുങ്ങും. എന്നാൽ, ഈയിടെയായി പരിഷ്കാരം കയറി കരകവിഞ്ഞു മുഴകിയതിനാൽ വീട്ടിൻെറ പേരു അനന്തരവരുടെ അവകാശങ്ങളെ അവഗണിച്ചു കണ്ടെടുത്തതുകൊണ്ടു് ആത്ലോഹരിക്കാരായ ചിലരല്ലാതെ "വെള്ളൂരാൻ" പട്ടത്തെപ്പററി വേറെ വല്ലവരും അറിഞ്ഞുവോ എന്നുതന്നെ സംശയമാണു്. "കൊച്ചുമാരാർ" എന്നൊരു അഭിനവമാരാർ അവതരിച്ചിരിക്കുന്നുവെന്നും മററും കവിയശഃപ്രാർത്ഥിയായ ഒരു നാല്ക്കാലിക്കാരൻ അയാളെപ്പററി എല്ലാ പത്രങ്ങളിലും എപ്പോഴും എഴുതുവാൻ ഒരു മഹോപാദ്ധ്യായ ശാസ്ത്രിമാർജ്ജാരനേയും ഒരു വിദ്വാൻശുനകനേയും വടക്കൻസാഹിതിയിൽ വിദഗ്ധനായ ഒരു ക്രൂരരാജാവിനേയും ഒരു മൂറിവൈദ്യൻ വാരിയരേയും ഒരു ഗദ്യകവി നമ്പ്രാണിയേയും ജാതിപ്രാതിനിധ്യം അനുസരിച്ചു ഏർപ്പെടുത്തിയതു ഈ പേരുമാററത്തെപ്പററി അറിയാഞ്ഞിട്ടുതന്നെയായിരിക്കണം. വീട്ടുപേരു കൈക്കലാക്കിയ മാരാർ നാട്ടുപേരുകൂടി തട്ടിയെടുത്തു കൊട്ടിഘോഷിക്കുവാൻ വട്ടംകൂട്ടിയിരിക്കുന്നുവെന്നു അസൂയാലുക്കളായ ചിലർ ഈ വേഷപ്പകർച്ചയെപ്പററി തട്ടിമൂളിക്കാതിരിക്കുന്നില്ല. എന്നാലും കാലത്തിനുതക്ക കോലവും നാട്ടിനുതക്ക വട്ടവും വേണമെന്നുവച്ചു മാരാർ 'മഞ്ജരി'യെ മറയ്ക്കുള്ളിൽനിന്നും മാററി വെട്ടത്തു വിട്ടപ്പോൾ തൻെറ പേരിൻെറ മട്ടുമാറുന്നകാര്യം മറന്നതേയില്ല. പേരുമാററിയാൽ പെരുമപെരുക്കുമെന്നോ പോരായ്മ പററുമെന്നോ പച്ചപ്പരമാർത്ഥിയായ മാരാരുടെ മനസ്സു പതറിയതുമില്ല. 'മഞ്ജരി'യുടെ വേഷത്തിലും ഭാഷയിലും ആകൃതിയിലും പ്രകൃതിയിലും വേണ്ട മോടിയും ധാടിയും വരുത്തി വെച്ചതുകൊണ്ടു അതിനു പ്രത്യേക നിലയും വിലയും കിട്ടാതിരിക്കയുമില്ല. കവിയുടെ കല്പനാശക്തിയും 'കണ്ണിണയ്ക്കാനന്ദം നൽകുന്ന' കോമള പദാവലികളും കാണേണ്ടവർ മഞ്ജരിയുടെ മകുടമായ "കൊച്ചാറിനോട്ട്" എന്ന കൃതിയിലേക്കു കണ്ണയയ്ക്കട്ടെ

---

വക്കീൽ:- (കക്ഷിയോടു) എടോ! ഞാനാതവണ നിന്നി. സഭയ്ക്കുനില്ക്കാൻ നിശ്ചയിച്ചിരിക്കുന്നു. അതിനിപ്പോൾ ൨൦൦- രൂ. കെട്ടിവയ്ക്കണം. അതുകൊണ്ടു ഫീസു വേഗം തന്നേയ്ക്കൂ.

ജാമ്യത്തിൽനിൽക്കുന്ന കക്ഷിഇടനേ: അപ്പൊഴേയജമാനേ! ഞാൻ ആയിരം രൂപായ്ക്കു ജാമ്യംകെട്ടിവച്ചിട്ടുണ്ടു്. മൂന്നാലു സ്ഥലത്തു എനിക്കും നില്ക്കരുതോ?

## കൊച്ചാറിനോട്.

(കിളിപ്പാട്ട്)

(വെള്ളൂരാൻ)

അല്ലയോ കൊച്ചാറേ! നീ പത്മതീർത്ഥത്തിലേക്കായ്
മെല്ലവേ പുറപ്പെട്ടു ചാലിൽ കൂടൊഴുകുന്നു-
സ്യാനന്ദൂരശ്രീ ഗളകാന്തിയെ മരതക-
ത്തുനിറംപൂണ്ടുള്ളോരുമാലയാൽ ഭവതിതാൻ
ഹാ! നവ്യപ്രകൃഷ്ടമായ്ത്തീർക്കുന്നു; വികൃതിതൻ
ചേറെഴും ദർപ്പണംപോൽ നിൻജലം മിന്നീടുന്നു.
നിന്നുടെ ചെറുതിരമാലയിൽ തട്ടിവരും
മന്ദമാരുതൻ നൂനം ക്ലമസംഹാരദക്ഷൻ-
എന്നമ്മേ! ഭഗവതി! ഞങ്ങൾ നിൻതിരുനാമ
മെന്നെന്നും വാഴ്ത്തുന്നോരു വൈതാളികന്മാരല്ലോ.
നിന്നുടെ ശുഭ്രപയസ്സുതുല്യം മധുരമാം
സ്തന്യപാനത്താൽ വളർന്നീടിനോരമ്മേ! ഞങ്ങൾ
ഇന്നു നിൻതിരുനാമസ്മരണം കൊണ്ടുമാത്രം
ധന്യത്വം ഭജിച്ചീടും സാധുക്കളറികനീ.
കോമളപഞ്ജരത്തിൽ മേവീടും കേളീശുകം
ത്തുമയിൽ കളഗാനം പൊഴിച്ചീടുന്നമട്ടിൽ
ഈ മഹാകവികളാൽ പാർശ്വത്തിൽ സുരക്ഷിതാ-
നീ മഞ്ജുസ്വനമെന്തോ മൊഴിഞ്ഞീടുന്നുണ്ടല്ലേ!
രണ്ടുഭാഗത്തും നിന്റെ ദാസരായ് വർത്തിക്കുന്നോർ
കണ്ടുഞങ്ങൾ നാമമെന്നനുഗ്രഹിക്കയില്ലയല്ലീ.
തണ്ടുതപ്പികൾ വന്നു തീണ്ടുമെന്നോർത്തോ ഭഗവ!
മേമണ്ടുകാർ നിന്നെ കൂട്ടിലിവണ്ണമടച്ചതും?
പാവനി! ഭഗവതി! സർവ്വലോകൈകമംഗള-
മാവശ്യംപോലെ നിത്യമരുളും "തുംഗഭദ്രേ!"
ഭൂവിലക്ഷയപാത്രം വഹിച്ചസദായ്പോഴും
ശോഭിക്കും മഹൽഗുണപൂർണ്ണയായുള്ള "കൃഷ്ണേ!"
'ഗോ'ക്കൾക്ക 'ദാ'ഹം തീർത്തു 'വരി'യായ് കല്ലുകളാൽ
തക്കത്തിൽ വേലിപൂണ്ട വിശിഷ്ടേ! "ഗോദാവരീ"
കാളികൾ നിത്യം സ്നാനം ചെയ്യുക നിമിത്തമായ്
'കാളിന്ദീ' യെന്ന നാമമർഹിക്കും മഹാപഗേ!
വരണ്ട താമ്രപർണ്ണനിരയാലഭ്യർച്ചിതേ!
വരദേ! താമ്രവർണ്ണി! നിതരാം നമസ്കാരം
മാതാവേ! ജയിച്ചാലും! സർവ്വജീവനപ്രദേ
സാദരം പത്മതീർത്ഥപൂരണപരേ! ജയ!"

സ്യാനന്ദൂരപുരവാസികൾക്ക ചിരപരിചിതമായ കൊച്ചാറിന്റെ മാഹാത്മ്യത്തെ എത്ര ഹൃദയംഗമമായി കവി വർണ്ണിച്ചിരിക്കുന്നു! രണ്ടുവശത്തും കമ്പിവേലികൊണ്ടു സുരക്ഷിതയായ കൊച്ചാറിനെ കൂട്ടിലിട്ടടച്ചിരിക്കുന്ന കേളീശുകമായി ഉൽപ്രേക്ഷിക്കുന്നതിന്റെ ഔചിത്യം സഹൃദയന്മാർതന്നെ തീർച്ചപ്പെടുത്തട്ടെ. കൊച്ചാറിനെ ഗോദാവരി, കൃഷ്ണാ, താമ്രവർണ്ണി മുതലായ മഹാനദികളായി സങ്കല്പിച്ച് സാക്ഷാൽകരിക്കുന്നതിന് മാതാവിനുടെ തൂലികയ്ക്കുമാത്രമേ സാധിച്ചിട്ടുള്ളു. 'സദായ്പോഴും' എന്നും മറ്റുമുള്ള നൂതനപ്രയോഗങ്ങളിൽ കവിയുടെ നിരങ്കുശത്വം സമുചിതമായി പ്രതിബിംബിക്കുന്നുണ്ട്. സഹൃദയന്മാരെ ഹഠാദാകർഷിച്ച് അവരെ ആനന്ദതുന്ദിലരാക്കുന്ന ഈ കാവ്യതല്ലജം കവിയ്ക്കു അനശ്വരയശസ്സു സമ്പാദിച്ചുകൊടുക്കുമെന്നുള്ളതു നിർവ്വിവാദമാണ്. മാരാരു മാമൂലിനെ മുറുകെപ്പിടിക്കുന്നകൂട്ടത്തിലാണെന്നു തീണ്ടലുള്ളവരെ 'തണ്ടുതപ്പികൾ' എന്നു സംബോധനം ചെയ്യുന്നതിൽനിന്നു പ്രത്യക്ഷമാകുന്നുണ്ട്. അദ്ദേഹം "സവർണ്ണജാഥ"യെപ്പറ്റി തുള്ളലായി എഴുതിയിട്ടുള്ള ഖണ്ഡകൃതിയിലും ഈ മനോഗതി പ്രസ്ഫുരിക്കുന്നതായി കാണാം.

"അർക്കനുദിക്കുന്നതിനുമുമ്പേതന്നെ
ചിക്കനെച്ചെന്നു കുളിച്ചുവന്നാദരാൽ
ഊക്കംകഴിഞ്ഞുടൻ മറ്റൊന്നുമേതുമെ
നോക്കാതെ വന്നു കുറിയിട്ടുതോഷമായ്
മൂക്കുപിടിച്ചു ജപിച്ചുകൊണ്ടീടുന്ന
മുക്കവനന്തണനാകുമോ? ശങ്കരാ!

എന്നതിൽ പ്രകടമായ ആചാരപരിഷ്കാരവിമുഖത്വത്തെ പലരും വിദൂരനമസ്കാരം ചെയ്യുവാൻ ഒരുങ്ങുമെന്നുള്ളതു അതിശയകരമല്ലതന്നെ. ഈ കൃതിയും കവിതിലകൻ വെള്ളൂരാന്റെ ശയ്യാഗുണത്തെയും പദവിന്യാസരാമണീയകത്തെയും നല്ലപോലെ പ്രദർശിപ്പിക്കുന്നുണ്ട്. ജാഥാ വൈക്കത്തുനിന്നു പുറപ്പെട്ടതിനെപ്പറ്റി ഇങ്ങനെ വർണ്ണിക്കുന്നു:-

"അസ്തമിപ്പാനൊട്ടുതോരുനേരമ-
ങ്ങുത്ഥാനവും ചെയ്തു യാത്രപുറപ്പെട്ടു.
അദ്ധ്യക്ഷനായൊരു 'മന്ദവു' മന്നേരം
ഔദ്ധത്യമോടേ പറഞ്ഞുതുടങ്ങിനാൻ.
'ജാതിപ്പിശാചിന്റെ കണ്ണു മറക്കുവാൻ
മോദമോടിന്നു നമുക്കു പോകാം ധ്രുവം.
എന്തൊരു കഷ്ടമിക്കശ്മലവൃന്ദങ്ങൾ
ഹന്ത! ദുരാചാരമാചരിപ്പു ജവാൽ-
വട്ടണിക്കൊങ്കയാളായ രാജേശ്വരി
ദൃഷ്ടിയിൽ ചെന്നു ഞാൻ കാര്യമുണർത്തിക്കും-
ഉല്പലാക്ഷീമണി വഞ്ചിസംവർദ്ധിനീ
അപ്പോളനുവാദമേകിടും വിദ്രുതം"

ജാഥായ്ക്കു ഓരോ സ്ഥലങ്ങളിൽ ലഭിച്ച സദ്യവിഭവത്തെപ്പറ്റിയും കവി സരസമായി വർണ്ണിച്ചിട്ടുണ്ട്.

"ഉൽക്കടാനന്ദമായുണ്ടുകഴിക്കുവാൻ
ചിക്കനേ വന്നൊരു നല്ലോരവസരം.
മൂക്കോളമഷ്ടികഴിക്കുവാനെല്ലാർക്കും

ശക്തിയുമപ്പുറി ചക്രപ്രഥമനും.
എന്നുവേണ്ടാ പല ചട്ടിണിക്കൂട്ടുവാൻ
ധൂർത്തു പറകയുമല്ലെടോ ഞാനിന്നു
പാർത്തലംമൂന്നിലും പാതാളദേശത്തും
ഓർത്തു കണ്ടീടുകിലില്ലിത്ര നല്ലൊരായ്
ഭുക്തിയും ഭക്തിയും കാണ്മാൻ കഴിയുമോ?"

വെള്ളൂരാന്റെ നവനവോല്ലേഖസൗന്ദര്യങ്ങളായ അലങ്കാരച്ചാർത്തും ചിത്രീകൃതമായ വർണ്ണനാനൈപുണ്യവും മഞ്ജരിയിൽ എവിടേയുംനിഴലിച്ചു കാണുന്നുണ്ട്. സാധാരണകവികളാകട്ടെ പഴയകാലം മുതല്ക്കു പലരും പലപ്പോഴും പെരുമാറി തിളക്കവും മിനുക്കവും നശിച്ച പണ്ടങ്ങളെ കവിതാകാമിനിയെ സലജ്ജം അലങ്കരിപ്പിച്ച് അരങ്ങത്ത് അയയ്ക്കുന്നു. എന്നാൽ നമ്മുടെ വെള്ളൂരാനാകട്ടെ. "സ്വപ്രതിഭാവിലാസപേടകങ്ങൾ ധിഷണാശക്തിയാകുന്ന താക്കോലുപയോഗിച്ച് തുറന്ന് ഭംഗിതിങ്ങുന്നതും കാന്തിചിന്തുന്നതുമായ നവീന പരിഷ്കൃതാഭരണങ്ങളെയങ്ങെടുത്ത് സ്വകവിതാകാമിനിയെ സർവ്വാവയവങ്ങളിലും ചാർത്തിയിട്ട് മനസ്സില്ലാമനസ്സോടെ പിൻതിരികയാണു ചെയ്യുന്നതു" "മെയിൻറോഡിൽ" എന്ന കൃതിയിലെ നായികയായ ചൈത്രരഥം മാലതീലതികയെക്കണ്ടിട്ട് നായകൻ പറയുന്നു—

"വെല്ലം സുസർബത്തു ജിലേബിയെസ്പീ
മെല്ലിങ്കൽ വില്ക്കും പുതുചായക്കൊലെറവും
തുല്ലിട്ടുമാറും തവ ചുണ്ടു കണ്ടാൽ
തെല്ലാസ്വദിപ്പാൻ കൊതി തോന്നമാകും"

എന്ന ശ്ലോകത്തിലെ മനോജ്ഞതയും മഹാർഘവുമായ നവനവോല്ലേഖത്തെ ആരുതാൻ പുകഴ്ത്താതെയിരിക്കും? "കടുവാക്കൂട്ടിന്നുമുമ്പിൽ" എന്ന കൃതിയിലെ,

"തീക്കപ്പലിൻനാളമതിന്നു ചിന്തി
ത്തിക്കിത്തിരക്കും പുകയെന്നപോലെ
മയ്യൊന്നുയാൾക്കന്നു കറുത്തിരുണ്ടോ
രക്കേശപാശം വിലസീ വിശാലം"

എന്ന പുതിയ ഉപമയുടെ സ്വാരസ്യം അനിർവ്വാച്യംതന്നെയാണ് "കന്യാകുമാരിയിലെ സൂര്യാസ്തമനം" എന്ന കൃതിയിലെ ചമൽക്കാരം അദ്വിതീയമെന്നു സഹൃദയന്മാർ സശിരഃകമ്പം സമ്മതിക്കുന്നതാണ്.

"ശ്രീരാജവീഥ്യാൽചെറുകത്തിയേന്തി
ധാരാധരത്തുള്ളവെള്ളിയാടത്തുക്കി
നേരായ്‌വിവസ്വാനെ ദിനാന്തവൈദ്യൻ
പോരാതെയോ ഭൂപ്രഷണോരുങ്ങിയന്നാൾ"

.................................................

.................................................

"പാരംപ്രഭാകലിതമാകിയവാനിൽനീല
വീഥ്യസ്തമിച്ചെന്നിര തൻ നികടത്തിലപ്പോൾ
കേരത്തിൽനിന്ന മടൽവീണതഴമ്പുപോലെ
താരങ്ങൾ തൻനടുവിലമ്പിളിവന്നുദിച്ചു"

വെള്ളൂരാന്റെ ഒരു നവീനപ്രസ്ഥാനത്തിലുള്ള ഒരു കവിതയുടെ ആ സ്വാദ്യതയെപ്പറ്റിയും രണ്ടു വാക്കുപറയാതെ തരമില്ല. ഇംഗ്ലീഷിൽ (MystiC poetry) എന്നു പറയുന്ന പ്രസ്ഥാനം ഭാഷയിൽ എഴുത്തച്ഛന്റെ കാലം കഴിഞ്ഞതിനുശേഷം അസ്തമിച്ചിരുന്നതിനെ പുനരുജ്ജീവിപ്പിച്ചു പ്രചാരപ്പെടുത്തിയതിൽ വെള്ളൂരാന്റെ കീർത്തി എന്നന്നേക്കും നിലനില്ക്കുന്നതാണ്. "മനുഷ്യാത്മാവിന്റെ സ്വർഗ്ഗയാത്ര" എന്ന ആ രമണീയകൃതിയുടെ സ്വാരസ്യംകണ്ടാലും വിക്കുക:—

"ഉയരുന്നിതു കിളരുന്നിതു പൊങ്ങുന്നിതു മേന്മേൽ
വളർമേഘത്തിരമാലയിലലയുന്നിതഹോ! ഞാൻ
ചില നാട്ടുകൾ മലവീടുകൾ കുന്നും സമതലവും
കുലയാനകൾ വിലസുന്നൊരു മലതൻ തടമേവും
നലമോടുകടന്നേൻ കരിയിലപോലെ പറന്നേൻ
അലയാഴിയണഞ്ഞേൻ പുനരവിടോടി നടന്നേൻ
ഞെട്ടന്നിടിവെട്ടാം വെടിപൊട്ടിച്ചു രസിച്ചേൻ
ചുട്ടെറിയും താരങ്ങളെയമ്മാനകളിച്ചേൻ
വൻനീട്ടവിടത്തിൽ ഞാനൊരു ബാധിച്ചതുമാറാൻ
മിന്നൽപ്പിണരാം നല്ലൊരു തീപ്പെട്ടിയുരച്ചേൻ
ആകാശമണിമുറ്റമതിങ്കൽ പ്പരിതോഷാൽ
രാകാശശിയെ നല്ലൊരു പന്താക്കിയടിച്ചേൻ
കതിർപോലെ വളർന്നേൻ ചെറുവടിപോലെ വള
[ഞ്ഞേൻ
കതികൊണ്ടു കിളർന്നേൻ കരിയിലപോലെ പറന്നേൻ
കിളരുന്നിതു കിളരുന്നിതു കിളരുന്നിതു മേന്മേൽ
കളർതെന്നലിലലിയുന്നിതു നീന്തുന്നിതഹോ ഞാൻ
വളർവാർമദസുമനോഹര കതിരപ്പുറമേറി-
ക്കളിയാടിനടന്നേനൊരു നവലോകമണഞ്ഞേൻ
അവിടങ്ങളിൽ വളരും ചില രത്നങ്ങളെടുത്തി-
ട്ടുഴകാതെന്നൊരു മഴവില്ലതിരസമോടു ചമച്ചേൻ
അതിനപ്പുറമമരാവതിയും പ്രകൃതിവേഗാൽ
മതിയാവോളമമൃതം കുടകടെയങ്ങു കടിച്ചേൻ
കനൽപോലെയെരിഞ്ഞേൻ നറുമലർപോലെ ചൊ
[രിഞ്ഞേൻ
കനകാഭചൊരിഞ്ഞേൻ കരിയിലപോലെ പറന്നേൻ"

.................................................

.................................................

.................................................

(തുടരും)



(കഴിഞ്ഞതവണ കളഞ്ഞുപോയ ബ്ലാക്ക്)

ഇക്കഴിഞ്ഞ കൌൺസിലിലെ

## സത്യഗ്രഹസുബ്ബയ്യസമരം

നി. നി. സഭയിൽ ഉല്പതിഷ്ണുമെംബറന്മാർ കൊണ്ടുവന്ന സത്യഗ്രഹപ്രമേയങ്ങളേയും പ്രശ്നങ്ങളേയും മാത്രമല്ല, ഗവമ്മേൻറു മനസ്ഥിതിക്കെതിരായി പ്രത്യക്ഷപ്പെട്ട സർവ്വ പ്രമേയങ്ങളേയും പ്രശ്നങ്ങളേയും പ്രസംഗങ്ങളേയുമെല്ലാം തട്ടിത്തകർത്തു ഞെരടിപ്പൊടിച്ചു തവിട്ടുപൊടിയാക്കി പ്പുറത്തിക്കളഞ്ഞ സുബ്ബയ്യമഹാരഥനായ ഗവമ്മേൻറു സാരഥിയെ പെൻഷൻകൊടുത്തു പിരിച്ചയയ്ക്കാതെ വീണ്ടും വീണ്ടും വീണ്ടും എക്സ്റ്റെൻഷൻ കൊടുക്കുവാനൊരുങ്ങുന്ന തിരു: ഗവർമ്മേൻറിനെ സകലരും

**അനുമോദിക്കുകതന്നെ ചെയ്യുന്നു!**

# ആശാൻെറ ആശാനാശം

—:o:—

(ഒരു ചെറുകഥ.)

**K. B.**

ഹൈക്കോട്ടിൽ ഒരു കേസ് അപ്പീൽ കൊടുക്കുന്നതിന് കടകത്തു വേലുആശാൻ രാത്രി എട്ടുമണിക്കുള്ള ട്രെയിനിൽ ചാക്കയിലിറങ്ങി. കൊല്ലത്തെത്തേണ്ട ബോട്ട് വരാൻ താമസിച്ചതിനാലാണ് പകലേ തിരുവനന്തപുരത്തുവന്നു ചേരാഞ്ഞത്. ആശാനു സ്ഥലപരിചയമില്ല. നല്ല ഇരുട്ട്. മേഘപടലംകൊണ്ടു ആകാശമണ്ഡലം ആവൃതമായിരുന്നതിനാൽ അന്ധകാരത്തിനു അസാമാന്യമായി ശക്തിവർദ്ധിച്ചു. പൊടിയും ഇലകളും പറ്റുംകറക്കി മേല്പോട്ടു കൊണ്ടുപോകുന്ന കൊടുംകാററും പൊടിപാറുന്നു. ഉഗ്രമായ ലഹരിയും തിരമാലകളുടേയും ആർത്തിമത്തുള്ള ആരവം ഇടിമുഴക്കത്തിൽ ലയിച്ചു സംഭ്രമജനകമാകുന്നു. മിന്നലിൻെറ വെളിച്ചം നാലുപാടുമുള്ള കാളിമ അപ്പോഴപ്പോൾ ദൃശ്യമാകത്തക്ക രീതിയിലായിരുന്നു. ആശാൻ ഈ പ്രകൃതിയിൽ അമ്പരന്ന് അരമണിക്കൂർ സ്റ്റേഷനിൽതന്നെ കഴിച്ചു. പോരുകണ്ടവരൊക്കെ പോയിക്കഴിഞ്ഞു. രാത്രിയിൽ നിസ്സഹായനായി ഇവിടെത്തന്നെ തങ്ങുകയാണെങ്കിൽ തസ്കരന്മാർ വട്ടംകറക്കുമെന്നു അനുമാനിച്ചുതിരിച്ചു. മിന്നാമിനുങ്ങിൻെറ വെളിച്ചംപോലെ അവിടവിടെ മിനുങ്ങിക്കാണുന്ന വിളക്കുകൾ വഴി വേർതിരിച്ചു കാണിക്കുന്നതിനുമാത്രമേ സഹായിച്ചുള്ളു. നേരേ കിഴക്കോട്ടു തിരിച്ചു. ഏകാകിയായി നടന്നു. താൻ വലിയ പരോപകാരിയാണെന്നും തന്നെയും ഈ രാത്രിയിൽ ആരെങ്കിലും സഹായിക്കാതിരിക്കയില്ലെന്നും ആശാപാശബദ്ധനായ ആശാൻ കരുതാതെയിരുന്നില്ല. കൂട്ടുകാർ വല്ലവരുമുണ്ടോ എന്നു തിരിഞ്ഞു നോക്കുന്നുണ്ട്. ആരുമില്ല. ഉണ്ടെങ്കിൽതന്നെ സ്വൈരമായി സംസാരിക്കത്തക്കവണ്ണമുള്ളവരല്ല. മെയിൽട്രെയിൻ പോകാൻ സമയമായതിനാൽ എതിരേ വന്നു ചേരുന്ന വണ്ടികളും ആശാനു ക്ലേശത്തെ വരുത്തി. "ആപത്തുവരുന്നേരം കൂട്ടത്തോടെ" എന്നു പറഞ്ഞതുപോലെ, ഒരുവിധം സഹിച്ച് പുത്തൻകച്ചേരിയുടെ പടിഞ്ഞാറുവശത്തുള്ള സ്റ്റാച്യുവിനു കിഴക്കുവശം വന്നിരുപ്പുപിടിച്ചു. കുറേക്കഴിഞ്ഞു ആ റോഡിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നു. "ഇന്നു രാത്രി ഉണ്ണേണ്ടതു എവിടെ? ഉറങ്ങേണ്ടതു് എവിടെ" ഈ വിചാരങ്ങൾ അടിക്കടി മനസ്സിൽ ഉദിച്ചു. ഗത്യന്തരമില്ലാതെ വലയുമ്പോൾ ഇവയെ അല്പസമയമായിസൂക്ഷിച്ചിരുന്ന ഒരാൾ സമീപത്തു വന്നു:— നിങ്ങൾ എന്താ! ഇവിടെനിന്നു കറങ്ങുന്നതു?

ആശാൻ:—(ആഗതൻ യോഗ്യനാണെന്നുകരുതി) ഇവിടെ ക്ലബ്ബ് എവിടെയുണ്ട്. നല്ല വൃത്തിയുള്ളതായിരിക്കണം.

ആഗതൻ:— സമീപത്തു് നല്ല ക്ലബ്ബുണ്ട്. നിങ്ങൾ ഇവിടെ എന്തിനാണ് വന്നതു?

ആശാൻ:— ഹൈക്കോർട്ടിൽ ഒരു കേസ് അപ്പീൽ കൊടുക്കണം. എല്ലാംകൂടി നാളെ സാധിച്ചു വൈകുന്നേരത്തോടുകൂടി റെയിൽ കയറണമെന്നു വിചാരിക്കുന്നു. വക്കീലന്മാരെ ആരെയെങ്കിലും ഇന്നു കാണാൻ തരപ്പെടുമോ? ജോലി എവിടെയാണ്? പേരെന്തു?

ആഗതൻ:— വരണം ചേട്ടാ വരണം ആദ്യം ഊണു കഴിക്കാം. മള്ളൂർ നല്ല വക്കീലാണ്. എൻെറ സ്വന്തവുമാണ്. ഇന്നുതന്നെ കണ്ടു ഏർപ്പാടുചെയ്യാം. ഞാൻ ഹൈക്കോർട്ടിൽ ഒരു ക്ലർക്കാണ്. പേരു ഗോപാലൻനായർ.

അവർ പലതും സംസാരിച്ച് മെയിൻറോഡിലുള്ള ഒരു ക്ലബ്ബിൽചെന്നു കയറി. വാതലിനുസമീപം നിന്നിരുന്ന ക്ലർക്കിനെ ഉണ്ണാൻ ക്ഷണിച്ചുവെങ്കിലും നിരസിച്ചു "ചേട്ടൻ ഊണു കഴിക്കണം. ഞാൻ ഇതാവന്നു ഒരാളെകാണുവാനുണ്ട്. ഉണ്ടെഴിക്കുമ്പോൾ എത്തിക്കൊള്ളാം"മെന്നു പറഞ്ഞു ആഗതൻ അവിടെനിന്നു മറഞ്ഞു

ഈ ആഗതൻ സാമാന്യത്തിലധികം പൊക്കമുള്ളവനാണു. കാഴ്ചയിൽ വലിയ തരക്കേടില്ല. ആരേയും വശീകരിക്കത്തക്ക സംഭാഷണവൈദഗ്ദ്ധ്യമുണ്ട്. പ്രസന്നത ഒട്ടും കുറവില്ല. വളഞ്ഞു്, മേല്പോട്ടു മുറുക്കിവിട്ടിരിക്കുന്ന കൈയിസർമീശ മുഖഗൌരവത്തിനു മാററു കൂട്ടുന്നു. ഒരററം വളഞ്ഞ ഒരു ചൂരൽവടി കൈയിലുണ്ട്. മിക്കവാറും ഒരു രാത്രിഞ്ചരനാണ്. അയാൾ എന്തിനാണു പോയതെന്നും പറഞ്ഞതിൽ വാസ്തവമെന്തുണ്ടെന്നും വഴിയേ കാണാം.

ആശാൻെറ ആഹാരവുംകഴിഞ്ഞു രാത്രിയിൽതന്നെ വക്കീലിനെ കാണ്മാൻ അക്ഷമനായിരിക്കവേ നായർ എത്തി. വളരെ സന്തോഷിച്ചു. ഉത്തമനായ നായരുടെ പരോപകാരതയെ ആന്തരമായി അഭിനന്ദിച്ചു.

ഗോപാലൻനായർ:— വീടെവിടെ? പേരെന്തു? ഇവ ആദ്യമേ ചോദിക്കാഞ്ഞതിൽ ക്ഷമിക്കണേ!

ആശാൻ:— പെരുമ്പാവൂർ കടകത്തു കുടുംബത്തിലെ കാരണവനാണ്. ഒരു വസ്തുസംബന്ധിച്ച ക്രിമിനൽകേസിൽ അനാവശ്യമായി അഞ്ഞൂറു രൂപ

ശിക്ഷിച്ചു. വക്കീലിനെ കാണാൻ ഇപ്പോൾ തരപ്പെടുമോ?

ഗോപാ: മിസ്റ്റർ മള്ളൂരിനെ ഞാൻ ഇപ്പോൾ കണ്ടു. അദ്ദേഹം ഊണുംകഴിഞ്ഞു നാളത്തെ കേസുകളുംസംബന്ധിച്ചു നോട്ടു കുറിക്കാൻ ആഫീസിൽ പോകുന്ന വഴിക്കാണ് കണ്ടതു്. കേസിന്റെ വിവരം പറഞ്ഞു. അദ്ദേഹത്തിനു വളരെ കേസുകളുള്ളതുകൊണ്ടു തരപ്പെടുകയില്ലെങ്കിലും ഒരു വിധം ഞാൻ സമ്മതിപ്പിച്ചു. ഇപ്പോൾ സൌകര്യമുണ്ടു്.. എന്താ പോകരുതേ?

ആശാൻ നായരൊന്നിച്ചു തിരിച്ചു. ഇതുലാംഘവമായി കാര്യങ്ങൾ ഭാഗിയായി സാധിച്ചതിൽ മനസ്സമാധാനമായി നടന്നു് റോഡരികിലുള്ള ഒരുവക്കീലാഫീസിൽ ചെന്നുകയറി. ആജാനുബാഹുവായ ഒരാൾ ഒരുകെട്ടു കടലാസു അടുക്കിവെച്ചു എന്തോ എഴുതുന്നു. കൃത്യാന്തരബാഹുല്യതയാൽ സ്വധർമ്മത്തിനു ലോപംവരുത്താതെ സമീപത്തു നില്ക്കുന്നവനോടു് എന്തോ ചോദിക്കുന്നു. വെളുത്ത ഷർട്ടു ഇട്ടിട്ടുണ്ടു്. നിറം വെളുപ്പാണു്. ആകപ്പാടെ ക്ഷേമതപമെല്ലാമുണ്ടു്. സമീപത്തു നില്ക്കുന്നവനെ ശാസിക്കുന്ന സമയത്താണു ഇവർ ചെന്നതു്. ഗോപാലൻനായർ ഒഴിഞ്ഞു നിന്നു.

വക്കീൽ:—ആരാ ?

ഗോപാ:—ഗോപാലൻ.

വക്കീൽ:—ആ ആൾ വന്നിട്ടുണ്ടോ?

ആശാൻ ഈ സമയത്തു ആഫീസുമുറിക്കകത്തു കയറി താണൊന്നു തൊഴുതു് വളരെ താഴ്മയായി ആദരവോടെ ഒതുങ്ങി നിന്നു.

വക്കീൽ:—നാളത്തെ കേസുകൾ നോക്കുകയാണു്- നിങ്ങളുടെ വിവരം ഗോപാലൻ പറഞ്ഞു. ജോലിത്തിരക്കുകളാൽ തരപ്പെടുകയില്ലെങ്കിലും അസമയത്തു വന്നു ബുദ്ധിമുട്ടുന്ന നിങ്ങളെ സഹായിക്കണമെന്നുള്ള ഗോപാലന്റെ നിർബന്ധം കൊണ്ടു് സമ്മതിച്ചു. ജഡ്ജിമെന്റു കൈയിലുണ്ടോ?

ആശാൻ:—അങ്ങുന്നു് രക്ഷിക്കണം. വീട്ടിൽനിന്നു തിരിച്ച അവസരത്തിൽ "പെരുമ്പാവൂർ മാധവപ്പണിക്കർ" വക്കീൽ, അവിടത്തെ വശം തന്നെ കേസു് ഏല്പിക്കണമെന്നുപറഞ്ഞു. ഏതെങ്കിലും വിധത്തിൽ കേസു് ജയിച്ചു തരണം. ജഡ്ജിമെന്റു് കൈയിൽ കൊടുത്തു.

വക്കീൽ:—നാളെ ആറേഴു അപ്പീൽകേസു് വാദം കേൾക്കുന്നു അതു നോട്ടെടുത്തതിന്റെ ശേഷം നിങ്ങളുടെ കേസു് നോക്കാം. കേസിന്റെ വിവരം ഒന്നു ചുരുക്കി പറയണം.

ആശാൻ കേസിന്റെ വിവരം ഒന്നു ചുരുക്കി പ്പറഞ്ഞു അതു് അപ്പീലിൽ നിഷ്പ്രയാസം ജയിക്കാമെന്നും ആവശ്യപ്പെടുന്ന തെളിവുകൾ ശേഖരിച്ചു തരണമെന്നും ഹൈക്കോർട്ടിൽ ചെന്നാൽ കേസു് പാടെ തകർന്നുപോകുമെന്നും അയാളുടെ മനസ്സ് കുളുക്കത്തക്കവണ്ണം പറഞ്ഞുഫലിപ്പിച്ചു. ആയിരം രൂപയിൽ(ഫീസു)കുറഞ്ഞ സ്മാൾകേസുകൾ ഒന്നും താൻ പിടിക്കാറില്ലെന്നും മിസ്റ്റർ മാധവപ്പണിക്കരുടെ സ്നേഹംകൊണ്ടാണു് സമ്മതിച്ചതെന്നും ഇക്കേസ്സിനു മുന്നൂറു രൂപയെങ്കിലും ഫീസു് കിട്ടിയാൽ മാത്രമേ തനിക്കു ഏല്ക്കാൻ തരപ്പെടുകയുള്ളുവെന്നും അതുതന്നെ ഒരു നിസ്സാര തുകയാണെന്നും അതിൽ ഒരു നൂറുരൂപയെങ്കിലും ഇന്നു കിട്ടിയെങ്കിലേ കേസു് നോക്കുകയുള്ളുവെന്നും ബാക്കി ഹീയറിംഗിനു തന്നാൽ മതിയെന്നും ജോലിത്തിരക്കുകളാൽ അധികം വർത്തമാനം പറയാൻ നിവൃത്തിയില്ലെന്നും ഗൌരവമായി ധരിപ്പിച്ചു. ആശാൻ സംശയം കൂടാതെ എഴുപതു രൂപ മേശപ്പുറത്തു വെച്ചു. ബാക്കി രൂപ നാളെ കാലത്തു തരാമെന്നും ഏതു വിധത്തിലെങ്കിലും കേസു് ജയിച്ചുതരണമെന്നും പറഞ്ഞു് ഒതുങ്ങി നിന്നു. വക്കീൽ ഗൌരവം വിടാതെ സമ്മതിച്ചു് ജഡ്ജിമെന്റു മടക്കി കൊടുത്തു. അദ്ദേഹത്തിന്റെ അനുവാദപ്രകാരം ഗോപാലൻനായർ രാത്രി ശയനത്തിലേയ്ക്കു അറപ്പുര ബംഗ്ലാവിൽ ആശാനെ കൊണ്ടുപോയി.

രാത്രി മണി പതിനൊന്നായി. പുളിമൂട്ടിന്റെ കിഴവശത്തുകൂടി തിരിച്ചു. റോട്ടിൽ റാന്തൽ എല്ലാം കെട്ടു. നായർ ഒന്നും സംസാരിക്കുന്നില്ല. ശ്രീകണ്ഠേശ്വരം ക്ഷേത്രവാളപ്പിൽ എത്തി. കിഴക്കെ വാതൽ തുറന്നു കിടക്കുന്നു. "ഞാൻ ഇതാ വന്നു. പോററിയോടു നാളത്തെ കേസ്സിന്റെ വിവരം അറിയിച്ചു് അര നിമിഷത്തിൽ വരാം. അറപ്പുരബംഗ്ലാവു വളരെ അടുത്തു തന്നെ. ഭവാൻ ഇവിടെത്തന്നെ നില്ക്കണം". എന്നു പറഞ്ഞു് നായർ അമ്പലത്തിനകത്തു കടന്നു. ആശാൻ ഒരു മണിക്കൂർ സമയം അവിടെ നിന്നും ഇരുന്നും കഴിച്ചുകൂട്ടിയെങ്കിലും നായരെ കാണുന്നില്ല. നിദ്രയും ക്ഷീണവും അയാളെ ക്രമത്തിലധികം വലച്ചു.

നടയിൽ നിന്ന കാൺസ്റ്റബിളിനോടു്:-ഒരു മണിക്കൂറിനു മുമ്പെ ഒരാൾ അമ്പലത്തിനകത്തു കയറി. അയാളെ ക്ഷണം വരാൻ ഒന്നു വിളിച്ചു പറഞ്ഞാൽ വലിയ ഉപകാരമായി എന്നുപറഞ്ഞു.

കാരൻ:–അമ്പലത്തിനകത്തു ഒരാളും കയറുകയോ? ഇവിടെ ആരുമില്ല. എന്താ ഹേ! തലയ്ക്കു വെളിവില്ലേ?

അമ്പലത്തിന്റെ വെളിയിൽക്കൂടി ഒരു പ്രദക്ഷിണം വന്നു എങ്ങും നായരെ കാണുന്നില്ല. നേരെ വക്കീൽആഫീസിൽതന്നെ പോകാമെന്നു നിശ്ചയിച്ചു. കേസ്സ് ഏൎപ്പെട്ട നോക്കാനുള്ളതു കൊണ്ടു ഏറെ സമയം ആഫീസ് തുറന്നിരിക്കുമെന്നു കരുതി വേഗം നടന്നു തുടങ്ങി. ഇടങ്ങോട്ടു വന്ന ഒരു ലക്കു പിടിച്ചു് ഇരുട്ടിൽ വളരെ ബുദ്ധിമുട്ടിയും നിദ്രാക്ഷീണം കൊണ്ടു വലഞ്ഞും ഒരു വിധത്തിൽ ആടിത്തുങ്ങിയലഞ്ഞു സ്റ്റാച്യൂവിന് മുൻവശത്തെത്തി. റോട്ടിൽ ആരുമില്ല റോട്ടരികിൽ അനേകം ബംഗ്ലാവുകൾ കാണുന്നു എല്ലാം പൂട്ടിയിരിക്കുന്നു. വിളിക്കാമെന്നു വച്ചാൽ നല്ല നിശ്ചയവുമില്ല. മുന്നൂറു രൂപയോളം കൈവശമുള്ളതുകൊണ്ടു വല്ല പടിക്കലും കയറി കിടക്കാനും നിവൃത്തിയില്ല. വളരെ കുഴങ്ങി അങ്ങോട്ടും ഇങ്ങോട്ടും കുറെ നടന്നു. ഒരു രൂപവുമില്ല. അപ്പോൾ എതിരെ ഒരാൾ വരുന്നതു കണ്ടു ആൾ ഒരു ചെറുപ്പക്കാരനാണ്. ഉടുപ്പിട്ടിട്ടുണ്ടു്. മുഖംമാത്രം വെളിയിൽ കാണത്തക്കവണ്ണം മറുഭാഗം മസ്ലിൻകൊണ്ടു ചുറ്റിക്കെട്ടിട്ടുണ്ടു്. വളരെ വേഗത്തിൽ നടന്നു പോകുന്നു

ആശാൻ:–മല്ലൂരിന്റെ ആഫീസ് ഏതാണ്? ഒന്നു പറഞ്ഞുതന്നാൽ കൊള്ളാം.

യാത്രക്കാരൻ:–(താഴ്ന്നസ്വരത്തിൽ മുഖത്തു നോക്കാതെ) എനിക്കറിഞ്ഞുകൂടാ.

ആശാൻ:–നിങ്ങളുടെ വീടു സമീപത്താണോ? രാത്രിയൽ എവിടെയെങ്കിലും എനിക്കു ഒന്നു കിടന്നാൽ കൊള്ളാം.

യാത്ര.–എന്റെ വീട്ട് ഇവിടെനിന്നു് അര നാഴിക വരും. അവിടെ വന്നാൽ സൌകര്യപ്പെടുത്താം വീടെവിടെ?

തന്റെ വീട്ടും വന്ന കാരണവും രാത്രിയിൽ വക്കീലിനെ കണ്ടതും ഭംഗിയായി യാത്രക്കാരനെ ധരിപ്പിച്ചു. ആ പാന്ഥനാകട്ടെ വിചാരമഗ്നനായി നടക്കയാണു ചെയ്തതു്. മെയിൻറോട്ടിൽനിന്നു് അര നാഴിക വടക്കോട്ടു പോയി കിഴക്കോട്ടുള്ള റോട്ടു തിരിഞ്ഞു് ഒരു പടിക്കലെത്തി 'ജാനമ്മ'യെന്നു് ആ യാത്രക്കാരൻ വാതൽമുട്ടി വിളിച്ചു. കതകു തുറന്നു രണ്ടുപേരും അകത്തു കയറി. ആശാനു ഇരിപ്പാൻ സ്ഥലം ചൂണ്ടിക്കാണിച്ചു് യുവാവു വീട്ടിനകത്തു പ്രവേശിച്ചു. വിളക്കു വെളിയിൽ കത്തുന്നുണ്ടായിരുന്നു.

ആശാന് ഉദ്ദേശം നാല്പത്തഞ്ചു വയസ്സാകും. കുടുംബമഹിമ മുഖത്തു നന്നേ തിളങ്ങുന്നു. ഭംഗിയായ ചെറിയ കുടവയറുണ്ടു്. വലിയ പൊക്കമില്ല. ഒരു ചെറിയ ഭാണ്ഡം മടിയിൽ ഇരുപ്പുണ്ടു്. അല്പം ഒന്നു കുനിഞ്ഞു് ഒരു കൈ താടയിൽ കൊടുത്തു് മറ്റേ കൈ ഭാണ്ഡത്തെ താങ്ങി വീട്ടിന്റെ നാലുപാടും നോക്കിക്കൊണ്ടിരുപ്പായി. തിരുവനന്തപുരത്തെ മഹിമയും കേസിന്റെ കാര്യവും മല്ലൂരിന്റെ യോഗ്യതയും ഗോപാലൻനായരുടെ തിരോധാനവും എല്ലാംകൂടി സമ്മേളിച്ച ഒരു യുദ്ധം തന്നെ ഹൃദയത്തിൽ നടന്നുകൊണ്ടിരുന്നതിനാൽ സമയം കഴിഞ്ഞതു അറിഞ്ഞില്ല. കുറച്ചു കഴിഞ്ഞപ്പോൾ സർവാലങ്കാരഭൂഷിതയായ ഒരു സുന്ദരി ആശാന്റെ ഒരു വശത്തായി നിലകൊണ്ടു. അദ്ദേഹത്തെനോട്ടംകൊണ്ടു ആകപ്പാടെ ഒന്നു സൎവ്വേ ചെയ്തു.

സ്ത്രീ:–ഊണു കഴിക്കേണ്ടയോ?

ആശാൻ:– 'ഞാൻ ഊണു കഴിഞ്ഞു' എന്നു പറഞ്ഞു്, തനിക്കു പരിചയമുള്ള ശബ്ദമായതിനാൽ ഒന്നു തിരിഞ്ഞു നോക്കിയപ്പോൾ സ്ത്രീയാണെന്നറിഞ്ഞു. മനസ്സിനു ഒരു ശീതളതാപം വ്യാപിച്ചു് തിരുനോട്ടം കഴിച്ചു:– എന്നോടു വന്ന ചെറുപ്പക്കാരൻ എവിടെ?

സ്ത്രീ:–(ആശാന്റെ മുഖഭാവം കണ്ടു് ആൾ മനസ്സിലാക്കിയിരിക്കുമെന്നുകരുതി) അതു ഞാൻ തന്നെ. എന്റെ സഹോദരി വാതലു തുറന്നവൾ ബി. എ. ക്കു വായിക്കുകയാണു്

"പണ്ടേ രോഗിണി അതിലും ഗർഭിണി" എന്ന നിലയിൽ ഇവിടെ വന്നുചേർന്നതു് ഗ്രഹപ്പിഴയായി എന്നു ശുദ്ധനായ ആശാൻ അന്ധാളിച്ചു. ടൌണിൽ അർദ്ധരാത്രി ഉടുപ്പുംകെട്ടുമായി സ്ത്രീകളും യാത്രചെയ്യുമോ? ഇതിന്റെ ആവശ്യമെന്തു്?. ഇവിടത്തെ പരിഷ്കാരമായിരിക്കാം. ഏതായാലും കോളു പിടിക്കുന്നില്ല. ഇവിടെ നമുക്കു ചേർന്നതുമല്ല. രാത്രി ഉറക്കം വേണ്ടെന്നുതന്നെ കരുതാം. ഇങ്ങനെ ആലോചന മുറുകിയിരിക്കവെ അടുത്തകരണീയം എന്താണെന്നുള്ള ഘട്ടത്തിലെത്തി.

സ്ത്രീ:— എന്താ കുഴങ്ങിയിരിക്കുന്നതു്.? അശേഷം സംശയിച്ചിട്ടാവശ്യമില്ല. ആഹാരം ആവശ്യമില്ലെങ്കിൽ കിടക്കാം. ധൈര്യമില്ലെങ്കിൽ വീട്ടിലേക്കു ക്ഷണിക്കുമോ?.

ആശാൻ:— എങ്ങോട്ടാ പോയിരുന്നതു്?

സ്ത്രീ:— പുരുഷന്മാരുടെ ശല്യംകൊണ്ടു കഴിച്ചുകൂട്ടാൻ നിവൃത്തിയില്ല. സഹോദരിയെ ഈ കൊല്ലം തന്നെ പരീക്ഷക്കു് അയക്കാൻ തരപ്പെടുമോയെ

ന്നു അന്വേഷിപ്പാൻ വാദ്ധ്യാരുടെ വീട്ടിൽ പോയിരുന്നു. കാലം അങ്ങനെ ആയിപ്പോയി

എന്തിനു്? ഇങ്ങനെ കുറെ വ്യാജം തട്ടിമൂളിച്ചു. പരിതസ്ഥിതികൾ ആശാനു പിടിച്ചില്ല. ആ സ്ത്രീയുടെ പിരട്ടിലും പുകിട്ടിലും ഉൾപ്പെടാതെ അവിടെ നിന്നിറങ്ങി വലിയ ബുദ്ധിമുട്ടുകൂടാതെ പുത്തൻകച്ചേരിയുടെ മുൻവശത്തെത്തി. അവിടെ നിന്നു കറങ്ങി. ഒരു പരിചയവുമില്ലാത്ത ആശാൻ എന്തു ചെയ്യും? വളരെ സങ്കടപ്പെട്ടു

കാൺസ്റ്റബിൾ:— (സമീപത്തു വന്നു്) നിങ്ങൾ എന്താ ഇവിടെ നില്ക്കുന്നതു്? വീടെവിടെ?

ആശാൻ:— വീട്ടു വടക്കാണു്. ഒരു കേസു കൊടുക്കാൻ വന്നു ഇന്നു രാത്രി എവിടെ കിടക്കാൻ സൌകര്യപ്പെടുമെന്നു് പറഞ്ഞുതന്നാൽ കൊള്ളാം.

കാൺ:— (നല്ലതരമെന്നു കരുതി) കച്ചേരിയുടെ പടിഞ്ഞാറെ വരാന്തയിൽ സുഖമായി കിടക്കാം. ഒരു രാത്രിക്കു് അരരൂപാ ചാർജ്ജുണ്ടു്. ഒരു ഉപദ്രവവുമില്ലെന്നുമാത്രമല്ല പടിഞ്ഞാറുനിന്നു് കാറ്റു കിട്ടുകയും ചെയ്യും.

നിരുപദ്രവമായി രാത്രി കഴിച്ചുകൂട്ടാമല്ലോയെന്നു കരുതി പോലീസുകാരനു് അരരൂപ കൊടുത്തു് അനുവാദവും വാങ്ങി ഹജൂർകച്ചേരിയുടെ മുൻവശത്തെത്തി. ഉറക്കത്തിനു വട്ടംപിടിച്ചു. കൈയിൽ ഏറെ രൂപയുണ്ടു്. സമാധാനമായി ഉറങ്ങാൻ നിവൃത്തിയില്ല. ധാരാളം ആളുകൾ കിടക്കുന്നു. അരരൂപ കൊടുത്തതല്ലേ?. സൌകര്യമായി മുറിഞ്ഞു കിടപ്പുണ്ടോയെന്നു പരിശോധിച്ചു. ഒരു മുറിയിൽ ഏതോ ഒരു കൊച്ചുകുടുംബിനിയുടെ പ്രണയകലഹം കേട്ടു. അവിടെനിന്നും കടന്നു് വേറെ അന്വേഷിച്ചതിൽ ഒത്ത സൌകര്യം ഏങ്ങും കിട്ടിയില്ല. ആളില്ലാത്ത വരാന്തയിൽ ഒരുഭാഗത്തു് ചെന്നു കിടന്നു. ഏകദേശം ഒന്നു മയങ്ങിയപ്പോൾ ഒരാൾ സാവധാനത്തിൽ എത്തി ഭാണ്ഡത്തെ എടുക്കാൻ ഭാവിച്ചു. ആശാൻ ആ നിമിഷത്തിൽ എണീററിട്ടില്ലായിരുന്നുവെന്നുവരികിൽ ഭാണ്ഡത്തിന്റെ കഥ അപ്പോൾതന്നെ കഴിഞ്ഞേനേ. ആശാനു് മുതുകിൽ ശരിയായ രണ്ടുപ്രഹരം കിട്ടി. തസ്കരനെ കാണ്മാനുമില്ല. പണംകൊടുത്തു സ്ഥലംഎടുത്താലും, ഇത്തരം വൈഷമ്യം ഉണ്ടാകുന്നതു് കഷ്ടംതന്നെയെന്നു് സങ്കടപ്പെട്ടു് അടിയുടെ ഒരു അംഗണ്യമാക്കി മനസ്സുകൊണ്ടു് ശപിച്ചു് പരിചിതമായ സ്റ്റാറ്റ്യുവിന്റെ മുൻവശത്തെത്തി. രാത്രി മണി നാലടിച്ചു. അവിടെയിരുന്നും എണീററുനടന്നും പ്രഭാതമാകുന്നതുവരെ കഴിച്ചുകൂട്ടാൻ പെട്ടപാടു് ആശാന്റെ സ്മൃതിപഥത്തിൽനിന്നു് ഒരിക്കലും മാഞ്ഞുപോകാത്ത രീതിയിലായിരുന്നു.

പ്രഭാതമായപ്പോൾ വക്കീലാഫീസ് കണ്ടുപിടിക്കാനുള്ള ശ്രമമായി. ആഫീസുകൾ ഒന്നും തുറന്നിട്ടില്ല. ഇന്നു് കേസ്സ് ഫയലാക്കിയില്ലെങ്കിൽ അപ്പീൽ അവധി തെററുകയുംചെയ്യും. ഏതായാലും രാവിലെ കുളിക്കണം. പത്മതീർത്ഥത്തിൽ കുളിക്കാൻ സൌകര്യമുണ്ടെന്നറിഞ്ഞു് നേരേ തെക്കോട്ടു തിരിച്ചു. മലമൂത്രവിസർജ്ജനത്തിനുകൂടി നിവൃത്തിയില്ലാത്ത ടൌൺവാസക്കാരുടെ കഷ്ടമായ ജീവിതത്തെപ്പററിയും ഓർക്കാതിരുന്നില്ല. ആശാൻ ആശയ്ക്കൊത്ത വണ്ണം ഭംഗിയായി കുളികഴിഞ്ഞു പോററിയുടെ കാപ്പിക്ലബ്ബിൽകയറി ലഘുഭക്ഷണവുംകഴിച്ചു കിഴക്കേ കോട്ടവാതലിന്റെ മുൻവശത്തെത്തി. കിഴക്കേക്കോട്ടവാതലിൽ ചെയ്തിട്ടുള്ള വിചിത്രപ്പണികൾനോക്കി ഹൃദയംകുളുർക്കെ ആനന്ദിച്ചു. അതിലെ വലിയ ആക്കും ഇടയും ഇടക്കെട്ടും മുകളിലെ മട്ടുപ്പാവും അതിന്റെ ഒരു ഭാഗത്തുകൂടി കാണുന്ന ഗോപുരത്തിലെ സ്വർണ്ണക്കുടങ്ങളും അവയിൽ ഇളംകിരണങ്ങൾ പ്രതിഫലിച്ചു വെളുത്തിരുകൾ തൂകുന്ന ആകർഷണീയമായ ഭംഗിയുംഒക്കെ കണ്ടു ആശാൻ ആഹ്ലാദഭരിതനായി അമ്പരന്നു കൃത്യം മറന്നു നിന്നുപോയതിൽ അതിശയിക്കാനില്ല. സമീപത്തു വളരെ ആളുകൾ നിന്നിരുന്നു. വക്കീലിന്റെ ആഫീസിലേക്കു തിരിക്കാൻ ഭാവിച്ചപ്പോൾ ചില്ലറ ആവശ്യങ്ങൾക്കു ഷർട്ടിന്റെ പാക്കററിൽ ഇട്ടിരുന്ന പന്ത്രണ്ടുരൂപയുടെ ഒററരൂപനോട്ടു കാണുന്നില്ല- പല തരത്തിലും പണം തിരക്കി. സമീപത്തു നിന്നിരുന്നവർ അനുകമ്പ പ്രദർശിപ്പിച്ചു. ഒരു വിവരവും കിട്ടാത്തതിനാൽ സ്റ്റേഷനിൽ അറിയിച്ചു. ഒരു കാൺസ്റ്റബിൾ പ്രതിഫലം കൂടാതെ ഏറെത്തോളം ബുദ്ധിമുട്ടുമോ ആ വിധം അന്വേഷണം നടത്തി. എന്തു്? വലിയ ഇച്ഛാഭംഗമായി വക്കീൽ ആഫീസിലേക്കു തിരിച്ചു. ലുബ്ധനായ ആശാൻ ഹൃദയമെരിഞ്ഞു സങ്കടപ്പെട്ടു പഴവങ്ങാടി കോട്ട കഴിഞ്ഞു കുറെക്കൂടി വടക്കോട്ടു പോയപ്പോൾ സാമാന്യം കാഴ്ചയിൽ യോഗ്യനും മാന്യനും ആയ ഒരു നായരെക്കണ്ടു ആ നായർ ഒരു ബങ്ക്ളാവിന്റെ പടിക്കലാണു നിന്നിരുന്നതു്. ചുരുണ്ടിരിക്കുന്ന തലമുടി അററം കെട്ടി പിൻഭാഗത്തു കലച്ചിട്ടിട്ടുണ്ടു്. ചന്ദനക്കുറി നെററിയിൽകിടക്കുന്നു. മുഖംവീർത്തു തടിച്ചതാണു്. വടക്കൻ ഉരുട്ടുകടുക്കൻ കാതിലുണ്ടു്. സാമാന്യം കറുത്തനിറം കിളരം അധികമില്ലെങ്കിലും നല്ല കുടവയറുണ്ടു്. നല്ല മാംസളമായശരീരം പാദരക്ഷക്കു് ചെരുപ്പുണ്ടു്. ആറുമുളം നീളമുള്ള ഒരു പുളിയിലക്കര നേരിയതു് കുടവയറിനു മുകളിൽകൂടി വിരിച്ചു മുട്ടോളം ഞാത്തിയിട്ടിട്ടുണ്ടു്. നായർ കുടനുത്തു തോളത്തു താങ്ങി അന്നത്തെ പ്രവൃത്തിഫല

തികഠാരക്ക് മനസ്സിൽ പ്ലാട്ടിട്ടു പ്രസന്നവദനനായി നില്ക്കുമ്പോഴാണ് ആശാൻ കണ്ടുമുട്ടിയതു്. ആശാനെ നായർ ആകമാനം ഒന്നു നോക്കി.

ആശാൻ:—മള്ളൂർ എവിടെ താമസിക്കുന്നു? ഒന്നു പറഞ്ഞുതന്നാൽ കൊള്ളാം.

വക്കീലിനെ അന്വേഷിക്കുന്നതു് വല്ല കേസും കൊടുക്കുന്നതിനായിരിക്കാം. ഏതായാലും ഇന്നത്തെ ആശാസാദ്ധ്യം ഫലിച്ചുവെന്നു കരുതി.

നായർ:—"മള്ളൂരിനെ അന്വേഷിക്കുന്നതു് എന്തിനാണ്? അദ്ദേഹം ഇവിടെയില്ലല്ലോ. രണ്ടു ദിവസം മുമ്പെ ഒരു കേസ്സിന് കൊല്ലത്തു പോയിരിക്കയാണ്"

ആശാൻ:— (വലിയപരിഭ്രമത്തോടുകൂടി) വാസ്തവമാണോ?

നായർ:— വാസ്തവംതന്നെ. എന്തു പററി?

ആശാൻ വളരെ ക്ഷീണനായി യാത്രാസമയത്തുള്ള ശകുനപ്പിഴയും ഓർത്തു് വിധിയെ പഴിച്ചു. മുഖത്തു് ഭാവഭേദങ്ങൾകണ്ടു. ആശാൻ തലേദിവസം നടന്ന സംഭവങ്ങൾ അതേരീതിയിൽ വിവരിച്ചു. ശരിയായ ഒരബദ്ധമാണു് പററിയതെന്നും വിദേശിയർ ഇവിടെ വന്നു് ഇത്തരം ദയനീയമായ വഞ്ചനകൾ അനുഭവിക്കുമുണ്ടെന്നും ഏതായാലും ഒന്നന്വേഷിക്കാമെന്നും മററും സുപ്രസിദ്ധമായ വശ്യവാക്കുകളാൽ നായർ കുളിർമയായി പറഞ്ഞു് ലാഘവമായി ആശാനെ പാട്ടിലാക്കി. രണ്ടുപേരുംകൂടി വക്കീൽ ആഫീസുകളിൽ ചെന്നു് വ്യാപകമായ അന്വേഷണങ്ങൾ നടത്തി. ഒരു ഫലവുമില്ല. ശ്രീകണ്ഠേശ്വരം ക്ഷേത്രവളപ്പിൽ ചെന്നു. കിഴക്കേവാതലിൽകൂടി ആളുള്ളിൽ കടന്നാൽ പടിഞ്ഞാറെ നടയിൽകൂടി പുറത്തിറങ്ങാമെന്നും മററും അല്ലാതെ ഈ വഞ്ചതിയെപ്പററി ഒരറിവുമുണ്ടായില്ല. പോലീസിലും അറിയിച്ചു. അവർ എന്തന്വേഷിക്കുന്നു? ഫലമൊന്നുമുണ്ടായില്ല. "വലിയ ഗ്രഹപ്പിഴക്കാലമാണ്" വന്ന നഷ്ടങ്ങൾ പോകട്ടെ. നല്ല വക്കീലിനെ അന്വേഷിക്കണം" എന്നു് ആശാൻ പറഞ്ഞപ്പോൾ നായർ മനസ്സമാധാനമായി കപടമായ അനുതാപം അഭിനയിച്ചു. കൂടാതെ, മള്ളൂർ ഇവിടെയില്ലാത്തതു് ഭാഗ്യമായിപ്പോയെന്നും അദ്ദേഹത്തിനു കേസു കൊടുത്താൽ ഇപ്പോഴത്തെ നില അനുസരിച്ചു തോല്ക്കുകമാത്രമല്ല, വലിയ നഷ്ടംകൂടി വരുത്തി സങ്കടത്തിനു കാരണമാക്കുമെന്നും വാണീവിലാസംപോലെ തട്ടിമൂളിച്ചു. ഹൈക്കോട്ടുവക്കീലായ നാണുപിള്ള പിടിക്കുന്ന എല്ലാ ക്രിമിനൽകേസുകളും ജയിക്കുന്നുണ്ടു്. മിടുക്കനെന്നുമാത്രവുമല്ല അദ്ദേഹം ജഡ്ജിയുടെ അനന്തരവൻ എന്ന വിശേഷംകൂടിയുണ്ടു്. നമ്മുടെ ഇഷ്ടംപോലെ കേസു കൊണ്ടുപോകാനും സാധിക്കും. ശിപാൾശകാണെങ്കിലും കാര്യം ഫലിപ്പിക്കും ഇങ്ങനെ ഒരുവിധം പറഞ്ഞു പിടിപ്പിച്ചു് നാണുപിള്ളവക്കീലിനു കേസ്സും കൊടുപ്പിച്ചു. ആശാനു് വക്കീലിനെ നല്ലതിൻവണ്ണം പിടിച്ചു. വക്കീൽ ഫീസു രൂപ നൂറും പററി കോട്ടിൽ ഫയലാക്കി. ഒരത്യാവശ്യത്തിനെന്നു വ്യാജവുംപറഞ്ഞു ആശാന്റെ മുമ്പിൽവെച്ചുതന്നെ ആ നായർ തരകരൂപ ഇരുപത്തഞ്ചും പററി ആശ്വാസമായി ആശാനോടൊന്നിച്ചു പുറത്തിറങ്ങി. കേസ്സിനു രണ്ടുദിവസത്തിനുമുമ്പെ ഇവിടെ എത്തത്തക്കവണ്ണം കാലേകൂട്ടി അറിയിക്കാമെന്നു് ആശാനോടുപറഞ്ഞു വക്കീൽ അവരെ യാത്രയാക്കി. ഈ മാസം ഇരുപതാംതീയതി ആയിട്ടും ആശാന്റെ കേസ്സാണു ഈ മാസത്തിലെ ആദ്യത്തെ കേസ്സായി വക്കീലിനു കിട്ടിയതെന്നറിയുമ്പോൾ അദ്ദേഹത്തിന്റെ അഭിഭാഷകനൈപുണ്യം ഊഹ്യമാണു്.

ഒന്നിനെതുടർന്നു പല സംഭവങ്ങളും വന്നുകൊണ്ടിരുന്നതിനാൽ അവയിൽ വ്യാപരിച്ചിരുന്നതുകൊണ്ടു് ആശാൻ, നായരുടെ പേരുചോദിക്കാൻ വിട്ടുപോയി. നായരുടെ നിർബ്ബന്ധമനുസരിച്ചു ആശാൻ അയാളുടെ വീട്ടിലേക്കു തിരിച്ചു. രണ്ടുപേരുമായി തലേദിവസം ആശാൻശയനത്തിനായി ചെന്ന പടിക്കലെത്തി. "ഊണുകഴിച്ചിട്ടു പോകാം ചേട്ടാ വരണം" എന്നു പറഞ്ഞു നായർ വീട്ടിനകത്തു കടന്നു. ആശാൻ അകത്തു കടക്കാതെ അവിടെനിന്നു സംശയിച്ചുനിന്നു. കഴിഞ്ഞ ദിവസം രാത്രിയിൽ കണ്ട രണ്ടു സ്ത്രീകളും വരാന്തയിൽ എത്തി ആശാനെ കടാക്ഷിച്ചു. പ്രകൃതിയുടെ വികൃതികളെപ്പററി അതിശയിച്ചു് പടിക്കൽ നിന്നിരുന്ന അയാൾ രണ്ടുപേരെ കാണുവാനുണ്ടെന്നും ഒരു മണിക്കൂറിനകം മടങ്ങി എത്തിക്കൊള്ളാമെന്നും പറഞ്ഞു ആ നിമിഷത്തിൽ അവിടംവിട്ടു. കുറെയകലെ ചെന്നു് നായരുടെ സ്ഥിതികൾ അന്വേഷിച്ചതിൽ വക്കീൽതരകം ബഹുവിചിത്രമായ കുടുംബമഹിമയും ആത്മസ്വാധീനതന്റെ കാരണവുംകൂടി മനസ്സിലായപ്പോൾ നികൃഷ്ടമായി ജീവിതം നയിക്കുന്ന നീചതമമായ ഇത്തരം മനുഷ്യകീടങ്ങളുടെ അത്യന്തം ശോചനീയമായ അവസ്ഥാവിശേഷങ്ങൾ ചിന്തിച്ചു് വിഷണ്ണനായി. ഏതായാലും എല്ലാം പററിയതുതന്നെ. ഇനി കേസിനു അല്പം മുൻകൂട്ടിവന്നു് വേണ്ടതുചെയ്തുകൊള്ളാമെന്നു നിശ്ചയിച്ചു. ക്ലബ്ബിൽകയറി ആഹാരവും കഴിഞ്ഞു് ആശാൻ റെയിൽവെസ്റ്റേഷനിലേക്കു തിരിച്ചു. ഒരു

ദിവസം രാത്രി അനുഭവിച്ച സങ്കടങ്ങൾ ഒന്നിനൊന്നാക ഒന്നായി അയാളുടെ ആലോചനക്കു വിഷയമായപ്പോൾ ജീവിതാന്തർഭാഗങ്ങളിലെ പല രഹസ്യങ്ങളും വെളിപ്പെട്ടു.

ചിന്താശതകക്ഷുഭിതനായ ആശാൻ റെയിൽവേസ്റ്റേഷനിലേയ്ക്കു പോകുന്ന മദ്ധ്യേ ഒരു മുഹമ്മദീയനെ കണ്ടു. അവൻ ആശാനെ കണ്ടപ്പോൾ കണ്ണാടിയിൽ രൂപം പ്രതിഫലിക്കുന്നതുപോലെ ആശാന്റെ സ്ഥിതികൾ മനസ്സിലാക്കി തന്റെ വിഷമാവസ്ഥകൾ ഭംഗിയായി അഭിനയിച്ചു. പരോപകാരിയായ ആശാൻ പതുക്കെ അടുത്തുകൂടി കാര്യങ്ങൾ അന്വേഷിച്ചു. താൻ ഒരു കാശുമാല മോഷ്ടിച്ചുകൊണ്ടുവന്നിരിക്കുന്നുവെന്നും കാണുന്നതിൽ പകുതി വില തന്നാൽ മതിയെന്നും താൻ തന്നെ ഈ മാല കൊണ്ടുപോയി വിൽക്കുന്ന പക്ഷം പോലീസുകാർ സംശയിച്ചു പിടിക്കുമെന്നും മററും രഹസ്യമായും സന്ദർഭാനുസരണമായും സരളമായും യഥാർത്ഥഭാവത്തിൽ പറഞ്ഞു് ശുദ്ധനായ ആശാനെ മയക്കി.

വളരെ ശ്രദ്ധമായി ആശാൻ മാല പരിശോധിച്ചു് അതിൽ കോർത്തിട്ടിരിക്കുന്ന മണികൾ എണ്ണി അഞ്ഞൂറു രൂപ വില നിശ്ചയിച്ചു. തരകിനും വക്കീൽഫീസിനും മററും ചിലവായതു കഴിച്ചു് ബാക്കിയുണ്ടായിരുന്ന നൂറു രൂപ കൊണ്ടു് മുഹമ്മദീയനിൽനിന്നും കേവലം "ഷൈലോക്കാ"യ ആശാൻ മാല പററിച്ചു. അവനോ ആ നിമിഷത്തിൽ അവിടെനിന്നു കടന്നു. തനിക്കു വന്ന നഷ്ടങ്ങൾ ഈ തരത്തിൽ പരിഹരിച്ചതിൽ സന്തുഷ്ടനായി ഭാണ്ഡം അഴിച്ചു് കാശുമാല വളരെ ബന്തവസ്സായി വെച്ചുകെട്ടി കക്ഷത്തു തൂക്കി നിർവ്വികാരനായി ആശ കൊണ്ടു് ആകാശമാളിക നിർമ്മിച്ചു് വേഗത്തിൽ റെയിൽവേ സ്റ്റേഷനിൽ എത്തി. ഉടൻ റെയിൽ കയറി. ലോകത്തിൽ ആശയുടെ അതിരു കണ്ടുപിടിച്ചവരാരുണ്ടു്!!

കൊല്ലം ഒന്നു കഴിഞ്ഞു. കേസിൽ ആശാനെ ആറു മാസം തടവിനു ശിക്ഷിച്ചു. ജെയിലിൽ ചെന്നപ്പോൾ പൂച്ചമാലയ്ക്കു് നൂറു രൂപ പററിച്ച ആ മുഹമ്മദീയൻ വേറൊരു കേസ്സിൽ കുടുങ്ങികിടക്കുന്നതു കണ്ടു് ഒരു ദീർഘശ്വാസം വിട്ടു. ആശാൻ തന്റെ ഭാവി ജീവിതം ഒരു വിസ്തൃതലോകത്താണെന്നു കരുതിയും ആശാനാശം ഇങ്ങനെ വന്നല്ലോയെന്നു് സങ്കടപ്പെട്ടും ഈരാങ്ങനെ ദിവസത്തെ എണ്ണിക്കഴിച്ചു കൂട്ടുന്നു.

—o—

# "സിംഗപ്പൂരിൽ"

—o—

(മലബാറി)

കാററാടിതന്നടിയിൽ ഞങ്ങൾ നിരന്നിരുന്നു
കാറേററിടുന്ന ദിനമണിയൊടെത്തിടുമ്പോൾ
വന്യപ്രദേശരുചികണ്ടു രസിച്ചിടാനായ്
ജന്യം കുതൂഹലമൊടെത്തി വരാംഗിമാരും. (൧)

ഊന്നപ്രവീണരവർ വേലമുടക്കിയുണ്ടു
കാണാനു വന്നു. ചിലർ പത്നിയൊടൊത്തു ചേർന്നും
നാണിക്കുമാറു ചില ഊണികൾ മട്ടുകൂട്ടി-
ക്കാണിച്ചിടുന്നു തുണി വീതികുറഞ്ഞമൂലം. (൨)

മോടിക്കുമോന്ത മുഴുവൻ പൊടിപാത്തി* യുന്തി-
ച്ചാട്ടുന്നമാറു മുഴുവൻ മറയാത്ത വസ്ത്രം
മേടിച്ചണിഞ്ഞു നവ്യയൌവ്വനയുക്തരോടു
കൂടുന്നിണയ്ക്കു ചില കന്യകമാരുമപ്പോൾ (൩)

പെണ്ണുങ്ങളെന്തിതുവിധം വഷളായ് വരാനെ-
ന്നെണ്ണുന്നു ഞാൻ, ശിവനെയീ മലയാളദേശേ
പെണ്ണുങ്ങളിങ്ങനെ വഴിഞ്ഞു നടക്കിലോ നാം
തൊള്ളയ്ക്കു തച്ചു തകരാറുപെടുത്തുകില്ലേ (൪)

* വെള്ളക്കാരുടെ സ്ത്രീകൾ ശരീരം മുഴുവനും ഒരു മാതിരി പൌഡറിടുന്നതു എല്ലാവർക്കും അറിവുള്ളതാണല്ലോ.

---

കണക്കുവിഷയം പഠിപ്പിക്കുന്നതിനു അദ്ധ്യാപകനില്ലായ്കയാൽ ഉദ്യുക്തനായ ഒരു ഡ്രിൽമാസ്റ്റർ ഒരു വിദ്യാർത്ഥിയോടു്:—ഒരാൾ കൊല്ലത്തുനിന്നും മുപ്പതു ചാക്കരി വാങ്ങി കായംകുളത്തു കൊണ്ടുപോയി വിററാൽ ലാഭമെന്തു്?

വിദ്യാർത്ഥി:—ആരെങ്കിലും അറിയുമ്പോൾ കണക്കിനു കിട്ടും.

ഡ്രി. മാ:—എന്താ അധികപ്രസംഗം കൂടിപ്പോയി പഹ്ലം. * * *

കുഞ്ഞൻ രാമനോടു്:—ഞാനും എല്ലാ വർത്തമാനപ്പത്രങ്ങളും നോക്കുന്നുണ്ടു്. അതിൽ ചില സ്ഥലങ്ങൾ അച്ചടിക്കാതെ വിട്ടിരിക്കുന്നല്ലോ. അതു് എന്തിനാണു്?

രാമൻ:—അയ്യേ, നിനക്കതുംകൂടെ അറിഞ്ഞുകൂടേ? വായിക്കാനറിഞ്ഞുകൂടാത്തവർക്കിട്ടിരിക്കുന്ന സ്ഥലമാണതു്. —o—

# അറുപത്തഞ്ചാമത്തെ കലാവിദ്യ

—०—

(ബാലഗോപാലൻ, മങ്കര)

വലിയൻ, കുടിയൻ, ചവയൻ എന്ന ധൂമപാത്ര പ്രവർത്തകത്രിതയത്തിൽ അഗ്രഗണ്യത്വം വലിയനു തന്നെ വിട്ടുകൊടുക്കണം. ത്രിമൂർത്തികളിൽ പ്രാധാന്യം വിഷ്ണുഭഗവാന്നെന്നപോലെ, ധൂമമൂർദ്ധോപാസകന്മാരിൽ ഉച്ചൈസ്തമമായ മാന്യത്വം വലിയന്നുതന്നെ. വലിയന്റെ വർഗ്ഗക്കാരായ മററു വ്യസനായികളിൽ കുടിയൻ തന്റെ ശ്രേഷ്ഠതയും പ്രിയപ്പെട്ട ചുരുട്ട്, ബീഡി, സിഗററു് മുതലായവയെ കൊളുത്തിവലിച്ചു അതിൽനിന്നു നിർഗ്ഗമിയ്ക്കുന്ന നിബിഡമായ ധൂമപടലത്തെ നിരതിശയപൂർണ്ണതയോടെ ഊതിപ്പറപ്പിച്ചു പരിസരസ്ഥലങ്ങളുടെ പൂതിഗന്ധത്തെ പരിഹരിക്കുന്നു. ചവയനാവട്ടെ, പുകയിലയുടെ ഒരു ശകലം പൊടിച്ചെടുത്തു തിരുമ്മി ഞെക്കിഞെരുക്കിച്ചുരുട്ടി അണ്ണാക്കിന്റെ ഒരു മൂക്കിലേയ്ക്കു തള്ളിക്കൊടുത്തശേഷം, അവിടെവെച്ചു വീണ്ടും വെള്ളം കൂട്ടിച്ചവച്ചുരുട്ടി ഒരു ഉണ്ടയാക്കി അതിനെ വായിന്റെ ഓരോ വശത്തെയ്ക്കും നാവാകുന്ന ചട്ടുകംകൊണ്ടു ഇങ്ങിനെ നീക്കിക്കൊണ്ടു പോകുന്നു. രജോഗുണപ്രധാനിയായ നമ്മുടെ സ്നേഹിതന്റെ കഥ അങ്ങിനെയൊന്നുമല്ല. രാജസമണ്ഡലാധിപതിയായ ഇദ്ദേഹം ഗുണസിദ്ധികളാൽ മററു മൂർത്തിദ്വയത്തെയും ഉല്ലംഘിക്കുന്നുണ്ടു്. ഒന്നാമത്തു തിരഞ്ഞെടുപ്പിൽത്തന്നെ വലിയൻ മുന്നണിയിൽ നില്ക്കും. എന്തുകൊണ്ടെന്നാൽ, അകൃത്രിമവും മെച്ചവും സമ്പൂർണ്ണതവുംആയ ചരക്കെടുക്കുന്നതിനാണു ഇദ്ദേഹം ഉദ്ദേശിക്കുന്നതു്. വിദ്ധ്യബുദ്ധിയുള്ള ആ വകയേ പറയുകയുള്ളൂ എന്നു മൂപ്പർ നല്ലപോലെ ധരിച്ചുവെച്ചിട്ടുണ്ടു്. അങ്ങിനെതന്നെയാണു കാര്യവും. എത്രെല്ലാം കവികളെയും എത്രെല്ലാം പ്രാസംഗികന്മാരെയും എത്രെല്ലാം ലേഖകന്മാരെയും തത്തൽപ്രവൃത്തനങ്ങളിൽ ഉത്തേജനംചെയ്വാൻ 'പൊടി' എന്ന ദ്വ്യക്ഷരികൊണ്ടു നിർദ്ദേശിക്കപ്പെടുന്ന ആ പരാർദ്ധ്യവസ്തുവിനു സാദ്ധ്യമായിട്ടില്ല!

പൊടിയുടെ ചരിത്രത്തെപ്പററി പറയുകയാണെങ്കിൽ അതു ഗംഗോല്പത്തി, വേദോല്പത്തി മുതലായ നമ്മുടെ ഇതിഹാസങ്ങളെപ്പോലെതന്നെ പൌരാണികമാണു്. മാത്രമോ? അത്യന്തം രഹസ്യവുംകൂടിയാണു്. ഇപ്പോൾ—ഇരുപതാംനൂററാണ്ടിൽ—പൊട്ടിപ്പുറപ്പെട്ടവയുടെ കൂട്ടത്തിലൊന്നല്ല പൊടി. പരങ്കരാജാവായിരുന്ന ഒന്നാം ചാൾസ (Charjes) ന്റെ ചേതഃപാതക്യത്തിന്നു ഒരു ചികിത്സയായിട്ടാണു ചീട്ടുകളി കണ്ടുപിടിച്ചതു് എന്ന ചരിത്രം നിങ്ങളിൽ ചിലരുടെ ചെകിട്ടിന്നു പുതരിയായിരിക്കയില്ലെന്നു ചാരിതാർത്ഥ്യപ്പെടുന്നു. രജസ്സംഭവവും ഏതാണ്ടിതേരീതിയിൽ രമണീയമായ ഒന്നാണു്. അയോഗ്യതനായ പ്രാചീനശ്ലോകം അതിനെസ്സംബന്ധിച്ചതാണു്.

"തുഷാരകരകരകാരകാരതരംഗിണീധാരണാൽ
പ്രവൃദ്ധഗളനാസിനാസപ്രശമനം വിധാതും വിഭുഃ
വടദ്രുമികടസ്ഥിതോ വഹതി തത്ഭുമുദ്രാമിഷാ-
ദശേഷജലദോഷഹം മുടിതധൂമവല്ലീരജഃ.

ത്രിമൂർത്തികളിൽ തമസ്സൽഗുണാഗ്രണിയായ ധൂർജ്ജടിയ്ക്കു അതികലശലായ ജലദോഷം പിടിപെട്ടു. ശീർഷത്തിൽ വെച്ചിരിക്കുന്നതു ശീതകരനെയാണ്. പോരെങ്കിൽ അമരതരംഗിണിയുമുണ്ടു്. ഈ രണ്ടിനേയും അനവരതം ധരിയ്ക്കുക കാരണത്താൽ ജടിലമായ ഉത്തമാംഗംവഴിയ്ക്കു മൂപ്പർക്കു മൂക്കൊലിപ്പുതുടങ്ങി. അതിന്നു പ്രതിവിധിയാലോചിച്ചതിൽ—ഔഷധീശമൌലിയല്ലേ? മരുന്നിന്നു എന്തു പ്രയാസം—പുകയിലപ്പൊടിയൊഴിച്ചു വേറൊന്നും പററില്ലെന്നു കണ്ടു അതു കുറെ പൊടിച്ചു കയ്യിലാക്കി. ഈ വഴിയ്ക്കാണു പൊടിയുടെ ആഗമം. ഇതു വിശ്വസനീയംതന്നെയാണെന്നതിന്നു ഉൽപ്രേക്ഷകന്മാർക്കിടയിൽ പക്ഷാന്തരമില്ല. എന്തെങ്കിലുമാകട്ടെ. ഈജിപ്തിലെ ഫറോസ്, ഗ്രീസിലെ അലക്സാണ്ടർ, റോമപുരിയിലെ സിസറോ മുതലായ മഹാമനസ്കന്മാർ ഈ പൊടിദേവതയെ സേവിച്ചിരുന്നുവെന്നതിന്നു ലക്ഷ്യമുണ്ടു്. അഷ്ടാദശശതാബ്ദത്തിൽ ഇംഗ്ലണ്ടിൽക്കൂടിയും ഇതു സ്ത്രീപുംഭേദംകൂടാതെ പ്രചരിച്ചിരുന്നതിനാൽ ചാപലവിശ്രുതനായ റിച്ചാർഡ്സ്റ്റീൽ ഇതിനെ ദുരാചാരമെന്നധിക്ഷേപിച്ചതായി രേഖയുമുണ്ടു്. മിസിസ് മാലാപ്രോപ് എന്നമനസ്വിനിയ്ക്കും, മഹായശസ്സനായ ഡോക്ടർ ജോൺസനും അവരുടെ വിലയേറിയ പൊടിഡപ്പിയെപ്പററി നല്ല അഭിമാനമുണ്ടായിരുന്നു. പൊടി തലച്ചോറിന്നു ഹാനികരമാണോ? എന്നു പണ്ടൊരു വൈദ്യനോടു ഒരാൾ ചോദിച്ചതിന്നു 'ഹൈ!! തലച്ചോറുള്ള ആൾ പൊടിയുപയോഗിയ്ക്കില്ലല്ലോ' എന്നായിരുന്നു മറുപടി ഉണ്ടായതു്. വൈദ്യകസ്നേഹിയായ ഒരാളുടെ ബാലിശ്യമുള്ള അപകർഷത്തിന്നു വിഷയീഭവിച്ച ആ വിശിഷ്ടവസ്തു സവിസ്തരം വിചിന്തനംചെയ്യപ്പെടേണ്ടതു തന്നെയല്ലേ?

വലിയന്മാരിൽ കേമനായിട്ടുള്ളവന്റെ പ്രഭാവം ശക്തിമത്തുതന്നെ. സവർണ്ണന്മാരിൽ ഈയാം

ക്കു യാവജ്ജീവമുള്ള ഭക്തിയും ഭാവനവും അവിഭാജ്യമത്രെ. 'വലി ശീലിച്ചാൽ എന്നും വലിയൻതന്നെ' എന്നാണു വലിയന്റെ നാട്ടിലെ നിരന്തരമായ നിയമം. ഭാര്യയെ ഉപേക്ഷിച്ചു കിട്ടുവാൻ കേസ്സു കൊടുക്കുന്ന ഇക്കാലത്തെ സ്വാതന്ത്ര്യവാദ്ക്രാന്തന്മാർക്കുടിയും ഇതു അത്യന്തക്രൂരമായ ഒരു നിഷ്ഠുരശാസനമാണെന്നേ നിരൂപിക്കുകയുള്ളു. വലിയന്റെ രാജ്യത്തിലെ പൌരത്വാവകാശം പിന്നെ വെറുതെ കിട്ടുമോ? ഇതിന്നിടയിൽ ചില വലിയന്മാർ സ്വീയാധികാരിതയെ ദുഷിപ്പിക്കുന്നില്ലെന്നില്ല. പൊടിപ്പാത്രം, ഭരണിയായാലും എന്തായാലും വേണ്ടതില്ല. മറ്റൊരിടത്തു ഇട്ടേച്ചു പോകുന്ന ചിലർ – ഇതു ക്ഷന്തവ്യമായ അപരാധമാണോ?–, അവരുടെ സന്നിർബന്ധമായ തൃഷ്ണയെ നിബന്ധിക്കുവാൻ ശക്യമല്ലാതെ അവിവേകന്മാരായി, പ്രാകൃതനായ പഥികനോടുകൂടിയും 'ഒരു നുള്ളു പൊടി' ഇരക്കുന്ന നിർല്ലജ്ജന്മാരായ 'ഭിക്ഷാംദേഹി' കളായി തീർന്നുപോകുന്നു. ഇതു വലിയന്റെ ആഭിജാത്യത്തിന്നും സാമുദായികോൽക്കർഷത്തിന്നും കേവലം യോജിച്ചതല്ല.

ഒരു വലി പൊടി! എത്ര പേർ ബന്ധപ്പെട്ടു! പ്രകൃതിയുടെ ഒരു വികൃതിയായ ഈ ഉദാരാദർശത്തെ ദൈനംദിനം പ്രായോഗികാവസ്ഥയിൽ കൊണ്ടുവരുന്നതു ആരാണ്? ധൂമപായികളിൽ ഒരംഗമായ വലിയൻ മാത്രം. തെരുവീഥിയിലോ പാതയിലോവെച്ചു ആകസ്മികമായി കണ്ടുമുട്ടിയ തന്റെ സ്നേഹിതന്നു ഒരു വലി പൊടിയോ. ഒരു ചുരുട്ടിന്റെ പൊട്ടോ, ഒരു സിഗററിന്റെ ശകലമോ, ഒരു ബീഡിത്തുണ്ടോ അഥവാ ഒരു പുകലയുടെ ഞെട്ടിയോ സമ്മാനിക്കുന്നതു ഏതൽസമുദായത്തിന്റെ നിത്യമര്യാദയാണ്. അനഭിജ്ഞന്നു അർപ്പിക്കപ്പെട്ട ഒരു നുള്ളു പൊടി ഏതുവിധത്തിൽ സവ്ദിനസാഹോദര്യത്തിന്നു സങ്കേതസ്ഥാനമായി തീർന്നിട്ടില്ല? പ്രേമാലാപസഭകളിലും. വായനശാലകളിലും, വണ്ടിയിലും എന്നുവേണ്ട രഹസ്യവും പരസ്യവുമായ യാതൊരുസ്ഥലത്തും പൊടിയ്ക്കുള്ള പാടവം പ്രശംസനീയംതന്നെ. ഔത്സവികസംഭാഷണാവസരങ്ങളിൽ അതു പരിമളം പരത്തുന്നു. സമുദായരമ്യങ്ങളായ സൌവർണ്ണശൃംഖലകളെ അതു സുദൃഢം സംഘടിപ്പിക്കുന്നു.

തുമ്മിത്തുമ്മി വിസ്താരമടക്കിയ നാസാപുടങ്ങളും, ആരക്തദീർഘങ്ങളായ ലോചനങ്ങളും, അവനമ്രമായ നെററിത്തടവും. അകാലികമായ ചർമ്മവലികളും, കുത്സിതവും കളങ്കിതവുമായ കയ്യുറുമാലും പുകയിലപ്പൊടി പുരണ്ട ഉടുപ്പുകളും, എന്നല്ല പൊടിയുടെ അന്യാദൃശമായ തീക്ഷ്ണഗന്ധത്താൽ പരിവ്യാപ്തമായ പരിസരപ്രദേശങ്ങളുമുള്ള ഒരു വിദ്വാനെ കാണുകയാണെങ്കിൽ അതു് ഒരു യഥാർത്ഥവലിയന്റെ മാതൃകയാണെന്നനുമാനിക്കുന്നതിൽ അബദ്ധമല്ല. നൈരന്തര്യമുള്ള വ്യായാമത്താൽ വലിയന്റെ നാസേന്ദ്രിയം അനുനാസികോച്ചാരണത്തിൽ വല്ലഭത്വം നേടിക്കഴിഞ്ഞിട്ടുണ്ട്. ഓഷ്ഠത്തെ നിബിഡീസമായ ഒരു ശ്മശ്രുക്കൂടി അലങ്കരിക്കുന്നതായാൽ വലിയൻ മൂക്കിലൂടെയാണു 'കൂട്ടംക്രൂട്ടുക' എന്നുള്ളതും തീർച്ചതന്നെയായിരിക്കും. പൊടി ഉൾക്കടമായി ചെലുത്തുമ്പോൾ മൂക്കിൽനിന്നു പുറപ്പെടുന്ന ഘോരമായ 'മുക്കറ' യും, തൽഫലമായി ചിലപ്പോഴുണ്ടാവുന്ന തീക്ഷ്ണമായ തുമ്മലും, പ്രശാന്തരാത്രിയിൽ 'മരംവലി' പോലെ മുഖരമായ കൂർക്കംവലിയും ദീർഘസുപ്തന്മാർക്കുകൂടി കർണ്ണാരുന്തുദങ്ങളായിരിക്കും. തനിക്കു ഏററവും പ്രിയമായ പൊടിപ്പാത്രത്തെ– ഇതു പലതരത്തിലുമുണ്ടു്–കയ്യിലെടുത്തു മൂടി പതുക്കെ ഒന്നു തട്ടിത്തുറന്നു ചൂണ്ടുവിരലും തള്ളവിരലുംകൂടെ ഒരു നുള്ളു പൊടിയെടുത്തു മൂക്കിൽ വലിച്ചു കയററി ഉത്തരീയംകൊണ്ടു തുടച്ചു വൃത്തിയാക്കി സ്വാസ്ഥ്യം ഭാവിക്കുന്ന വലിയന്റെ വല്ലഭത്വം വശ്യവചസ്സുകളായ മഹാകവികളുടെ വർണ്ണനയ്ക്കു ഒരു വിഷയംതന്നെയാണെന്നുള്ളതിൽ വാദമുണ്ടാവാൻ വഴിയില്ല. പൌരാണികന്മാർ ഈ വിശിഷ്ടവിദ്യയെ അറുപത്തഞ്ചാമത്തെ കലാവിദ്യയായി ഗണിക്കാഞ്ഞതു കഷ്ടാൽകഷ്ടതരംതന്നെ.


## ആഭരണശാല.

പരോപകാരത്തേയും പൊതുജനസമ്മതിയേയും മുൻനിറുത്തി പ്രവർത്തിക്കുന്ന ഒരു നവീന വ്യവസായമന്ദിരം.

ഇവിടെ രത്നം പതിച്ചതും പതിക്കാത്തതുമായ എല്ലാമാതിരി ആഭരണങ്ങളും മിതമായ കൂലിയിൽ ഹിതമായരീതിയിൽ കൃത്യസമയത്തു ചെയ്തുകൊടുക്കപ്പെടും. ഇവിടത്തെ പണിത്തരങ്ങൾ പൊരുമാററങ്ങൾ മുതലായവയിലുള്ള നിഷ്കാപട്യം പരീക്ഷിച്ചറിയേണ്ടതാണ്.

രത്നാഭരണങ്ങൾക്കു നാലിൽ ഒന്നും സ്വർണ്ണാഭരണങ്ങൾക്കു നാലിൽ മൂന്നും വില മുൻകൂർ അടച്ചു ആവശ്യപ്പെടുന്നവർക്കു വീ. പി. അയച്ചുകൊടുക്കുവാനും ഞങ്ങൾ തയ്യാറാണ്.

അപേക്ഷിക്കേണ്ടും മേൽവിലാസം:—
പി. മാടസ്വാമിആചാരി ആന്റ്
ബ്രദേഴ്സ്,
വഞ്ചിയൂർ, തിരുവനന്തപുരം.

# ദുരയേ ദുര.

—o—

(ബി. വി.)

ദുരയോ, ദുരഭിമാനമോ, ദുരധികാരപ്രമത്തതയോ ഏതാണ് അന്യൎക്കു അധികം അസ്വാസ്ഥ്യജനകമാകാവുന്നതു്? ആലോചിച്ചു നോക്കേണ്ടതല്ലേ? ആലോചനയോ, ആലോകനമോ, ആലൌകികപ്രയോഗമോ കൊണ്ടൊന്നും ദുരയുടെ ദുഷ്പ്രാഭവം ക്ഷിപ്രമായി വെളിപ്പെടുന്നതല്ല.

ലോകരീതിയനുസരിച്ചു 'ഘനമുള്ള ആസനംതാങ്ങുന്ന' സ്വഭാവം ദുരയും സ്വീകരിച്ചിരിക്കുന്നു. പണക്കാരെപ്പിന്നിലാക്കിയാണു് ദുരയുടെ സഞ്ചാരമെന്നൊരു ഭേദമുണ്ടു്. എല്ലാ കുബേരന്മാൎക്കും 'ഉടവാളേന്തുവാൻ' ദുര ഒരുങ്ങിപ്പെടുന്നുമില്ല. സമയച്ചുരുക്കം കൊണ്ടാണോ എന്തോ? ഏതായാലും ധനവാന്മാരോടാണു ദുരയ്ക്കു കൂട്ടുകെട്ടും ഏറ്റപ്പാടും. ഇതു് അതിശക്തിയേറിയ ഒരു ഭൂതമെന്നു തോന്നും. ആരെയും ബാധിച്ചുകഴിഞ്ഞാൽ വിട്ടൊഴികയില്ല. ഒരിടത്തിരുത്തുകയുമില്ല. ലൌകികവും, മൎയ്യാദയും, മിത്രസ്നേഹവും, പുത്രവാത്സല്യവും ഒക്കെ പറന്നുപോകും. മന്ദഹാസവും സൌകുമാൎയ്യവും മുഖശ്രീയും അസ്തമിക്കും, പിന്നൊരിക്കലും ഉദിക്കുകയുമില്ല. ഇബ്ബാധയൊഴിക്കുവാൻ മന്ത്രവാദിയില്ലതാനും. കല്ലൂർ നമ്പൂരിശ്ശൻ 'ഉയത്തെഴുന്നേററു' വന്നാലും കാൎയ്യലാഭമില്ല. പൂവും, ചന്ദനവും, വെച്ചൊരുക്കും, ഉഴിഞ്ഞുകെട്ടും, പാനവും ഉള്ളതും ഇല്ലാത്തതും പന്തിയാവില്ല. പറിച്ചെറിഞ്ഞാലും ഒഴിച്ചുപോകാത്ത 'വിശിർപോലെ' ഊൎദ്ധ്വനേത്രയെന്നു തീർച്ചവരാതെ മടങ്ങുകയില്ല. ആവേശിക്കുന്ന മുഹൂൎത്തം 'നെട്ടമംഗല്യം' തികഞ്ഞതായിട്ടേ ഇരിക്കയുള്ളൂ. എന്തായാലും, എന്തു കഷ്ടം ചെയ്താലും, കടുകോ, കാന്താരിയോ, നെയ്യുണ്ണിയോ എന്തൊക്കെ ചുട്ടാലും, ചുട്ടുപെറുക്കിയാലും വിട്ടൊഴിയാത്ത കെട്ടഭൂതമാണു ദുരാമൂൎത്തി.

ഇതിന്റെ പ്രകൃതി വിസ്മയകരമാണ്. ഇതിനു നാണമില്ല, മാനമില്ല; 'നാലുംമൂന്നും തിരിച്ചറിവില്ല'; നേരും, നെറിയും നാസ്തി; പണത്തിനുവേണ്ടി പിതാവിനെക്കൊല്ലാനും, തണുത്തകഞ്ഞി തൊണ്ടിക്കൊഴിച്ചു തള്ളയെ തറവാട്ടിൽനിന്നു തള്ളിക്കളവാനും 'തരിമ്പും കൂസലില്ല.' ഒററക്കാശിനു് അഭിമാനം തീറെഴുതുകയൊ, ഉടൽപ്പിറപ്പിനെ ഉഴുതടിക്കുകയോ ചെയ്വാൻ ഒട്ടും മടിക്കില്ല. ആൾഭേദമോ, അവസരവ്യത്യാസമൊ നോക്കാതെ, ഏകോദ്ദേശ്യത്തോടെ എപ്പോഴും എന്തുംചെയ്യുന്നതിനു ഇതിനൊപ്പം ത്രാണി ഒന്നിനുമില്ല. ഔദാൎയ്യത്തിന്റെ ഗന്ധമോ, ജീവകാരുണ്യത്തിന്റെ നിഴലോ തീണ്ടിയ ഒരു പരമാണുപോലും ഇതിന്റെ പരിധിയിൽ കടക്കാറില്ല. എന്തെന്തു ഗാഢിതമായ പ്രകൃതിയാണു്? വിവരിച്ചാൽ അവസാനിക്കുമോ? ചിന്തിച്ചാൽ ഒട്ടെങ്കിലും ഒതുങ്ങുമോ?

ദുരാബാധിതരുടെ വിഗ്രഹം എല്ലാ കാഴ്ചബംഗ്ലാവുകളിലും ഓരോന്നെങ്കിലും ഉണക്കിസ്സൂക്ഷിക്കുകയോ ഉപ്പിട്ടുവെക്കുകയോ ചെയ്യേണ്ടതാണു്. 'അടിമുതൽ മുടിയോളം' ആകാരം അതിരസകരം. ചോരയോട്ടം നടപ്പുണ്ടെങ്കിലും 'പിശാചുതിരിഞ്ഞ' കോലമായിരിക്കും. താടിയും മീശയും വളൎന്നു മോടിയും വാശിയും തളൎന്നു, ആശയും, കീശയും പൊളൎന്നു, തെരുവിലും, ഇടവഴിയിലും അലഞ്ഞു്, കച്ചേരിയിലും, വള്ളക്കടവിലും ഓടിവലഞ്ഞു് 'ഉയിരുകൂട്ടിയിരിപ്പാൻ' യോഗമില്ലാതെ പാതറുന്ന ഉടൽ കണ്ടാൽ, ദൈവജ്ഞസഹായമോ, മാന്ത്രികസന്ദൎശനമോ, ഗണകപ്പൊരുത്തോ കൂടാതെതന്നെ ദുരാബാധിതനെന്നു തീർച്ചയാക്കാം. അല്പംപോലും പിശകില്ല. അരമാകാണിക്കും കുറവുവരുല്ല. പരീക്ഷയ്ക്കുത്തരമെഴുതുകയാണെങ്കിൽ നൂറു ശതമാനവും, പിന്നെ നൂററിനു പത്തും മാൎക്കുകിട്ടും.

ദുര ബാധിച്ചാൽ ഒരു വലിയ ഗുണമുണ്ടു്. ബുദ്ധി എപ്പോഴും ഏകാഗ്രമായിരിക്കും. ഏതവസരത്തിലും, എന്തു പരിതസ്ഥിതിഭേദത്തിലും മാററമില്ല. മഹൎഷിമാരെപ്പോലും അതിശയിച്ചിരിക്കും. ഒരേ ഒരു ചിന്ത. പണം വേണം; ധനം സമ്പാദിക്കണം; സ്വത്തു വൎദ്ധിപ്പിക്കണം; ഇങ്ങനെയൊക്കെ വേഷം മാറാമുണ്ടാകുമെങ്കിലും മൂലബിംബം അദ്വൈതം; ശ്രദ്ധ ധനത്തിൽത്തന്നെ വേരുറപ്പിച്ചുനിൽക്കും. ഇതിൽപ്പരം ശ്രേഷ്ഠതയുണ്ടോ? ഉണ്ടാകുവാനില്ല തീർച്ചതന്നെ. നാടോ, നാട്ടുകാൎയ്യമോ, വീടോ, വീട്ടുജോലിയോ. ഭാൎയ്യയോ. ഭാൎയ്യാസുഖമോ, ഭക്ഷണമോ, ഭക്ഷണാശയോ യാതൊന്നും ഈ സമാധിയെ ഭഞ്ജിക്കയില്ല; അപ്സരസ്ത്രീകളോ, കാമദേവനോ അല്ലെങ്കിൽ ദാസികളോ, ദാസിയാട്ടക്കാരോ ഇന്ദ്രന്റെയല്ല, ഇന്ദ്രാണിയുടെതന്നെ ആജ്ഞയോടുകൂടി എത്തി ഉററുശ്രമിച്ചാലും ഈ നിഷ്ഠയ്ക്കിളക്കം തട്ടുകില്ല. എന്തുസ്ഥിരത! എത്ര മുറുക്കം!! എത്രയെത്ര ഇറുകിപ്പിടിത്തം!!!

തുള്ളുതുടച്ചു തുടംകൊണ്ടളക്കുക എന്നു പറഞ്ഞു ദുരയുടെ ആരാധകന്മാർ ചെയ്യുന്ന വേല ചില്ലറയാണോ? കടക്കാരൻ പലിശയൊടുക്കുവാൻ പടികടക്കുമ്പോൾമുതൽ ഇവർ നടിക്കുന്ന വൻപും, വട്ടങ്ങളും കണ്ടറിയേണ്ടതുതന്നെ. മൎയ്യാദപ്പലിശ കണക്കാക്കി കുറിച്ചുവെച്ചുകഴിഞ്ഞാൽ, അന്നത്തെത്തീയതിയിൽ പണം എണ്ണിത്തീരുന്ന നിമിഷംവരെയുള്ള പലിശ ഇളയ്ക്കുകയില്ല. ചിലർ പണം പെട്ടി

യിലാക്കി വൃട്ടി താഴ്ക്കാൽ അരായിൽക്കെട്ടിത്തൂക്കുന്നത്തുവരെയുള്ള പലിശയും കണക്കുകൂട്ടിയെടുക്കാറുണ്ട്. ചില്ലിക്കാശുളച്ചുവെങ്കിൽ ലക്ഷ്മീദേവി പൊലിക്കടക്കാരുടെ പടിക്ക ഇറങ്ങുമെന്നാണ് ഇക്കൂട്ടരുടെ വിശ്വാസം. 'കിംധനസ്യ കുതോധനം' എന്ന പ്രമാണം പറയെണ്ടെടുത്തു ഇവർ വാശമ തപംവിറകുകളയാറില്ല. കടക്കാരന്റെ കഷ്ടത കുബേരനറിയുമോ? എത്രമാസം മുറിപ്പട്ടിണികിടന്നും, പച്ചച്ചോറു തിന്നും, കണ്ണുനീർ കുടിച്ചും, തലയുണക്കിയും, ഉയിർവാട്ടിയും, മനം കരിച്ചും ആണ പലിശപ്പണം പൊതിഞ്ഞുകെട്ടിയതെന്നു ദൈവമല്ലാതറിയുമോ? പണംതന്നെ ദൈവമെന്നു വിശ്വസിക്കുന്ന ഈ തനിമതാചാര്യന്മാർ ഇക്കാര്യം ഏതൊരു യന്ത്രമുഖേന ധരിക്കും? ഒരുകാശുള്ളകിട്ടിയാൽ, അത്താഴം പാത്രം കണ്ടുകഴിക്കാമെന്നും, ഇടത്തുകൈയ്യും ഊട്ടിനോടുള്ള കൂട്ടുകെട്ട ഒരു രാത്രിയിൽ ഒഴിപ്പുവെയ്ക്കാമെന്നും കരുതിയാണു കടക്കാരൻ കൈകെട്ടിയും കാലുപിടിച്ചും മനംകാഞ്ഞു നിൽക്കുന്നതു്. ദുരാവിഷ്ടനായ സ്വാത്മനിഷ്ഠൻ ഇതറിയുമോ? എത്ര മികച്ച ലുബ്ധതയാണു ?

ദുരാബാധിതന്റെ ദിനസരി രസാവഹമായിരിക്കും. സുഖഭക്ഷണം കഴിക്കുവാൻ കെൽപ്പുണ്ടായിരുന്നാലും, ഈ ബാധയുടെ ആവേശക്ഷണം മുതൽ സകല രീതിയും 'തിരൈത്തി' മാറ്റും. കരിക്കാളനും, കണ്ണീരാലനും, മനംപിരട്ടിയും കൂട്ടി മൃഷ്ടാന്നം കഴിക്കാൻ കഷ്ണിപ്പില്ല. ഊണിന്റെ വട്ടത്തിൽ തട്ടിയതിൽക്കൂടുതൽ ക്ഷയം ശരീരമാംസത്തിലാണു ഏറുകാണുക. ഇതു ഇക്കൂട്ടർക്കു വലിയ സഹായമാണുതാനും. പ്രയത്നമില്ലാതെ പരസ്സഹസ്രം നാഴിക കാററടിയേററു കടക്കാറാകും. ഒരു ചൂക്കാൻകൂടി പണിയിച്ചുകൊണ്ടാൽ കാശിറക്കാതെ ബലൂണിന്റെ സുഖം കിട്ടും. ഇവരോടിടപെടാൻ അധികംപേർക്കു ആവശ്യംനേരിടുകയില്ല. അന്നപ്രാശനമുഹൂർത്തം തെററിയ വർഗ്ഗക്കാർ ഇവരുടെ 'അളകാപുരിയിൽ' കാലുവെച്ചുപോയെങ്കിൽ, ആയാണ്ടത്തെ ഊണു തുലഞ്ഞു. ചെന്നുകൂടിയാൽ വെടിപറഞ്ഞും, മുഖത്തടുക്കുന്ന ഈച്ചകളെ ആട്ടിയോടിച്ചും അന്തിവരെ സന്ധിക്കും. അത്താഴത്തിനരിയില്ലെന്നു പറവാൻ ഏർപ്പാടുചെയ്യിട്ടുള്ള അടുക്കളക്കാരനെയോ ഭാര്യയെയോ (ഭാര്യയുണ്ടായിരിക്കുന്നതപൂർവ്വമാണു.) ശകാരവർഷത്തിൽ ആറാടിച്ചു പട്ടിണി കിടപ്പാൻ കല്പനയുംകൊടുത്തു് ഇഷ്ടനോടു 'വരണം സർ' എന്നു ക്ഷണിച്ചുകൊണ്ടു വഴിക്കിറങ്ങി യാത്ര പറഞ്ഞു പിരിച്ചയക്കും. എന്നിട്ടു കറങ്ങിത്തിരിഞ്ഞു് ഊടുവഴിയേ വീട്ടിൽക്കടന്നു തീററിയെടുക്കുന്ന വിരുതു് ഇക്കൂട്ടരുടെ പിതാർജ്ജിത ധനമാണു്.

ഈയിടെ ഇവരിൽച്ചിലർ കാൺഗ്രസ്സ് കക്ഷിയിൽ ചേർന്നുകാണുന്നു. ഖദർ ധരിച്ചാൽ പരോപകാരിയായെന്നോ, ഭാരതഭൂമിയോടുള്ള സ്നേഹം പ്രവൃത്തിയിലായെന്നോ ഒക്കെ ഭാവിക്കുന്നുമുണ്ട്. നിറപ്പുകർച്ചയുള്ള ചരക്കിലാണു ഇവരുടെ ദൃഷ്ടി ചെല്ലുക. നനയ്ക്കേണ്ട, അലക്കിക്കേണ്ട, മുഷിഞ്ഞാലും മുഷിച്ചലില്ല. നാലുമാസമോ നാല്പതുകൊല്ലമോ നാലുയുഗം മുഴുവനുമോ ഒററയ്ക്കു്, ഇണക്കൂടാതെതന്നെ കാര്യം നടത്താമെന്നാണു ഇവരുടെ ഭാവം. ഇക്കൂട്ടർ ഖദർ ഉടുക്കുവാനും നൂൽനൂല്ക്കുവാനും ഒരുമ്പെട്ടതോടുകൂടിയാണു കാൺഗ്രസ്സിനും, സഹകരണത്യാഗത്തിനും ശക്തി മന്ദിച്ചു തുടങ്ങിയിരുന്നതു്. ഇവർ ഖദർ ഉടുത്താലും, ഭക്ഷണം തടന്നാ ഖദറാക്കിയാലും നൂൽചക്രത്തിനെ പ്രദക്ഷിണംവെച്ചു ആരാധിച്ചാലും എന്തുവിശേഷം? ദുരാമൂർത്തിയുടെ ആരാധകന്മാർ പരാത്മമായി ഒററപ്പൈസ ഇറക്കുമോ? ഒരു നിശ്വാസമെങ്കിലും പരോപകാരത്തിനായി ചെലവിടുമോ? ഒരുതുള്ളിപ്പച്ചവെള്ളം ഒരുത്തന്നെങ്കിലും ഒഴിച്ചുകളയുമോ? പിന്നെന്തുഫലം? ഇവരുടെ വേഷം കാണികളിൽച്ചിലരെ കളിപ്പിക്കാൻ കൊള്ളാം. ഏറിയ കൂറും ഊടറിയാതിരിക്കില്ല. ഉദ്ദേശ്യം മുഴുവൻ ഫലപ്പെടുന്നതാകയില്ല. ഈ ആവരണം നീണ്ടുനില്ക്കില്ല. ഈ പ്രവൃത്തിയിലും ഇവരുടെ ആന്തരം ലാഭേച്ഛതന്നെയല്ലേ? ഇവർനിമിത്തം ഖദറിന്റെ മാഹാത്മ്യത്തെ അവിശ്വസിക്കുവാൻ ആളുകളുണ്ടായിത്തുടങ്ങിയിരിക്കുന്നു. എന്തുചെയ്യാം!? അക്രമംതന്നെ!! ദുരകേറി ലോകം മുടിക്കാൻ വട്ടംകൂട്ടുന്നതല്ലേ കഠിനം!! ദുരയുടെ അധികാരം!! ദുരാബാധിതരുടെ ദുഷ്പ്രഭാവം!!! അതികഠിനം!!!

—:o:—


## പഞ്ചാമൃതം

വായനക്കാരെ വിവിധവികാരങ്ങൾക്കു വിധേയരാക്കുന്ന ചരിത്രകഥകളടങ്ങിയ ഒരൊന്നാംതരം ഗദ്യകാവ്യം.

വില എട്ടണ മാത്രം.

പി. ആർ. ശങ്കരപ്പിള്ള,

ആയാംകുടി,

കടുത്തുരുത്തി അഞ്ചൽ,

വൈക്കം പോസ്റ്റ്.

— o —

# മണിമരുത

(പി. ആർ)

"എന്റെ കണ്ടാ! ആ പെണ്ണിങ്ങനെ തുള്ളലും ചാട്ടവും തുടങ്ങിയിട്ടെത്ര ദിവസമായി? നീ എന്താണ് ഒന്നും അനങ്ങാതിരിക്കുന്നത്? അവൾ പെറു ഒരു കുഞ്ഞുണ്ടായിക്കണ്ടിട്ട് ചത്താൽ കൊള്ളാമെന്ന എനിക്ക വളരെ ആഗ്രഹമുണ്ട്. കല്യാണി എപ്പോഴും കരച്ചിലും പിഴിച്ചിലും തന്നെ. അവൾക്ക പത്തും പതിനഞ്ചുമൊന്നുമില്ലല്ലൊ. ആണും പെണ്ണുമായിട്ട് ഒന്നല്ലേയുള്ളൂ. അതുകൊണ്ട് അവൾക്കങ്ങനെ തോന്നുന്നതു അത്ഭുതമൊന്നുമല്ല. ആ തൃക്കേപ്പടിക്കണ്ടയേയോ കൊമരൻ കോന്തനേയോ വരുത്തി ഒന്നുഴിഞ്ഞു വാങ്ങിച്ചാൽ എല്ലാം ഭേദമാകുമെന്നാണ് അങ്ങേല നങ്ങേലി പറേണത്"

കണ്ടച്ചാർ:—അമ്മ പറയുന്നതൊക്കെ ശരിയാണ്. പെണ്ണിനുവേണ്ടി എത്ര ചക്രം ചെലവായി. മന്ത്രവാദവും കണിയലുതുള്ളലും വേലൻപ്രവൃത്തിയും കഴിച്ചു കഴിച്ചു തന്നെ തറവാട്ടു തറ മാന്തായായി.

അമ്മ:—എന്റെ മകനേ! നിർബന്ധം കൊള്ളുകില്ല. വേണ്ട കാലത്തു വേണ്ടതൊക്കെ കൂടാതെ കഴിയുമോ? ആളില്ലാതെ അത്ഥമെന്തിനാ മകനേ!

കണ്ട:—എനിക്ക നിർബന്ധമൊന്നുമില്ല. നെല്ലും പണവുമെത്തുപോൾ നിങ്ങൾതന്നെ വെള്ളംകുടിക്കാതെ കിടക്കും

അമ്മ:—അങ്ങനെ ഒരു കാലം വന്നാൽ അതും കൂടാതെ കഴിയുമോ? നീ ആ ചേന്നിയെ വിളിച്ച് അവരിൽ ആരെയെങ്കിലും കൂട്ടിക്കൊണ്ടു വരുവാൻ പറഞ്ഞയക്ക്.

കണ്ട.—ഓഹോ! എനിക്ക വിരോധമില്ല.

അനന്തരം കണ്ടച്ചാരു കണ്ടും തുറന്ന ചേന്നാ എന്നൊന്ന വിളിച്ചു. ഒരു കോൽ പൊക്കത്തിൽ മുന്നോട്ടു വളഞ്ഞ ഒരു യുവാവു കണ്ടച്ചാരുടെ മുമ്പിൽ വന്നു പഞ്ചപുച്ഛമടക്കി നിലകൊണ്ടു.

കണ്ട:—എടാ! നീ ക്ഷണത്തിൽ പോയി ആ തൃക്കേപ്പടിക്കണ്ടയെ വിളിച്ചുകൊണ്ടു വരണം. അവനോടു ഇന്നുതന്നെ വരാൻ പറയണം. പറഞ്ഞാൽ പോരാ. കൂട്ടിക്കൊണ്ടു തന്നെ പോരണം.

ചേന്നൻ:—അവനവിടെയില്ലെങ്കിൽ—

കണ്ട:—ഛീ! മുടക്ക പറയാതെ വേഗം പോയിവാ.

ചേന്നൻ പിന്നെ യാതൊന്നും പറഞ്ഞില്ല. ഇനി വല്ലതും വികടം പറഞ്ഞാൽ മാതുലന്റെ വടി മരുമകന്റെ മുതുകിൽ വീഴുമെന്നുള്ളതു നിശ്ചയമാണ്. അതവന്നു വേണ്ടപോലെ അറിയാമായിരുന്നതിനാലാണു മൌനമവലംബിച്ചതു.

കളപ്പുരയ്ക്കൽ കണ്ടച്ചാരു ഒരു കുണ്ടാമണ്ടിക്കാരനൊന്നുമല്ല. അയാൾ ഒരു പഴയ തറവാട്ടുകാരനും തനി മരുമക്കത്തായക്കാരനുമാണ്. കണ്ടച്ചാരെക്കൂടാതെ ആ കുടുംബത്തിൽ വേറെ നാലു പേരുകൂടിയുണ്ട്. അവർ കണ്ടച്ചാരുടെ മാതാവും സഹോദരി കല്യാണിയും അനന്തിരവൾ കാത്തുവും മറ്റൊരു ശാഖയിലെ അനന്തിരവൻ ചേന്നനുമാണ്.

കണ്ടച്ചാരു ഒരു വലിയ മാമൂൽപ്രിയനും കുടുംബസ്നേഹിയുമാണ്. കുടുംബത്തിന്റെ അഭ്യുദയത്തിനുവേണ്ടി അയാളുടെ ആദർശപ്രകാരം മന്ത്രവാദം, വേലൻതുള്ളൽ, കണിയാൻതുള്ളൽ, ഗന്ധർവൻപാട്ട് മുതലായി പല സൽകർമ്മങ്ങളും ആ വിദ്വാൻ നടത്തിച്ചിട്ടുണ്ട്. ഇതുകൊണ്ടൊന്നും അടങ്ങാത്ത മണിമരുത ഇപ്പോൾ ആ ഭവനത്തിലെ ഏക സന്താനത്തിനെ പിടികൂടിയിരിക്കയുമാണ്. കാത്തുവിനു മണിമരുതയുടെ ഉപദ്രവം രാത്രികാലങ്ങളിലേയുള്ളൂ. ജനസഞ്ചാരം ഒടുങ്ങിയാൽ— സമയം അദ്ധരാത്രിയോടു സമീപിച്ചാൽ—മണിമരുതായുടെ പുറപ്പാടായി. മണിയുടെ നാദം കർണ്ണപുടങ്ങളിൽ പതിച്ചാലുടനെ കാത്തുവിനു തുള്ളലും തുടങ്ങും. മണിമരുത ആകാശംവഴി പുറപ്പെട്ട് കളപ്പുരയ്ക്കൽ ഭവനത്തിന്റെ ഉപരിഭാഗത്തിൽ എത്തുമ്പോഴേയ്ക്കു കാത്തുവിനു തുള്ളൽ കലശലായി തുടങ്ങുകയായി. മരുത തിരിച്ചുപോയി മണിയുടെ നാദം അടങ്ങുമ്പോൾ തുള്ളലും അസ്തമിക്കും. സമീപത്തുള്ള പല മന്ത്രവാദികളും വൈദ്യന്മാരും പഠിച്ച പണി പതിനെട്ടും പ്രയോഗിച്ചു നോക്കി. ഫലമൊന്നുമുണ്ടായില്ല. ഇങ്ങനെ എല്ലാ പ്രകാരത്തിലും ബുദ്ധിമുട്ടതതിനു ശേഷമാണ് മാതാവു മകന്റെ അടുത്തുചെന്നു വിവരം പറഞ്ഞതു്. കണ്ടച്ചാരു മാതാവിന്റെ അപേക്ഷ വരുന്നതിനുമുമ്പുതന്നെ ഇക്കാര്യത്തെക്കുറിച്ചാലോചിച്ചുകൊണ്ടിരിക്കയായിരുന്നു. എങ്കിലും മാതാവിനോടു മേൽപ്രകാരം മറുപടി പറഞ്ഞതു് ഗൌരവം പാലിക്കാൻ മാത്രമായിരുന്നു. കണ്ടച്ചാരു ഈ വിവരം ഗ്രഹിച്ചതു് തന്റെ എഴാമടമായ ചക്കിയമ്മയിൽനിന്നുമായിരുന്നു. ചക്കിയമ്മ വലിയൊരു സത്യവതിയാണ്. ഭാര്യയുടെ വസ്ത്രധാരണം, തേച്ചുകുളി, മുറുക്ക് ഇവയ്ക്കുവേണ്ടി കണ്ടച്ചാ

ത് ആണ്ടിൽ പത്തു നേന്ത്രവാഴയും മൂന്നു വെററില ക്കൊടിയും നട്ടുകൊടുക്കും. അതുകൊണ്ടു കഴിച്ചു കൊള്ളണം. ഓണം, വിഷു, തിരുവാതിര മുതലായ വേന്നാളിന്നുള്ള ചെലവിന് ഒരു കറവപ്പശുവിനെയുംവാങ്ങിക്കൊടുക്കും. അത്രമാത്രം. പിന്നൊന്നുംകണ്ടശ്ശാരോടു ചോദിപ്പാൻ അവകാശമില്ല. ദിവസം പ്രതി വൈകുന്നേരം പത്തുമണിക്കു മൂപ്പില ചക്കിയമ്മയുടെ ഗൃഹത്തിൽ ഹാജർ കൊടുക്കും. രണ്ടു വെററിലയും അതിനടുത്ത പാക്കും പുകയിലയും—മൂപ്പിലെ മുറുക്കിന്നു മാത്രമുള്ളതു—കൈയിൽ കാണാതിരിക്കയില്ല. കണ്ടശ്ശാരു കളപ്പുരയ്ക്കൽ വന്നേ നേരം വെളുക്കാവൂ എന്നു നിർബന്ധമുണ്ട്. ആ പതിവ് വിടാൻ ഇഹലോകത്തോടു യാത്ര പറയുന്നതുവരെ തെററിച്ചിട്ടില്ല. കണ്ടശ്ശാരുടെ ഒരു ജീവചരിത്രസംക്ഷേപം ഇത്രയുംകൊണ്ടു കഴിയട്ടെ.

കണ്ടശ്ശാരുടെ ആജ്ഞയനുസരിച്ചു മന്ത്രവാദിക്കണ്ടു സമയംതെററാതെതന്നെ കളപ്പുരയ്ക്കൽഹാജർകൊടുത്തു. കണ്ടപ്പയ്യക്കണ്ടയുടനെ കണ്ടശ്ശാർ കാതററം ചുണ്ടുപിളുത്തി ഒന്നു പുഞ്ചിരിക്കൊണ്ടു.

കണ്ട:– എന്റെകണ്ടേ! ഞാൻവളരെവിഷമിച്ചു. മന്ത്രവാദികൾക്കു കൊടുത്തുതന്നെ തറവാടു മുടിയാറായി. എന്നിട്ടും പെണ്ണിന്നു യാതൊരുകുറവുമില്ല വിവരമൊക്കെ ചേന്നി പറഞ്ഞിരിക്കുമല്ലോ?

കണ്ട:— റാൻ. എതാണ്ടൊക്കെ മനസ്സിലായി. അടിയനെമുൻകൂട്ടി വിവരമൊന്നുതിരുമനസ്സറിയിച്ചിരുന്നുവെങ്കിൽഇത്രവളരെ ചെമ്പുകാശു ചെലവാക്കാതെ കഴിക്കാമായിരുന്നു. ഇനികാൎയ്യംഅടിയനേററു. അവിടുന്നു ലേശം പരിഭ്രമിക്കേണ്ട. ഒന്നുഒഴിഞ്ഞുവാങ്ങണം. ഒരുഉറുപ്പികയും അത്രമാത്രം അതുകൊണ്ടുകഴിഞ്ഞു. ചെലവു വളരെയൊന്നുമില്ല.

കണ്ട:— ഉപദ്രവം എതുവഴിക്കുള്ളതാണെന്നു മനസ്സിലായോ?

കണ്ട:—റാൻ. അതു സംശയിപ്പാനുണ്ടോ. വിമാനം വഴിക്കാണെന്നു പ്രത്യക്ഷമല്ലേ? അടിയൻ ഇതിനു മുമ്പിങ്ങിനേയുള്ള അനാവധിമണിമറുതാക്കളെ ഉച്ചാടനം ചെയ്തിട്ടുണ്ട്. അടിയനിതൊന്നും പുത്തരിയല്ല.

കണ്ട:— സന്തോഷമായി. എന്നാൽ വേണ്ടതിനൊക്കെ ഒരുചാർത്തെഴുതു. അടുത്തദിവസംനടത്തിക്കളയാം.

അനന്തരം കണ്ടശ്ശാരുടെ ഉത്തരവനുസരിച്ചുകണ്ട ഒരുചാർത്തെഴുതി താഴെക്കാണുന്നവിധം വായിച്ചു കേൾപ്പിച്ചു.

| | | | |
|---|---|---|---|
| കരിങ്കോഴി. | ൨. | കൈയ്ത്തിരി. | ൧൦൧. |
| പുടവ. | ൧. | കോയ്ത്തിരി. | ൧൦൧. |
| മുണ്ടു. | ൨. | പന്തം. | ൪൧. |
| വെള്ളിച്ചക്രം. | ൧൦൧. | നാളികേരം. | ൧൨. |
| കരിക്കു. | ൬. | മൺകുടം. | ൨. |

പലതരംപുഷ്പങ്ങൾ, വറപൊടിമുതലായഉപകരണങ്ങളെ ഞാനിവിടെ ഉദ്ധരിച്ചു വായനക്കാരെ വിരസതയ്ക്കു വിധേയരാക്കുന്നില്ല.

കണ്ട:— ഇതിൽ കുറയ്ക്കാവുന്നതൊന്നുമില്ലേ?

കണ്ട:— ഒന്നുമില്ലേ. നിർബന്ധമാണെങ്കിൽ കൈയ്ത്തിരി കോയ്ത്തിരി ഇവയുടെഎണ്ണം അല്പം കുറയ്ക്കാം.

കണ്ടശ്ശാ:—മററന്നാൾ പൊവ്വാഴ്ച മന്ത്രവാദത്തിനു നല്ലദിവസമാണ്. കണ്ട അന്നുതന്നെ വരണം അമാന്തിക്കരുത്.

കണ്ട:—റാൻ; അടിയൻ നേരത്തെ വിടകൊണ്ടുകൊള്ളാം.

അനന്തരം കണ്ടശ്ശാരാൽ സമ്മാനിക്കപ്പെട്ടപണപ്പൊതിയും വാങ്ങിക്കൊണ്ടു കണ്ട പുറപ്പെട്ടു. കണ്ടശ്ശാർ അന്നുതുടങ്ങിത്തന്നെ സംഭാരങ്ങൾ ശേഖരിച്ചുതുടങ്ങി. നിശ്ചിതദിവസം നേരത്തേതന്നെ കണ്ടയും ഭൃത്യന്മാരും വന്നെത്തി. സമയം തെററാതെതന്നെ സമീപസ്ഥന്മാരും ബന്ധുക്കളും കണ്ടശ്ശാരുടെ ഗൃഹത്തിൽ ചെന്നെത്തി.

കണ്ട, വറപൊടി പുഷ്പങ്ങൾ നെല്ല് മുതലായവകൊണ്ടു ചില ക്രിയകളും കരിങ്കോഴിയെ കുളിപ്പിച്ചുകൊണ്ടു "കോഴി തൻമൂലംചൊല്ലാം"എന്നാദിയായ മന്ത്രോച്ചാരണങ്ങളും ഹോം, ഹ്രീം. ഹ്രം. എന്നു ചില അട്ടഹാസവും ആരംഭിച്ചു കുക്കുടക്രന്ദനവും കണ്ടുയുടനെ അട്ടഹാസവും പന്തംകൊണ്ടുള്ള ഉഴിച്ചിലും മററുംകൊണ്ടു പിണിയാളും തുള്ളിത്തുടങ്ങി. മന്ത്രവാദിക്കും കാണികൾക്കും ഉത്സാഹംവർദ്ധിച്ചു. കണ്ട സത്യവാചകം ഉച്ചരിപ്പിക്കാനുള്ള തുടക്കങ്ങളുംതുടങ്ങി.

കണ്ട:—ആരാണ്? സത്യം പറയണം വിമാനംവഴിയൊ? മറുതാവഴിയൊ? സത്യം സത്യംപറയണം.

കണ്ടയുടെ ആവർത്തനച്ചോദ്യങ്ങളുടെ ആധിക്യംമൂലം പിണിയാൾ "അതേ"എന്നുച്ചരിച്ചു.

കണ്ട:— വിമാനംവഴിയല്ലേ?

പിണി:— അതേ. അതേ.

കണ്ട:— ഒരുവിളക്കെടുത്തു കൈയിൽ കൊടുക്കു. ചൊല്ലു സത്യം. പൊന്നാണോ. വിളക്കാണോ. എന്നാണോ. എറവുമാന്തർ ദേവനാണോ. കൊടുങ്ങല്ലൂർ

ഭഗവതിയാണ ഞാൻ ഈ ദേഹത്തേലും ദേഹിയേലും നാലാമടത്തും മേലാൽ ബാധിക്കുന്നതല്ല സത്യം. സത്യമേ സത്യം"

ഈ വാചകം പിണിയാളും ഉച്ചരിച്ചു കാത്തുവിന്റെ കലിയുമടങ്ങി. കണ്ടപ്ലാർക്കും കാണികൾക്കും കൗതുകവുമായി.

കണ്ടയുടെ ആർപ്പും വിളിയും വിളക്കും പന്തവും കോലാഹലവും മൂലമോ എന്തോ അന്നു മണിമരുത വരികയുണ്ടായില്ല. കണ്ട പിറേറന്നുരാവിലെ യാത്രപറഞ്ഞുപിരിഞ്ഞു. ഉദ്ദേശം നാല്പതോളം ഉറുപ്പികയുടെവക അവനു കിട്ടി.

അന്നും അതിനടുത്ത രണ്ടുദിവസവും കഴിഞ്ഞു. മണിമരുത വന്നില്ല എല്ലാവർക്കും സന്തോഷവും കണ്ടയെക്കുറിച്ചു ബഹുമാനവുമുണ്ടായി. കഷ്ടമെ നാലാം ദിവസം രാത്രിയിൽ പതിവുപോലെ മണിനാദം കേട്ടുതുടങ്ങി. പിണിയാൾ തുള്ളല് തുടങ്ങി. കല്യാണിയമ്മ കരഞ്ഞുതുടങ്ങി. കണ്ടപ്ലാർ കരഞ്ഞുതുടങ്ങി. വിവരം ഗ്രഹിച്ചു കണ്ട പിന്നെ കണ്ടപ്ലാരുടെ പടിയേ നടന്നിട്ടില്ല.

ദിവസങ്ങൾ പിന്നേയും കുറേകഴിഞ്ഞു. കളപ്പുരയ്ക്കൽക്കാരുടെ കഷ്ടതയ്ക്കു പിന്നേയും കുറവുകണ്ടില്ല. കളപ്പുരയ്ക്കൽ ഭവനത്തിന്റെ സമീപത്തുതന്നെ ഒരു പഴയ ക്രിസ്ത്യൻ ദേവാലയമുണ്ടായിരുന്നു. കത്തനാർ കുന്നിക്കയാ ഈ വിവരം എങ്ങിനെയോ ആ പള്ളിയിലെ വികാരി ശ്രവിച്ചു. അയാൾ കണ്ടപ്ലാരെ ആളയച്ചുവരുത്തി സംഗതി ഗ്രഹിച്ചു.

കത്ത:- കണ്ടപ്ലാരേ! അവിടുത്തെ ഉപദ്രവം ഞാൻ നിറുത്തിത്തരാം. പക്ഷേ ഒരു കാര്യം.

കണ്ട:- വളരെ സന്തോഷം കത്തനാരെന്തുവേണമെങ്കിലും പറഞ്ഞോളു തരാൻ സമ്മതമാണ്.

കത്ത:- അങ്ങനെ ഉറച്ചോ.? വാക്കു മാറരുത്.

കണ്ട:- ഇല്ല. ഉറച്ചു.

കത്ത:- പള്ളിവാതുക്കൽതാഴെയുള്ള നിങ്ങളുടെവക പാറപ്പുറത്തുനിലം പത്തുപറ പള്ളിവാതുക്കൽ വക്കിയുടെപേർക്കു തീറെഴുതണം. ഉപദ്രവം തീർന്നില്ലെങ്കിൽ തിരിയെത്തരാം. എന്നെ വിശ്വാസം പോരെങ്കിൽ രണ്ടോ നാലോ പേരെ ജാമ്യവും തരാം.

കണ്ടപ്ലാരൊന്നുഞെട്ടി. കത്തനാരിങ്ങനെ ആവശ്യപ്പെടുമെന്ന് ആ ശുദ്ധാത്മാവു ലേശം വിചാരിച്ചില്ല. വാക്കു വ്യത്യാസം വരുത്തുവാൻ വൈമനസ്യവുമുണ്ട്. ഗത്യന്തരമില്ലാതെ ഒടുവിൽ സമ്മതിച്ചു. പ്രായമാകുമ്പോൾ കത്തനാരുടെ ശ്രമം കൈക്കൊള്ളുന്ന വക്കിയുടെപേർക്കുതന്നെ കണ്ടപ്ലാർ അടുത്ത ദിവസം നിലം പത്തുപറയും തീറെഴുതി.

കത്തനാർ ഏഴുദിവസത്തെ അവധിയാണു വാങ്ങിയിരുന്നത്. അതിൽ മൂന്നുദിവസം കഴിഞ്ഞു ഒരു ദിവസം കണ്ടപ്ലാർ അത്താഴവും കഴിഞ്ഞു ഭാര്യവീട്ടിൽ പോവാൻ തയാറായി മുറുക്കിക്കൊണ്ട് ഉമ്മറപ്പടിമേൽ ഇരിക്കയായിരുന്നു. അപ്പോൾ മരുതായുടെ മണിനാദം മുഴങ്ങിത്തുടങ്ങി. അല്പം കഴിഞ്ഞപ്പോൾ തെക്കുവശത്തൊരു വെടിപൊട്ടുന്ന ശബ്ദംകേട്ടു. കണ്ടപ്ലാർ അവിടേക്കു പാഞ്ഞെത്തി. ഉടനേ, ഠോ! എന്നൊന്നുകൂടിപ്പൊട്ടി. മരുത മണിയും കിലുക്കിക്കൊണ്ടു ചക്കവെട്ടിവീഴുന്നതുപോലെ ഒരു പനയുടെ കപ്പിൽനിന്നു താഴെവീണു. കണ്ടപ്ലാർ പരിഭ്രമിച്ചു പിന്നോക്കം പാഞ്ഞു കത്തനാർ വിളിച്ചുവരുത്തി. മണിമരുതയുടെസ്ഥാനത്തു മണികെട്ടിയ ഒരു മരപ്പട്ടിയെയാണപ്പോൾകണ്ടത്. കണ്ടപ്ലാർ വിസ്മയംകൂറി. പിന്നെ ഉപദ്രവം ഉണ്ടായതുമില്ല.

പള്ളിയുടെ ഇരുട്ടടഞ്ഞ ഒരു തട്ടിമ്പുറത്തുനിന്നു തട്ടിയെടുത്ത മരപ്പട്ടിയുടെ മാറത്തു മണികെട്ടി മറികടത്തിയിരുന്നു. അന്നു മാപ്പിളമാർ മാംസമെന്നു കേട്ടാൽ മാനംകൊണ്ടു മാനത്തുകയറുന്ന കാലമായിരുന്നു. അതിനാൽ ആ ജന്തുവിനു ഹാനി നേരിട്ടില്ല. ഈ വിവരം കത്തനാരറിഞ്ഞിരുന്നു. കളപ്പുരയ്ക്കൽ ഒരു സർപ്പക്കാവും ധാരാളം ഫലവൃക്ഷങ്ങളുമുണ്ടായിരുന്നു. അതായിരുന്നു മണിമരുത അവിടെ സഞ്ചരിക്കാൻ കാരണം. കത്തനാരുടെ ആക്കൌണ്ട് പത്തുപറ നിലം മിച്ചം. കണ്ടപ്ലാരുടെ പട്ടിയ്ക്കു മരപ്പട്ടിമാംസവും ആദായം. എന്താണതു പോരേ.

---

വാദ്ധ്യാർ:-കുട്ടൻ! പുസ്തകം കീറിയോ?

കുട്ട:-ഇല്ല, സാർ!

(ഇങ്ങനെ പല ദിവസവും വാദ്ധ്യാർ ചോദിക്കുന്ന പതിവുണ്ട്) പിന്നൊരു ദിവസം,

വാദ്ധ്യാർ:-കുട്ടാ! പുസ്തകം കീറിയോ?

കുട്ടൻ:-കീറി സാർ!

(വാദ്ധ്യാർ ദേഷ്യപ്പെട്ട് ഒന്നു തല്ലി.)

കുട്ടൻ:—എന്നും സാർ കീറിയോ കീറിയോ എന്നു ചോദിച്ചതെന്തിന്?

# ബഹുരസം.

മജിസ്ട്രേട്ട്:—(പ്രതിയോടു) നിന്നെ ഞാൻ ശിക്ഷിക്കുവാൻ പോകുന്നു. നിനക്കു വല്ലതും പറയുവാനുണ്ടോ?

പ്രതി:—യജമാനനെ! എൻെറ വക്കീലിൻെറ വിവരമില്ലായ്മയെ ആലോചിച്ചിട്ടെങ്കിലും എനിക്കു മാപ്പു തരണെ.

*　*　*

കുട്ടി:—മഠത്തിലിരിക്കുന്ന ഗണപതിരൂപം സംസാരിക്കുമോ?

അച്ഛൻ:—മകനെ! നിനക്കു ഭ്രാന്തുണ്ടോ?

കുട്ടി:—ഇല്ലച്ഛാ! അവിടത്തെ സ്വാമി, ഗണപതി എന്നു വിളിച്ച മാത്രയിൽതന്നെ വിളി കേട്ടതുകൂടാതെ എന്തോ പറയുന്നതും കേട്ടു.

അ:—അതു ശരി. അദ്ദേഹത്തിൻെറ മകൻെറ പേരും ഗണപതി എന്നാണു്.

*　*　*

ഒരാൾ വേറൊരാളോടു്:—എടൊ! താൻ ഇതുവരെ പറഞ്ഞിട്ടുള്ള നുണകളിൽവെച്ചു ഏററവും വലിയ ഒരു നുണ പറഞ്ഞാൽ ഞാൻ തനിക്കു ഒരു ഉറുപ്പിക ഇനാം തരാം.

മ. ആൾ:—ഹാ! നിങ്ങളെപ്പോലെ ഒരു സത്യസന്ധൻ ഇതുവരെ ഭൂമിയിൽ ജനിച്ചിട്ടില്ല.

*　*　*

വാദ്ധ്യാർ:—കുട്ടി! സ്ലേററിൻെറ ഇരു വശങ്ങളിലും നിറയെ പാഠം എഴുതീട്ടുണ്ടോ?

കുട്ടി:—സാർ! എഴുതീട്ടുണ്ടു്.

വാദ്ധ്യാ:—(സ്ലേററു വാങ്ങി നോക്കിയിട്ടു്) ഇതു പോരാ. ഇനിയും എഴുതണം.

കുട്ടി.—ഒരു സ്ലേററുകൂടി വാങ്ങിച്ചു തരണമെന്നു പറഞ്ഞാൽ അച്ഛൻ എന്നെ തല്ലും.

*　s　*

വളരെകാലമായി തമ്മിൽ കണ്ടിട്ടില്ലാത്ത രണ്ടു സ്ത്രീകൾ ഒരിക്കൽ കണ്ടുമുട്ടിയപ്പോൾ ഒരു സ്ത്രീ മറെറാസ്ത്രീയോടു്:—

ആ രാമൻനായർ എന്നെ കല്യാണം കഴിക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ടു പലപ്പോഴും വന്നു. അതിന്നു ഞാൻ അയാളെ കഠിനമായി ശിക്ഷിച്ചു.

മറെറസ്ത്രീ:—എന്താണു് ആ ശിക്ഷ?

സ്ത്രീ:—ഞാൻ അയാളെത്തന്നെ കല്യാണം കഴിച്ചു.

*　*　*

ഒരു രോഗിയോടു കാണ്മാൻചെന്ന ഒരാൾ:—എന്തിനാണു സങ്കടപ്പെടുന്നതു എല്ലാവരും ഒരിക്കൽ മരിക്കും. അതു വിചാരിച്ചു വിഷാദിച്ചിട്ടു ഫലമില്ല.

രോഗി:—അതുകൊണ്ടുതന്നെയാണു എനിക്കു അധികം സങ്കടം. അമ്മാവൻ പ്രാരംഭം മരിച്ചുവെങ്കിൽ എനിക്കു സങ്കടമുണ്ടാവില്ലായിരുന്നു

*　*　*

ഡ്രായിംഗ് മാസ്റ്റർ:—കുട്ടികളെ! ബോർഡിൽ നോക്കി വരയ്ക്കണം.

കുട്ടി:—സാർ! എങ്ങിനെ വരച്ചാലെന്തു? അതുപോലെ ഒത്താൽ പോരയോ?

ഡ്രാ. മാ:—അതു മതി, പക്ഷെ നിങ്ങൾ വരയ്ക്കുന്നതു ഒക്കുന്നില്ലെന്നേയുള്ളു.

കുട്ടി:—എന്നാൽ ഞാൻ ഒരു പടം വരയ്ക്കാം. അതുപോലെ സാർ ഒന്നു വരയ്ക്കണം. ഒക്കുന്നതു കാണാമല്ലൊ.

*　*

ഒരു വലിയ മുഖക്കണ്ണാടിയുടെ മുമ്പിൽ കണ്ണു മൂടിക്കൊണ്ടിരിക്കുന്ന ഒരാളോടു് വേറൊരാൾ—ഹെ! കണ്ണാടിയുടെ മുമ്പിൽ കണ്ണു ചിമ്മിക്കൊണ്ടിരിക്കുന്നതെന്താണു്?

ആൾ:—ഒന്നുമല്ല. ഞാൻ ഉറങ്ങുമ്പോൾ എൻെറ മുഖം എങ്ങിനെ ഇരിക്കുമെന്നു നോക്കുകയാണു്.

*　*　*

അമ്മ:—മകളേ! നീ എന്തിന്നു കരയുന്നു?

കുട്ടി:—അമ്മേ! ഞാനിനി ജീവിച്ചിരുന്നിട്ടു ഫലമില്ല

അമ്മ:—എന്തു്? കാരണം പറയു.

കുട്ടി:—(കരച്ചിൽ നിറുത്തീട്ടു്) ഞാൻ തലമുടി ചീകിയ അവസരത്തിൽ സ്വല്പം കേശരഞ്ജിനായിൽ മുഖത്തു പിരണ്ടുപോയി

അമ്മ:—അതിനെന്താ, മകളെ?

കുട്ടി:—ഞാൻ കരടിയായിപ്പോകുമല്ലൊ.

*　*　*

വളരെക്കാലം വക്കീൽപ്രവൃത്തിനോക്കി ഒടുവിൽ വാദ്ധക്യനിമിത്തം സ്വസ്ഥനായിരിക്കുന്ന ഒരാളോടു് ഒരു സ്നേഹിതൻ:—സാറെ! കോടതികളിലെ വിധിയെല്ലാം സത്യപ്രകാരംതന്നെ ആയിരിക്കും. അല്ലെ?

വക്കീൽ:—ഞാൻ ഇട്ടിരിക്കുന്ന ഈ കുപ്പായം നിങ്ങളുടെതാണെന്നും ഉടനെ തരാഞ്ഞാൽ എൻെറപേരിൽ കേസ്സ് കൊടുക്കുമെന്നും നിങ്ങൾ പറയുന്ന പക്ഷം ഞാൻ യാതൊരു മടിയുംകൂടാതെ കുപ്പായം അഴിച്ചു നിങ്ങൾക്കു തരും. എന്തെന്നാൽ നിങ്ങൾ എൻെറപേരിൽ കേസ്സ് കൊടുത്താൽ എൻെറ ഈ കോട്ടോടുകൂടി ഷർട്ടും നിങ്ങൾക്കു തരേണ്ടതായി വരും.

*　*

ഒരാൾ (ഒരു യുവതിയോട്):- പ്രിയെ! എനിക്കു നിന്നിലുള്ള പ്രേമം നിഷ്കളങ്കമായിട്ടുള്ളതാണ്. നീ എന്നെ വിവാഹംകഴിക്കാതിരുന്നാൽ നിശ്ചയമായും ഞാൻ തൂങ്ങിമരിക്കും.

സ്ത്രീ:--എന്നാൽ ആ വിധം പ്രവർത്തിച്ചു നിങ്ങൾക്കു എന്നിലുള്ള സ്നേഹം വെളിപ്പെടുത്തുക. എന്നിട്ടു ഞാൻ നിങ്ങളെ കല്യാണംകഴിക്കാം.

* * *

തന്റെ ഭാര്യയുടെ സൌന്ദര്യപ്പിണക്കത്തിന്റെ കാരണമറിയാതെ വിഷമിച്ച

ഒരു രസികൻ:—(ഭാര്യയോട്) എന്റെ തങ്കമല്ലേ നീ. നിന്നെപ്പിരിഞ്ഞു ഞാൻ ഒരു നാഴികപോലും എങ്ങിനെ കഴിച്ചുകൂട്ടും?

ഭാര്യ:- നല്ല ആൾ. ഇന്നലെ ആലപ്പുഴയ്ക്കു ഒരത്യാവശ്യക്കാര്യമുണ്ടെന്നു പറഞ്ഞു ഇവിടുന്നു പോയതു എങ്ങോട്ടേയ്ക്കാണ്? ഇതൊന്നും ആരും അറിയില്ലെന്നു വിചാരിച്ചോ? പെണ്ണുങ്ങളെ അത്ര പൊട്ടികളാക്കേണ്ടാ.

* * *

ഒരാൾ (സ്നേഹിതനോടു):- ഈയിടെ ഒരു തോണി മറിഞ്ഞു എന്റെ പത്തു സ്നേഹിതന്മാർ ആ അപകടത്തിൽപ്പെട്ടു മരിച്ചു. ഞാൻ മാത്രം രക്ഷപ്പെട്ടു

മറ്റൊരാൾ:— നിങ്ങൾ രക്ഷപ്പെട്ടതെങ്ങിനെ.

ആൾ:—ഞാൻ അന്നൊരാന്നിച്ചു ആ തോണിയിൽ പോയില്ല. അതുതന്നെ.

* * *

വാദിവക്കീൽ:-(പ്രതിഭാഗം സാക്ഷിയോട്) ഈ വടി അടിക്കുന്ന സമയം പ്രതിയുടെ കയ്യിലുണ്ടായിരുന്നു. ഇല്ലേ?

സാക്ഷി:- അടിച്ചില്ല. വടികണ്ടില്ല.

വക്കീൽ-: മതിമതി (മജിസ്ട്രേട്ടിനോട്) പ്രതി അടിക്കുന്നസമയം ഈ വടി ഉണ്ടായിരുന്നു. ഇതുകൊണ്ടുതന്നെയാണ് അടിച്ചതു്.

സാക്ഷി:- (ബദ്ധപ്പാടോടു കൂടി) ഇല്ല. ഇല്ലേജമാനരേ! അടിച്ചില്ല; വടിയുണ്ടായിരുന്നുമില്ല.

മജിസ്ട്രേട്ട്:-(തന്റെ നയനങ്ങളെ തുറിപ്പിച്ചു് ആനക്കൊമ്പൻമീശ പിരിച്ചു വളച്ചു്) എന്തെടാ- നിനക്കെന്തെടാ കോടതിയിൽ കാര്യം? ഇനി ശബ്ദിക്കരുതു്.

* * *

ഹെഡ്മാസ്റ്റർ:— ഇനി ഖദറും ഗാന്ധിത്തൊപ്പിയും മററും ധരിച്ചുകൊണ്ടു വന്നാൽ ക്ലാസ്സുകയററം ഇക്കൊല്ലവും തൊപ്പിയാണ്.

വിദ്യാർത്ഥി:— ഇക്കൊല്ലവും തരുന്ന തൊപ്പിയെങ്കിലും ഗാന്ധിത്തൊപ്പിയായിരുന്നാൽ വലിയ ഉപകാരമായി.

* * *

ഒരു വാച്ച് റിപ്പേയററോടു. ഒരാൾ ഒരു വാച്ചു് നേരാക്കുവാൻ കൊടുത്തിട്ടു:— ഹെ! ഇതു് നേരാക്കുവാൻ എന്തു തരണം?

റിപ്പേയറർ:—ഇതു നേരാക്കിത്തരണമെങ്കിൽ ഇതിന്റെ വിലയിൽ ഇരട്ടി തരണം.

ആൾ:— ഓ. വിരോധമില്ല. എത്രയായാലും വേണ്ടില്ല.

റിപ്പേ: – ആട്ടെ നിങ്ങൾ ഇതിനു എന്തുകൊടുത്തു?

ആൾ:—അതിന്റെ ഉടമസ്ഥന്റെ ചെകിട്ടത്തു് രണ്ടുകൊടുത്തു വാച്ചു് പിടുങ്ങിക്കൊണ്ടുവന്നു.

* * *

എങ്ങോട്ടോ യാത്രയ്ക്കു തിരിച്ച രണ്ടു ബ്രാഹ്മണർ ഭാണ്ഡമെല്ലാം കൂടെ വന്ന ശിഷ്യന്റെ വശം ചുമക്കുവാൻ ഏല്പിച്ചു. അനന്തരം അവരിൽ

ഒരാൾ:-നാണുവിനിപ്പോൾ ഒരു കഴുതയുടെ ചുമടുണ്ടല്ലൊ

നാണു:-അല്ല, തിരുമേനി! രണ്ടു കഴുതയുടെ ചുമടുണ്ടു്.

* * *

ഒരാൾ ഒരു ചായക്കടയിൽചെന്നു ഒരു കപ്പ് ചായ വാങ്ങിക്കുടിച്ചു. വീണ്ടും ഒരു കപ്പ് കൊണ്ടുവരുവാൻ പറഞ്ഞു-

ചായക്കടക്കാരൻ:—സാറെ. ഇനി നിങ്ങൾക്കു വേണ്ടതു എന്താണ്. ചായയൊ കാപ്പിയൊ.

ആൾ:-ഇനിക്കു ഒരുമാററംവേണം ഇപ്പോൾ തന്നതു ചായയാണെങ്കിൽ കാപ്പി തരൂ കാപ്പിയാണെങ്കിൽ ചായ കൊണ്ടുവരൂ.

* * *

ഒരു വൃക്ഷച്ചുവട്ടിൽകിടക്കുന്ന ഒരാളോടു് സ്നേഹിതൻ.-എടൊ! താൻ ഉറങ്ങുകയാണൊ?

ആൾ:-അല്ല. വെറുതെ കിടക്കയാണ്.

സ്നേ:-എന്നാൽ എനിക്കു ഇപ്പോൾ ഒരുറുപ്പിക വേണം, നാളെ മടക്കിത്തരാം ഉണ്ടെങ്കിൽ തരൂ.

ആൾ:-ഹെ. ഞാൻ ഉറങ്ങുകയാണ്. എന്നെ ഉപദ്രവിക്കരുതു്.

* * *

ഒരാൾ വഴിയിൽ കണ്ട വേറൊരാളോടു്:—ഹെ! ഞാൻ നിങ്ങളെ മുമ്പു എവിടെവച്ചൊ കണ്ടിട്ടുള്ളപോലെ തോന്നുന്നു. എവിടമാണെന്നു നല്ല ഓർമ്മയില്ല.

ആൾ:-ഓ കണ്ടിരിക്കാം. കഴിഞ്ഞ ഇരുപതു കൊല്ലക്കാലം ഞാൻ സെൻട്രൽജെയിലിലെ ഒരു വാർഡർ ആയിരുന്നു. ഒരുപക്ഷെ അവിടെവെച്ചായിരിക്കാം.

* * *

ഒരാൾ ഒരു ചിത്രമെഴുത്തുകാരനോട്:— സാറെ! എന്റെ ഒരു പടം വരച്ചുതരണം.

ചിത്ര:—വരച്ചുതരാം. ഏതുമാതിരിയാണ് വരച്ചുതരേണ്ടതു്.

ആൾ:—ഒരു വലിയ മതിലിന്റെ മറുഭാഗത്തു ഞാൻ നില്ക്കുന്നപോലെ വരയ്ക്കണം.

*　　*　　*

ആംഗ്ലേയഭാഷാ പരിജ്ഞാനിയായ ഒരാളുടെ അടുക്കൽ തൽ ഭാഷാപരിചിതനല്ലാത്ത

ഒരുവൻ:—ഹേ, സാർ! എനിക്ക് ഇംഗ്ലീഷിൽ ഒരു എഴുത്തെഴുതിത്തരണം.

ഇംഗ്ലീഷറിയാവുന്നവൻ:—എനിയ്ക്കു കാലിനു സുഖമില്ലാത്തതുകൊണ്ടു് ഇപ്പഴത്തേയ്ക്കു അക്കാര്യം കുറച്ചു പ്രയാസത്തിലാണ്.

മററവൻ:—ഹേ! കാലുകൊണ്ടല്ലല്ലൊ എഴുത്തെഴുതുന്നതു്?

ഇം. പരിജ്ഞാനി:—ഞാനെഴുതുന്ന എഴുത്തു ഞാൻ തന്നെ വന്നാലേ വായിക്കാൻ സാധിക്കു. നടക്കാൻ വയ്യാത്തതുകൊണ്ടു് നിങ്ങളുടെ കൂടെ വരുവാൻ എനിയ്ക്കിപ്പോൾ സാധിക്കയില്ല.

*　　*　　*

വത്തമാനപ്പത്രം വായിച്ചുകൊണ്ടിരിക്കുന്ന ഒരാളെ അയാളുടെ ഭാര്യ നിശ്ശബ്ദമായി പിന്നിൽക്കൂടി ചെന്നു ഒന്നു ചുംബിച്ചു.

ഭത്താവു്:—(ദേഷ്യത്തോടുകൂടി) എന്താണിതു വായിച്ചുകൊണ്ടിരിക്കുമ്പോൾ ഉപദ്രവിക്കുന്നതു്?

ഭാര്യ:—അയ്യോ! ഇതു നിങ്ങളാണെന്നു ഞാൻ അറിഞ്ഞില്ല.

*　　*　　*

ഭിക്ഷു വഴിയാത്രക്കാരനോട്:—ഏമാനെ! എനിക്കു വല്ലതും തരണം.

യാത്ര:—മടക്കത്തിൽ തരാം.

ഭിക്ഷു:—ഓ. ഇങ്ങിനെയുള്ള കടക്കാരെക്കൊണ്ടു ഞാൻ തീരെ തോററു.

*　　*　　*

ഒരു കുട്ടി ഒരു ഷാപ്പിലെ കണ്ണാടിവാതിൽ കുത്തിപ്പൊട്ടിച്ചു ഓടിപ്പോകുമ്പോൾ ഷാപ്പുടമസ്ഥൻ കണ്ടു പിടിച്ചുനിത്തി:— എടാ! നീ ആ ജനലിലെ കണ്ണാടി കുത്തിപ്പൊട്ടിച്ചു ഓടിപ്പോകയാണല്ലെ?

കുട്ടി:—അയ്യോ! അതു അബദ്ധം പററിയതാണെ. അതിന്റെ വില തരുവാനായി പണം കൊണ്ടുവരാൻ വീട്ടിലേക്കു പോകയാണു ഞാൻ.

*　　*　　*

രണ്ടു സ്നേഹിതന്മാരിൽ ഒരാൾ മററ ആളോട്:— എടൊ! താൻ എന്തിനാണു ദിവസേന ഇങ്ങിനെ കള്ളു കുടിക്കുന്നതു്?

ആൾ:—അയ്യൊ! ഞാൻ ഇതുവരെ കള്ളു കുടിച്ചിട്ടില്ല. കള്ളുകുടിക്കുമ്പോൾ കാലത്തു എണീക്കുമ്പോൾ വലിയ ക്ഷീണവും തലചുററലും മററും ഉണ്ടാകുന്നു.

*　　*　　*

ഒരു യോഗ്യൻ നമ്പൂരിയോടു കടക്കാരൻ:— തിരുമേനി! പുതിയ ചരക്കുകൾ വന്നിരിക്കുന്നു. ഒന്നുമാവശ്യമില്ലെ?

നമ്പൂരി:—എന്തെല്ലാമാണ് കേൾക്കട്ടെ.

കട:—ഇരുമ്പുപെട്ടികളും മററും ധാരാളം.

നമ്പൂരി:—അതിനു വല്ല വിശേഷഗുണവുമുണ്ടോ? അന്തർജ്ജനങ്ങൾ വേണ്ടാ എന്നു വയ്ക്കുമോ? എന്നാൽ ഭാഗ്യമായി.

കട:—സാധാരണ ഒരു പൂട്ടിനു വേണ്ടതിൽ പകുതി വിറകു മതി ഈ അടുപ്പിന്.

നമ്പൂ:—നന്നായി. എന്നാൽ രണ്ടെണ്ണം കൊടുത്തു ഇല്ലത്തു അയച്ചേക്കു. രാമനെ അയക്കാം. രണ്ടെണ്ണമായാൽ വിറകൊട്ടും വേണ്ടല്ലോ.

*　　*　　*

തൂക്കിക്കൊല്ലുവാൻ വിധിച്ച ഒരു ജഡ്ജിയോടു പ്രതി:—ഏമാനെ! എനിക്കു ദേഹത്തിന്നു നല്ല സുഖമില്ല. അതിനാൽ തൂക്കിക്കൊല്ലാൻ കുറച്ചുദിവസത്തേക്കു നീട്ടിവെച്ചാൽ വേണ്ടില്ലെ.

*　　*　　*

രണ്ടു കുതിരസവാരിക്കാർ ഒരു ഹോട്ടലിൽ ഇറങ്ങി താമസിച്ചു. ഭക്ഷണാനന്തരം ഒരാൾ യാത്രക്കു ഒരുങ്ങി ആ ക്ലബ്ബിലെ ഭൃത്യനോടു തന്റെ കുതിരക്കു 'ജീനിയിട്ടു' കൊണ്ടുവരുവാൻ പറഞ്ഞു. രണ്ടു കുതിരകൾ ഉണ്ടായിരുന്നതിനാൽ ഏതാണു് ആയാളുടെതെന്നു ഭൃത്യനു അറിവുണ്ടായിരുന്നില്ല. എങ്കിലും തന്റെ അറിവില്ലായ്മ അയാൾ അറിയരുതെന്നുകരുതി രണ്ടു കുതിരക്കും ജീനിയിട്ടു കൊണ്ടുവന്നു നിത്തി. അപ്പോൾ യാത്രക്കാരൻ ഒരു കുതിരയെ ചൂണ്ടിക്കാണിച്ചു. 'ഇതാണു് എന്റെ കുതിര' എന്നു പറഞ്ഞു. അപ്പോൾ ഭൃത്യൻ:— അതെനിക്കു അറിയാം. മററെ ആളുടെ കുതിര ഏതാണെന്നു എനിക്കു അറിയില്ല. അതാണു രണ്ടു കുതിരയെയുംകൊണ്ടു വന്നതു്.

—o—

## ഭാർഗ്ഗവി

“[illegible]കാവ്യം” എന്ന സാഹിത്യ[illegible] ആസ്പദമാക്കി എഴുതപ്പെട്ടിട്ടുള്ളതും, അവതാരികയോടു അടിക്കുറിപ്പുകളോടും ആയ ഒരു ഒന്നാന്തരം

## ബന്ധകാവ്യം

വില അണ ൩

ആവശ്യക്കാർക്കെല്ലാം മേൽവിലാസം:

എം. ആർ. കൃഷ്ണയ്യർ.
ബി. ഏ. എൽ. ടി.
അസിസ്റ്റന്റ് ഇൻസ്പെക്റ്റർ.
കൊല്ലം.

---

## സംഗീതരാജരംഗം

നവീനമായ ഒരു വിശിഷ്ട സംഗീതസ്വയംബോധിനി.

ഗ്രന്ഥകർത്താ എസ് രംഗനാഥയ്യർ,
വലിയകൊട്ടാരം ഭാഗവതർ.

ടി. ഗ്രന്ഥകർത്താവിനാൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള “ബാലാമൃതം” “സംഗീതരംഗം” ഈ ഗ്രന്ഥങ്ങളിൽ ഉൾപ്പെടാത്തതും ത്യാഗയ്യാദീക്ഷിതർ, പട്ടണം സുബ്ബയ്യർ, ക്ഷേത്രിയൻ മുതലായവരുടെ കൃതികളിൽനിന്നും പ്രത്യേകം തിരഞ്ഞെടുത്തു സ്വരപ്പെടുത്തി അച്ചടിച്ചിട്ടുള്ളതുമായ ഒന്നാംതരം കൃതികൾ.

സ്വാതിതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു കല്പിച്ചുണ്ടാക്കിയ “കുചേലഗോപാലം” എന്ന കൃതിയെ മലയാളഭാഷയിൽ ഹരികഥാകാലക്ഷേപം ചെയ്യത്തക്കവിധത്തിൽ രൂപപ്പെടുത്തി ഇതിൽ ചേർത്തിരിക്കുന്നു. ഇതിലെ എല്ലാകൃതികളും പ്രൌഢഗംഭീരങ്ങളും അതിമനോഹരങ്ങളും ഭക്തരസസമ്പൂർണ്ണങ്ങളുമാകുന്നു. അർത്ഥദീപികകൂടി പ്രത്യേകം ചേർത്തിട്ടുണ്ടു്.

പ്രകൃതി, വികൃതി സ്വരങ്ങളെ പ്രഥമദൃഷ്ടിയിൽ തിരിച്ചറിഞ്ഞു പ്രയോഗിക്കുന്നതിനു ഒന്നാംതരം താക്കോലായ ബ്ളാക്കുംസ്റ്റാറുമെന്റു ഒരോകൃതിയുടെയും തലക്കെട്ടിൽ ചേർത്തിട്ടുള്ളതു ഈ പുസ്തകത്തിന്റെ ഒരു പ്രത്യേകവിശേഷമാകുന്നു. താളങ്ങൾ ഗമകം. സ്ഥായി മാത്ര. അടി, വിരൽ എണ്ണങ്ങൾ വീച്ചരാഗം, ആരോഹണം മുതലായതുകൾക്കു പരിഷ്കാരരീതിയിൽ സംജ്ഞകൾ കാണിച്ചുംഇരിക്കുന്നു.

കട്ടികൂടിയ ഡിമ്മിക്കടലാസ്സിൽ അച്ചടിച്ചു ഉറപ്പായി ബയൻറുചെയ്തു ൨൦൦-വശങ്ങൾവരെയുള്ള ഈ വിശിഷ്ടഗ്രന്ഥത്തിന്റെ വില രൂ. ൪ അ ൮.

ശങ്കരനാരായണയ്യർ. “സംഗീതരംഗം” ആഫീസ്
ദീക്ഷിതർതെരുവു, കോട്ടയ്ക്കകം,
തിരുവനന്തപുരം.

## ഭാഗ്യദീപിക

—o—

സകലമതക്കാർക്കും തങ്ങളുടെ ഭാവിയെക്കുറിച്ചറിയാൻ സഹായിക്കുന്ന ഒരു ചെറിയ പുസ്തകം. ഓരോദിവസവും അന്നന്നു നടത്തേൻ പോകുന്ന കാര്യങ്ങളുടെ ഭവിഷ്യത്തു ഇന്നതാണെന്നു സൂക്ഷ്മമായി കാണിച്ചുകൊടുക്കുന്ന ഒരു ഗ്രന്ഥം ഇതുവരെ മലയാളത്തിൽ അശാസ്ത്രീയങ്ങളായ ഒന്നു രണ്ടു അനുകരണങ്ങളെയൊഴിച്ചു വേറെ ഉണ്ടായിട്ടുള്ളതായി ഞങ്ങൾക്കറിവില്ല. എന്നാൽ ഞങ്ങളുടെ പുസ്തകത്തിലുള്ളിടത്തോളം സംഗതിയും ഫലപ്രാപ്തിയുമില്ലാത്തതും മൂന്നും നാലും രൂപാ വിലയുള്ളതുമായ ചില അന്യഭാഷാഗ്രന്ഥങ്ങളിൽ കടലാസ്സിന്റെ മേനിമാത്രമേ കൂടുതലുള്ളു എന്നു ഞങ്ങൾക്കറിയാം. മലയാളികൾക്കു ഗ്രന്ഥപാരായണത്തിലുള്ള താല്പര്യത്തെയും എന്നാൽ അതിലേക്കുള്ള കോശസ്ഥിതിയുടെ ദൌർല്ലഭ്യവുമോർത്തുമാത്രമാണു ഞങ്ങൾ ഈ അപൂർവ്വഗ്രന്ഥത്തിനെ ഇത്തരം കടലാസിൽ അച്ചടിപ്പിച്ചു കേവലം ഒരു തുച്ഛവിലയായ ആറണയ്ക്കു വില്ക്കുന്നതു്.

തപാൽകൂലിപുറമേ.

മാനേജർ,
ലക്ഷ്മീവിലാസം ബുക്കുഡിപ്പോ.
കൈതമുക്കു്
തിരുവനന്തപുരം.

## സംഗീതനാടകങ്ങൾ

—o—

| | വില | അണ. |
|---|---|---|
| കോവിലൻചരിത്രം | ,, | ൧ |
| അല്ലിറാണിചരിത്രം | ,, | ൬ |
| സത്യവാൻ സാവിത്രി | ,, | ൧ |
| നല്ലതങ്കാൾചരിത്രം” | ,, | ൩ |

പാർസി, ഹിന്തുസ്ഥാനി, കർണ്ണാടകം, തെലുങ്കു, തമിഴ് മുതലായ വിവിധഗാനരീതികളും കാലോചിതമായും ലളിതമധുരമായുമുള്ള ഗദ്യങ്ങളും വിരുത്തങ്ങളും ചേർത്തു പരിഷ്കൃതസമ്പ്രദായത്തിൽ രചിച്ചിട്ടുള്ള പ്രസ്തുതപുസ്തകങ്ങൾ ആവശ്യമുള്ളവർ താഴെപ്പറയുന്ന മേൽവിലാസത്തിൽ എഴുതി അയയ്ക്കേണ്ടതാണു്.

പി. കെ. ശിവരാമപിള്ള,
കൊല്ലം—പരവൂർ.

—o—

PRINTED AND PUBLISHED BY S. S. CHETTIYAR AT THE V. V. PRESS, PARAVOOR, QUILON.

# വിദൂഷകൻ

രാജ്യതന്ത്രം തുടങ്ങിയ സർവതന്ത്രങ്ങളെയും പരിഹസിക്കുന്നതായി പ്രസിദ്ധപ്പെടുത്തുന്ന ഒരു മാസിക
ഉത്തമവിനോദമാസിക

വരിസംഖ്യ മുൻകൂർ.

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ഒരുകൊല്ലത്തേക്ക | ക. | ൩ | ൦ | ൦ | നാലുമാസത്തേക്ക | ക. | ൧ | ൦ |
| ആറുമാസത്തേക്ക | " | ൧ | ൮ | ൦ | ഇൻഡ്യക്കു പുറമെ | " | ൩ | ൮ |

പരസ്യങ്ങൾക്ക പരിശയപാത്രം. മുടങ്ങിയതിരക്ക് കൂടാതെ പിരിവിലേക്ക എഴുതുക.

മാനേജർ. വിദൂഷകൻ. കൊല്ലം—പറവൂർ.



അനാദിസിദ്ധമായ കേശവർദ്ധിനി

## മോഹിനികുന്തളതൈലം




ഈ തൈലത്തിന്റെ മനോഹരമായ പരിമളം എത്രയെന്നു പറഞ്ഞറിയിക്കാൻ കഴികയില്ല. സൗഗന്ധികപുഷ്പം മറ്റുമുള്ളവയെ മറ്റും അനാദി സുഗന്ധദ്രവ്യങ്ങളും ദിവ്യമൂലികാരസങ്ങളും ചേർത്തുണ്ടാക്കിട്ടുള്ള ഈ തൈലം തലമുടിയിൽ പുരട്ടിയാൽ അടുത്ത സ്ഥലമെല്ലാം ഇതിന്റെ വാസനകൊണ്ടുനിറയും. ഏറാവും മൃദുത്വവും മേന്മയും കറുപ്പും ഉള്ള തലമുടി തഴച്ചു വളരുന്നതിന് ഇതുപോലെ യാതൊരു തൈലവുമില്ല. അതിവേഗത്തിൽ വളരും ഇത്രവേഗത്തിൽ തലമുടിവളരുന്ന മറ്റൊന്നില്ല. തലച്ചോറിനുള്ള ചൂടും മാലിന്യവും തലമുടി പൊഴിച്ചിലും ഉടൻമാറും. കണ്ണിനു കുളിർമ്മയും മുഖത്തിന് ഐശ്വര്യവും തലയ്ക്കു ഓർമ്മയും ഏറാറാവും ഉണ്ടാകും. വളരെ അനുഭവമുള്ള ഈ തൈലം ഒരിക്കൽ മാത്രം വരുത്തി ആരും പരീക്ഷിക്കേണ്ടതാണ്. പതിവായി ഉപയോഗിക്കുന്നവർക്ക ശിരോരോഗങ്ങൾ തീർച്ചയായും ഉണ്ടാകുന്നതല്ല.

വില കുപ്പി ഒന്നക്ക രൂപാ ൧.

ഡസൻ ഒന്നിന്ന രൂപാ ൧൦

വീ പി. ചാർജ്ജ പ്രത്യേകം

മദ്രാസ് ജീവരക്ഷാമണി വൈദ്യശാല,

കൊട്ടൂരം.

☞ മറ്റ അനാദി മരുന്നുകൾ വില്പാൻ തയാറുണ്ട്. വലിയ കാറ്റലോഗിന്ന ആവശ്യമുള്ളവർ എഴുതി അയപ്പിൻ.

## ഇംഗ്ലീഷ്

കറസ്പോണ്ടൻസ് സ്കൂളിൽ

മൂന്നുവർഷത്തെ പഠിപ്പുകഴിഞ്ഞാൽ

### നൂറുരൂപാശമ്പളം

ഏഴാംക്ലാസാകെയെങ്കിലും പഠിച്ചിട്ടുള്ള സകലർക്കും ഇതിന്ന ശ്രമിക്കാം. ഏതാനും നല്ലതിന്നും ബുദ്ധിമുട്ടില്ലാതെ ചെയ്യാനൊരുക്കമുള്ളവർ മാത്രം ശ്രമിച്ചാൽ മതി. ആളുകൾ തങ്ങളുടെ ഒഴിവുള്ള വീട്ടിൽ താമസിച്ചു പഠിക്കാം. മൂന്നാംവർഷത്തെ പരീക്ഷ ഇവിടെ നടത്താമസിക്കണം. അതിൽ തൃപ്തികരമായിരുന്നാൽ വിജയിക്കുന്നവർക്ക ബ്രിട്ടീഷിൻഡ്യയിലൊ അന്യരാജ്യങ്ങളിലൊ നൂറുരൂപായിൽ കുറയാത്ത ശമ്പളം വാങ്ങിക്കൊടുക്കാമെന്നു ഞങ്ങൾ കരാറുചെയ്യുന്നു. ഈ വകുപ്പിൽ ഞങ്ങൾക്കാവശ്യമുള്ള വിദ്യാർത്ഥികൾ കിട്ടിക്കഴിഞ്ഞാൽ ഈ പരസ്യം ഉടൻ നിറുത്തുന്നതാണ്.

പി. വേലായുധൻപിള്ള. ബി. ഏ.

ആഫീസുമാനേജർ.

ഇംഗ്ലീഷ്കറസ്പാണ്ടൻസ്സ്കൂൾ,

തിരുവനന്തപുരം.

## ജ്യോതിഷവിലാസിനി

മുപ്പതിലധികം കൊല്ലക്കാലം ജ്യോതിഷാഭ്യസനത്തിനായി വ്യയംചെയ്ത മഹാപണ്ഡിതനും വടക്കെ തിരുവിതാംകൂർ ഒട്ടുക്ക അസാമാന്യജ്യോതിഷ വിദ്യാതപത്താൽ സുപ്രസിദ്ധനും ആയ ശ്രീമാൻ പകവളത്തു നാരായണൻനായർ അവർകളുടെ ആധിപത്യത്തിൽ നടത്തപ്പെടുന്ന ഒരുത്തമ മാസിക.

വരിസംഖ്യ ക-൮.

ആവശ്യപ്പെടേണ്ടും മേൽവിലാസം:—

പകവളത്തു നാരായണൻനായർ,

പുല്ലുവഴി, പെരുമ്പാവൂർ.